

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 91 • ലക്കം 11 • മെയ് 2019**

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ : ലോകദൈവവിളി സന്ദേശം 2019 ........ 07
സർക്കുലർ : ശ്രീലങ്കൻ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനം ........ 13
സർക്കുലർ : സമൃദ്ധമായ വിളവിന് കൃതജ്ഞതാദിനം ........ 16
സർക്കുലർ : അതിരൂപതാ ദിനം - 2019 ........ 19
സർക്കുലർ : പള്ളിയോഗങ്ങൾ: പ്രവർത്തനവും ചൈതന്യവും ........ 23
സർക്കുലർ : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമവാർഷികം .. 27
ജയ്പൂർ മിഷൻ സന്ദർശനം ........ 31
കച്ചേരിക്കാര്യം ........ 35
അതിരൂപതാദിന ഒരുക്ക പ്രാർത്ഥനാ വാരാചരണം ........ 37
അതിരൂപതാ കുട്ടനാട് പുനർനിർമ്മാണ പദ്ധതി ........ 40
പാസ്റ്ററൽ കൗൺസിൽ ........ 45
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 47
സന്ദേശനിലയം ........ 48
ചെറുപുഷ്പ മിഷൻലീഗ് ........ 53
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 55
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 58
യുവദീപ്തി ........ 60
കെ.സി.എസ്.എൽ. ........ 62
ചാസ് ........ 63
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 68
കേരളാ ലേബർ മൂവ്മെന്റ് ........ 69
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 71
ആത്മതാകേന്ദ്രം ........ 72
ഫ്രാൻസിസ്കൻ അല്മായസഭ ........ 74
വിൻസെൻഷ്യൻ വേദി ........ 76
അതിരൂപതാ മാനവവിഭവശേഷി ട്രസ്റ്റ് ........ 78
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 79
കരിസ്മാറ്റിക് നവീകരണം ........ 81
പൗരോഹിത്യ ആദ്ധ്യാത്മികത ........ 83
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 89
Engagements ........ 95

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# നാമഹേതുക തിരുനാൾ

## ആശംസകൾ



**വെരി റവ. ഡോ. ഫിലിപ്പ് വടക്കേക്കളം**

(സിഞ്ചെല്ലൂസ്)

Ref: 3189/K-5/KCBC/OL/DS 6 April 2019

# 2019 ലോകദൈവവിളി ദിന സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

### ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്തകാലത്ത്, മുപ്പത്തിനാലാം ലോക യുവജനദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോകദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടത്തോടു കൂടെയും അവിടത്തേക്കുവേണ്ടിയും അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി - വാഗ്ദാനം അപകടസാധ്യത എന്നിവയെപ്പറ്റി - ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷവിവരത്തിൽ കാണാം (മർക്കോ 1:16–20).

രണ്ടു ഇരട്ട സഹോദരന്മാരെ - ശിമയോനും അന്ത്രയോസും, യാക്കോബും യോഹന്നാനും - തങ്ങളുടെ അനുദിന തൊഴിലായ മീൻ

പിടുത്തത്തിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലിയിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതിശക്തികളെ വെല്ലുവിളിക്കേണ്ടി വന്നു. ചില ദിവസങ്ങളിൽ മീൻപിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി. എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല. ക്ഷീണിച്ചും നിരാശരായും കടൽത്തീരത്തേക്കു തിരിച്ചു പോകേണ്ടിവന്നു.

ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴിയിൽ മുന്നേറാനുള്ള പ്രത്യാശയുടെ ''കടൽ'' സഞ്ചാരം നടത്തുന്നു. സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ. ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം. അല്ലെങ്കിൽ വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഓരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപ്പറ്റി സുവിശേഷം പറയുന്നു. ഈശോ അടുത്തുകൂടെ കടന്നുപോകുന്നു, മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നുചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതുതന്നെ സംഭവിച്ചു: നമ്മൾ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽ കണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് ഈശോ ആ മീൻപിടുത്തക്കാരെ സമീപിച്ചു. ''അന്നു കർമങ്ങളുടെ മരവിപ്പിക്കൽ'' തകർത്തുകൊണ്ട് അങ്ങനെ ചെയ്തു (22-ാം സമർപ്പിത ജീവിത ദിനാഘോഷപ്രഭാഷണം, 2 ഫെ. 2018). അവിടന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു: ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും'' (മർക്കോ 1:17).

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ആക്രമിച്ചുകടക്കലല്ല. അത് ചുമക്കേണ്ടി വരുന്ന ''പെട്ടി''യോ ഭാരമോ അല്ല. നേരെ മറിച്ച് സ്നേഹപൂർണമായ തുടക്കമാണ്. അതുവഴി ദൈവം നമ്മെ കണ്ടുമുട്ടുകയും വലിയൊരു സംരംഭത്തിൽ പങ്കുകാരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു. അവിടന്ന് നമ്മുടെ കൺമുമ്പിൽ

കൂടുതൽ വലിയ കടലിന്റെ ചക്രവാളവും സമൃദ്ധമായ മീൻപിടിത്തവും തുറന്നുകാണിക്കുന്നു.

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന ജോലി കൊണ്ട് ബന്ധിതവും അതിന് അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിനജീവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ - വിവിധ വഴികളിലൂടെ - വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു നില്ക്കാതിരിക്കാനുള്ള ആഹ്വാനമാണ്. ഈശോ നമുക്കുവേണ്ടി അടയാളപ്പെടുത്തിയ - നമ്മുടെ സന്തോഷത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കും വേണ്ടി - വഴികളിലൂടെ ഈശോയെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭാവികമായി ഒരു തീരുമാനമെടുത്തുകൊണ്ട് അപകടസാധ്യത നേടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യന്മാർ ''പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടത്തെ പിന്തുടർന്നു'' (മർക്കോ 1:18). കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരിടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധിപ്പിക്കുന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതുമായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനിശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃതമായ ''സമുദ്രം'' കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയോ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് ആശ്രയിക്കണം.

ഒന്നാമതായി ക്രൈസ്തവജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിളി മാമ്മോദീസയിൽ നമ്മൾ എല്ലാ

വരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല പിന്നെയോ ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു: സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖരിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത് – പ്രത്യേകിച്ച്, ലിറ്റർജി യിലൂടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാശകളുടെ കൃപാ വരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥ നയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പി ച്ചിട്ടുണ്ട്. അവസാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയജീവിതത്തിലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതുകൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാ ക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവജീവിതം ആ തീരുമാനങ്ങളിൽ പ്രകാശം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ മാർഗ നിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. മിശിഹായിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരു മാനത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്ന പോലെ അത് ജോലിയോടും പ്രൊഫഷണൽ ജീവിതത്തോടും കൂടിയ താണ്. പരസ്നേഹത്തോടും ഐക്യദാർഢ്യത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പലതിനോടും കൂടിയ താണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി എന്നിവ യുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്രമല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാണ ത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈവരാജ്യത്തിന്റെ യഥാർത്ഥസാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീവിതത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ഉള്ള ദൈവവിളിയുടെ ആകർഷകത്വം അനുഭവപ്പെട്ടേക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെ ത്തലാണത്. അതേസമയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കു തോന്നും. സുവിശേഷത്തിനും സഹോദരീസഹോദരന്മാർക്കും

പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ. അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗമിക്കാനും നമ്മെ പൂർണമായി അവിടത്തേക്കു സമർപ്പിക്കാനും അവിടത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപകട സാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം. പ്രത്യേകിച്ച് വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമില്ലെന്നു തോന്നിപ്പോകുക. ''നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും'' സാധ്യതയുള്ള സാഹചര്യങ്ങളാണവ (വൈദികർ, സമർപ്പിതർ, അല്മായ പ്രസ്ഥാനങ്ങൾ എന്നിവരോടൊപ്പമുള്ള കുർബാനയിലെ പ്രഭാഷണം, പനാമ, 26 ജനുവരി 2019).

എന്നാലും സ്വജീവൻ കർത്താവിനുവേണ്ടി അപകടസാധ്യതയിലെത്തിക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വിളിക്കുനേരെ ചെവിയടയ്ക്കരുത്. ഈ വഴി പിന്തുടരാൻ അവിടന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടന്നിൽ വിശ്വസിക്കുക, ഭയപ്പെടരുത്. കർത്താവ് ചൂണ്ടിക്കാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താവിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജീവമാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടന്ന് വാഗ്ദാനം ചെയ്യുന്നുവെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ദൈവവിളി തിരിച്ചറിയുകയും ജീവിതത്തെ നേർവഴിക്കു നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് – വൈദികർ, സന്ന്യസ്തർ, അജപാലപ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃതസമർപ്പണമുണ്ടാകണം. യുവജനങ്ങൾക്ക് കേൾക്കാനും തിരിച്ചറിയാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജനശുശ്രൂഷയും വിളി വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്: സർവോപരി പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യകാരുണ്യാരാധന, ആധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനാമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകട

സാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. ‘‘സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളലായിരുന്നു അത്. അപകടസാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളൽ. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു: നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ? നടപ്പാക്കേണ്ട എന്തു വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്? മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മുന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻകൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരുത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം, പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാദിനത്തിൽ നമുക്ക് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹപദ്ധതി കണ്ടെത്താനും അവിടന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.

**വത്തിക്കാനിൽ നിന്ന് 31 ജനുവരി 2019**
**വിശുദ്ധ ജോൺ ബോസ്കോയുടെ ഓർമദിനം**
**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

Ref: 3190/K-5/KCBC/OL/DS 25.4.2019

# ദൈവകരുണയുടെ ഞായർ ശ്രീലങ്കൻ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിക്കുന്നതു സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈസ്റ്റർദിനത്തിൽ ശ്രീലങ്കയിലുണ്ടായ ഭീകരാക്രമണങ്ങളിൽ മൂന്നൂറ്റമ്പതിലേറെ മനുഷ്യജീവനുകൾ പൊലിഞ്ഞു. അനേകംപേർ പരുക്കേറ്റ് ആശുപത്രികളിൽ കഴിയുന്നു. അമ്പതിലേറെ കുഞ്ഞുങ്ങളും മരിച്ചവരിൽ ഉൾപ്പെടുന്നു എന്നത് ആക്രമണത്തിന്റെ കിരാതമുഖം വ്യക്തമാക്കുന്നു. മരണസംഖ്യ ഇനിയും ഉയരുമെന്നാണ് റിപ്പോർട്ടുകൾ. ശ്രീലങ്കൻ സഭ വിറങ്ങലിച്ചു നില്ക്കുകയാണ്. മതതീവ്രവാദികളുടെ മനുഷ്യവിരുദ്ധത ചാവേറായി രൂപം ധരിച്ച ഈ ഹീനകൃത്യം മനഃസാക്ഷിയുള്ള ഏവരെയും ഞെട്ടിച്ചിരിക്കയാണ്.

മൂന്നു ക്രിസ്ത്യൻ പള്ളികൾ, ആഡംബര ഹോട്ടലുകൾ, പാർപ്പിട സമുച്ചയം എന്നിങ്ങനെ എട്ടിടങ്ങളിലാണ് സ്ഫോടനം നടന്നത്. ശ്രീലങ്ക സന്ദർശിക്കാൻ എത്തിയ വിനോദസഞ്ചാരികൾ ഉൾപ്പെടെ പ്രാർത്ഥനയ്ക്കായി കുടുംബസമേതം എത്തിയവരാണ് സ്ഫോടനത്തിന്റെ ഇരകളായവരിലേറെയും. മരിച്ചവരിൽ പത്തോളം ഇന്ത്യക്കാരും ഉൾപ്പെടുന്നു. കൊളംബോയിലെ കൊച്ചിക്കാടെയിലുള്ള സെന്റ് ആന്റണീസ് കത്തോലിക്കാപള്ളി, നെഗോംബോ സെന്റ് സെബാസ്റ്റ്യൻസ് കത്തോലിക്കാപള്ളി, ബട്ടിക്കലോവ സിയോൻ പ്രൊട്ടസ്റ്റന്റ് പള്ളി എന്നീ ദൈവാലയങ്ങളിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്കിടെയായിരുന്നു സ്ഫോടനം നടന്നത്. പള്ളികൾ കൂടാതെ, ഈസ്റ്റർ ദിനത്തിൽ പ്രത്യേക പ്രഭാതവിരുന്നൊരുക്കി ആഘോഷങ്ങൾക്ക് തയ്യാറെടുത്തിരുന്ന ഹോട്ടലുകളും പാർപ്പിടസമുച്ചയവും ആക്രമണത്തിനു വേദികളായി. അന്താരാഷ്ട്ര ഭീകരസംഘടനയായ ഐഎസുമായി ബന്ധമുള്ള നാഷണൽ തൗഹീദ് ജമാത്ത് എന്ന മുസ്ലീം സംഘടനയാണ് ഭീകരാക്രമണത്തിനു പിന്നിലെന്നാണ് ശ്രീലങ്കൻ സർക്കാർ വ്യക്തമാക്കുന്നത്.

മരണത്തിന്മേലുള്ള ജീവന്റെ വിജയം ക്രിസ്ത്യാനികൾ ആഘോഷിക്കുന്ന ഉയിർപ്പുതിരുനാൾദിനം തന്നെ ഭീകരർ ആക്രമണത്തിനു തിരഞ്ഞെടുത്തു എന്നതും പ്രത്യേകം ശ്രദ്ധാർഹമാണ്. സ്നേഹത്തിന്റെയും ക്ഷമയുടെയും പര്യായമായ യേശുക്രിസ്തുവിന്റെ ദിവ്യോപദേശങ്ങൾ ജീവിതപ്രമാണമാക്കുന്ന ക്രൈസ്തവർ ആത്മസംയമനം

പാലിക്കുകയും പ്രത്യാശ കൈവിടാതെ ഈ ദുരന്തത്തെ നേരിടുകയും ചെയ്യേണ്ടതാണ്. എങ്കിലും ദൈവസന്നിധിയിൽ നമ്മുടെ കണ്ണീർക്ക ണങ്ങൾ തടഞ്ഞുനിറുത്താൻ നമുക്കാവില്ലല്ലോ. ദൈവകരുണയുടെ ഞായറായി സഭ ആചരിക്കുന്ന ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച നമുക്ക് ദൈവതിരുമുമ്പിൽ ഹൃദയം ചൊരിയാം. അന്ന് ശ്രീലങ്കൻ സഭ യോടും ജനതയോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭ പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് കെസിബിസി ആഹ്വാനം ചെയ്യുന്നു. ജീവൻ നഷ്ടപ്പെട്ടവരുടെ ആത്മശാന്തിക്കായും ആശുപ ത്രികളിൽ കഴിയുന്നവരുടെ സൗഖ്യത്തിനായും ശ്രീലങ്കൻ സഭയു ടെയും ജനതയുടെയും മുറിവ് ഉണങ്ങുന്നതിനായും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ആശ്വസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവകരുണ അവരുടെമേൽ ദൈവം സമൃദ്ധമായി ചൊരിയട്ടെ!

ലോകമെമ്പാടുമുള്ള തീവ്രവാദികൾക്കു മാനസാന്തരമുണ്ടാകാ നും നമുക്ക് പ്രാർത്ഥിക്കാം. മതത്തിന്റെയും വംശത്തിന്റെയും പേരിൽ കൊല്ലും കൊലയും ശീലമാക്കിയ കഠിനഹൃദയങ്ങൾ അലിയണം. അവയെ അത്തരത്തിൽ പാകപ്പെടുത്തുന്ന വിദ്വേഷത്തിന്റെ ആശയ സംഹിതകൾ ഇല്ലാതായിത്തീരണം. ''ശത്രുവിനെ സ്നേഹിക്കുക'' എന്നു പഠിപ്പിക്കുകയും ''പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല; ഇവരോട് പൊറുക്കണമേ'' എന്നു പ്രാർത്ഥിക്കുകയും ചെയ്ത മിശിഹായെ തള്ളിക്കളഞ്ഞ്, ''കണ്ണിനു പകരം കണ്ണ്; പല്ലിനു പകരം പല്ല്'' എന്ന യഹൂദരുടെ ആനുപാതിക നീതിക്കും മുമ്പുള്ള, മൃഗീയവും പൈശാചികവുമായ കിരാതത്വത്തിലേക്കുള്ള തിരിച്ചു പോക്കാണ് മതഭീകരത. മിശിഹാ സമ്മാനിച്ച സംസ്കാരസമ്പന്നത യിൽ നിന്ന് മനുഷ്യകുലത്തെയും ചരിത്രത്തെയും അനേകം കാതം പിന്നോട്ടടിക്കുന്ന വെറുപ്പിന്റെയും അക്രമത്തിന്റെയും സംസ്കാര ശൂന്യതയ്ക്ക് അറുതിവരുക തന്നെ വേണം.

മിശിഹാ കുരിശിൽ മരിച്ചപ്പോൾ സൂര്യൻ ഇരുണ്ടു പോയി എന്ന പ്രതീകാത്മക ചിത്രീകരണം ബൈബിളിലുണ്ട്. തിന്മയുടെ ആധിക്യമാ ണ് ഇതു സൂചിപ്പിക്കുന്നത്. തിന്മയുടെമേലുള്ള നന്മയുടെ വിജയമാണ് ഈസ്റ്റർ. ഈസ്റ്റർ ദിനത്തിൽ തന്നെ മനുഷ്യനിലെ തിന്മ മറനീക്കി പുറത്തുവരുന്നതാണ് ശ്രീലങ്കയിൽ നമ്മൾ കണ്ടത്. തിന്മ വർദ്ധിച്ചിടത്ത് നന്മ അതിലേറെ വർദ്ധിക്കുന്നു എന്നാണല്ലോ ബൈബിൾ പഠിപ്പി ക്കുന്നത്. നന്മയുടെ വർദ്ധനവും ധർമത്തിന്റെ സംസ്ഥാപനവും ദൈവം സാദ്ധ്യമാക്കുന്നത് നല്ലവരായ മനുഷ്യരുടെ ഇടപെടലുക ളിലൂടെയാണ്. ഭീകരവാദത്തിന്റെ പ്രത്യയശാസ്ത്രക്കാർക്ക് അടിയറവു പറയാൻ തയ്യാറല്ലെന്ന പ്രഖ്യാപനത്തോടെ സന്മനസ്സുള്ള സകലരും കൈകോർത്തുപിടിക്കേണ്ട സമയമാണിത്. ലോകത്തിന്റെ വിവിധയിട ങ്ങളിൽ ക്രൈസ്തവസമൂഹത്തിനുനേരേ വർധിച്ചുവരുന്ന ആക്രമണ ങ്ങളിൽ അന്താരാഷ്ട്ര സമൂഹത്തിന്റെ സത്വരശ്രദ്ധയും അടിയന്തര

ഇടപെടലും ഉണ്ടാകേണ്ടതുണ്ട്. ''വെളിച്ചത്തെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല'' എന്ന ബൈബിൾ വചനം ലോകമനഃസാക്ഷിയുടെ സൂര്യൻ ഇരുണ്ടുപോകുന്ന ഭീകര വീക്ഷണങ്ങളുടെ പശ്ചാത്തലത്തിലും വലിയ പ്രത്യാശയുടെ പ്രകാശധാരയായി വർത്തിക്കുന്നു.

ശ്രീലങ്കയിൽ കൊല്ലപ്പെട്ട നിഷ്കളങ്കരായ മനുഷ്യരോടും ദുരിതമനുഭവിക്കുന്ന സഹജീവികളോടും നമുക്ക് ആത്മീയമായും മാനസികമായും ഐക്യപ്പെട്ടിരിക്കാം. നീതിയുടെ നിലവിളികൾ ഉയരുന്ന നിരപരാധികളുടെ ശവക്കൂനകൾ പുതിയ മാനവികതയുടെയും സാഹോദര്യ-സഹവർത്തിത്വങ്ങളിൽ അധിഷ്ഠിതമായ പുതിയ മതാത്മകതയുടെയും വളക്കൂറുള്ള മണ്ണായി ഭവിക്കട്ടെ. ദൈവത്തിന്റെ കൃപ കൂടാതെ ആർക്കും നന്മ-തിന്മകളെ വിവേചിച്ചറിയാനോ ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ നന്മയിൽ സ്ഥായിയായി ഉറച്ചു നില്ക്കാനോ സാധിക്കുകയില്ല. തിന്മയുടെയും പൈശാചികതയുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് തീവ്രവാദികളുടെ മനസ്സുകൾക്ക് മോചനം ലഭിക്കാൻ ദൈവം അവരുടെമേൽ നിസ്സീമമാംവിധം കരുണ ചൊരിയട്ടെ!

ആഗോള കത്തോലിക്കാസഭ ദൈവകരുണയുടെ ഞായറാഴ്ചയായി ആചരിക്കുന്ന ഏപ്രിൽ 28-ാം തീയതി കേരളത്തിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും മതതീവ്രവാദികളുടെ മാനസാന്തരത്തിനും കൊല്ലപ്പെട്ടവരുടെ ആത്മശാന്തിക്കും മുറിവേറ്റവരുടെ സൗഖ്യത്തിനും ഹൃദയം തകർന്നവരുടെ ആശ്വാസത്തിനുംവേണ്ടി പ്രാർത്ഥിക്കണം. അന്നേദിവസം ലോകസമാധാനത്തിനായി ദിവ്യബലിയർപ്പിക്കുകയും സമാധാന സമ്മേളനങ്ങളും പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കുകയും ചെയ്യാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി ഏവരെയും ആഹ്വാനംചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

*N.B. 2019 ഏപ്രിൽ 28-ാം തീയതി കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കാനായി നൽകപ്പെട്ട സർക്കുലർ.*

## സർക്കുലർ

19 Ch. 215-290

### മെയ് 15

# സമൃദ്ധമായ വിളവിന് കൃതജ്ഞതാ ദിനം

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

2018 ജൂലൈ–ആഗസ്റ്റ് മാസങ്ങളിൽ കേരളജനതയ്ക്ക് നേരിടേണ്ടിവന്ന പ്രളയക്കെടുതികളും നാശനഷ്ടങ്ങളും നാമാരും വിസ്മരിച്ചിട്ടില്ല. അനേകായിരങ്ങൾക്ക് ജീവിതം വഴിമുട്ടി നിന്ന ആ ദിനങ്ങളിൽ സഹായഹസ്തങ്ങളുമായി എത്തിയവരെയും നമുക്കു മറക്കാനാവില്ല. പ്രതീക്ഷയിൽ കവിഞ്ഞ കരുതലും കരുണയും സ്നേഹവും അനുഭവിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു അവ. ഇവയുടെയെല്ലാം പിന്നിലും ദൈവത്തിന്റെ അദൃശ്യകരങ്ങൾ തീർച്ചയായും ഉണ്ടായിരുന്നു. ദൈവത്തിന്റെ വഴികൾ വിസ്മയങ്ങളത്രെ!

കുട്ടനാട്ടിൽ പ്രളയത്തിനുശേഷം ചെയ്ത ആദ്യ നെൽക്കൃഷി സമൃദ്ധമായ വിളവാണ് നൽകിയത്. അതും പ്രതീക്ഷയ്ക്കപ്പുറമായിരുന്നു. ആകാശവും ഭൂമിയും സമുദ്രവും സൃഷ്ടിച്ച ദൈവം വെളിച്ചവും ഊർജ്ജവും തരുന്ന ആകാശഗോളങ്ങളെയും, പാറിപ്പറക്കുന്ന പക്ഷികളെയും, പറവകളെയും, ഭൂമിയിൽ ജീവജാലങ്ങളെയും സസ്യങ്ങളെയും, സമുദ്രത്തിൽ മത്സ്യങ്ങളെയും സൃഷ്ടിച്ചു. ഇവയെല്ലാം ദൈവം ചെയ്തത് താൻ ഏറ്റവുമധികം സ്നേഹിക്കുകയും തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയും ചെയ്ത മനുഷ്യനുവേണ്ടിയാണ്.

ദൈവത്തിന്റെ കൃപകളും ദാനങ്ങളും അവർണ്ണനീയങ്ങളത്രേ!

മനുഷ്യജീവിതത്തിൽ കഷ്ടപ്പാടുകൾ ഉണ്ടായത് മനുഷ്യൻ ദൈവകല്പന ലംഘിച്ച് സാത്താന്റെ ദുരുപദേശങ്ങൾ സ്വീകരിച്ച് പാപം ചെയ്തതു മൂലമാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുമ്പോൾ ദൈവത്തെ കുറ്റപ്പെടുത്തുന്ന വരുണ്ട്. ദൈവം നിരന്തരം നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നമ്മൾ കാണാതെ പോകരുത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കും ദാനങ്ങൾക്കും നിരന്തരം നന്ദി പറയാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ കൃഷിക്കു ലഭിച്ച സമൃദ്ധമായ വിളവിന് ദൈവത്തിന് നന്ദി പറയാൻ കർഷക സഹോദരങ്ങളോട്, പ്രത്യേകിച്ച് കുട്ടനാട്ടിലെ കർഷകരോട് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അതിനായി ഒരു ദിവസം പ്രത്യേകമായി മാറ്റിവയ്ക്കാം. അതിന് ഏറ്റവും ഉചിതമായ ദിവസമാണ് മെയ് 15. അത് കതിരുകളുടെ നാഥയായ മറിയത്തിന്റെ തിരുനാളാണ്. വിളവെടുപ്പ് കഴിഞ്ഞ് അടുത്ത കൃഷിക്ക് ഒരുങ്ങുന്ന ഒരു പശ്ചാത്തലം ഈ തിരുനാളിനുണ്ട്. സുറിയാനി പാരമ്പര്യം മറിയത്തെ വിളവയലായി ചിത്രീകരിക്കുന്നുണ്ട്. നൂറുമേനി വിളവു നൽകിയ കൃഷിയിടമാണ് മറിയം. മറിയം സ്വീകരിച്ച ദൈവവചനമായ ആത്മീയ കോതമ്പു മണി റൂഹാദ്ക്കുദ്ശായുടെ പ്രവൃത്തിയാൽ അവ ളിൽ മാംസം ധരിച്ച് മനുഷ്യനായ സംഭവമാണത്. മനുഷ്യകുലത്തിന് മുഴുവൻ നിത്യജീവന്റെ അപ്പമായ മിശിഹായിലൂടെ കൈവന്ന ആത്മീയ സമൃദ്ധി.

അനുകൂലമായ കാലാവസ്ഥയും ശരിയായ പരിചരണവും വിത്തിന്റെ ഗുണമേന്മയുമാണ് നല്ല വിളവു നൽകുന്നത്. ദൈവപരിപാലനയും മനുഷ്യ പ്രയത്നവും ഇവിടെ ഒന്നുചേരണം. ബുദ്ധിമുട്ടുകൾ വരുമ്പോൾ ദൈവത്തെ വിളിക്കുകയും സമൃദ്ധിയിൽ ദൈവത്തെ വിസ്മരിക്കയും സുഖലോലുപതയിൽ മുങ്ങുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്. മനുഷ്യജീവിതത്തിലെ എല്ലാ തലങ്ങളിലും ദൈവകൃപ ആവശ്യമാണെന്ന് മനസിലാക്കി പ്രവർത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. അതിന് ഉത്തമ മാതൃകയാണ് പരിശുദ്ധ കന്യാമറിയം. ദൈവകൃപനിറഞ്ഞ മറിയം മനുഷ്യകുലമാകുന്ന തോട്ടത്തിലെ ഏറ്റവും സുന്ദരവും ഏറ്റവും വിലപ്പെട്ടതുമായ ഫലം നൽകിയ ചെടിയാണ്. ഈ പശ്ചാത്തലത്തിൽ കതിരുകളുടെ നാഥയായ മറിയത്തിന്റെ തിരുനാളായ മെയ് 15-ന് നമു ക്കൊന്നുചേർന്ന്, മറിയത്തോടൊപ്പം ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയെ വാഴ്ത്തി സ്തുതിക്കാം. സങ്കീർത്തകനോടുകൂടി നമുക്കും ഉദ്ഘോഷിക്കാം:

''അവിടുന്നു മൃഗങ്ങൾക്കു വേണ്ടി പുല്ലു മുളപ്പിക്കുന്നു; മനുഷ്യന് ആഹാരം ഉണ്ടാക്കുവാൻ സസ്യങ്ങൾ കിളിർപ്പിക്കുന്നു...

കർത്താവേ, അങ്ങേ സൃഷ്ടികൾ എത്രയോ വൈവിധ്യ പൂർണ്ണം; ബുദ്ധിപൂർവ്വം അങ്ങ് അവയെ സൃഷ്ടിച്ചിരിക്കുന്നു; അങ്ങയുടെ സമ്പത്തിനാൽ ഭൂമി നിറഞ്ഞിരിക്കുന്നു. ... കർത്താവിന് എന്നും മഹത്വമുണ്ടായിരിക്കട്ടെ.'' (സങ്കീർത്തനം 104)

മെയ് മാസം പതിനഞ്ചാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ചമ്പക്കുളം മർത്തമറിയം ബസ്ലീക്കാ പള്ളിയിൽ അർപ്പിക്കുന്ന കൃതജ്ഞതാ ബലി യിൽ കുട്ടനാട്ടിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരും കർഷകരും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പ്രളയബാധിത ഇടവകകളെ ദത്തെടുത്തിരിക്കുന്ന ഇടവകകളിലെ വികാരിയച്ചന്മാരും പ്രതിനിധികളും കൃതജ്ഞതാബലിയിൽ സംബ ന്ധിച്ചാൽ ഏറെ സന്തോഷമായിരിക്കും. ക്രിസ്തീയ കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും മനോഹരമായ ഒരു അനുഭവമായിരിക്കുമത്.

തന്റെ സ്നേഹവും സംരക്ഷണവും മനുഷ്യരിലൂടെ വെളിപ്പെടുത്തിയ ദൈവത്തെ നമുക്ക് ഹൃദയപൂർവ്വം സ്തുതിക്കുകയും ആരാധിക്കുകയും അവിടുത്തേയ്ക്ക് നന്ദി പറയുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B: *ഈ സർക്കുലർ മെയ് മാസം 7 -ാം തീയതി ഞായറാഴ്ച എല്ലാ ഇടവക കളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## സർക്കുലർ

**19 Ch. 216-291**

# അതിരൂപതാ ദിനം - 2019

മിശിഹായിൽ പ്രിയപ്പെട്ട വൈദികരെ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന സന്തോഷവും സ്നേഹവും പങ്കുവെച്ചുകൊണ്ട് ഈ വർഷത്തെ അതിരൂപതാ ദിനാഘോഷം അമ്പൂരി ഫൊറോനയുടെ നേതൃത്വത്തിൽ മെയ് 20 തിങ്കളാഴ്ച നമ്മൾ ആഘോഷിക്കുന്നു.

ഈ വർഷത്തെ അതിരൂപതാ ദിനാഘോഷത്തിലെ സന്തോഷകരമായ രണ്ട് കാര്യങ്ങൾ ഒന്ന്: അമ്പൂരി ഫൊറോന ആദ്യമായി ഏറ്റെടുത്ത് നടത്തുന്ന അതിരൂപതാ ദിനാഘോഷമാണ് ഇത്. രണ്ട്: അതിരൂപത പുതുതായി ഏറ്റെടുത്ത തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്ദ് മാതാ എഞ്ചിനീയറിംഗ് കോളേജിൽ വെച്ചാണ് ഈ വർഷത്തെ അതിരൂപതാ ദിനാചരണം നടത്തപ്പെടുന്നത്. സമ്മേളന നഗറിന് അമ്പൂരി കുടിയേറ്റ മേഖലയിലെ ആദ്യ മിഷനറിയായിരുന്ന ദൈവദാസൻ ഫാ. അദേയോദാത്തൂസ് ഒ.സി.ഡി.യുടെ പേരാണ് നൽകിയിരിക്കുന്നത്. സഭയുടെയും ഓരോ ഇടവകയുടെയും വളർച്ചയ്ക്കായി കഠിനാധ്വാനം ചെയ്ത എല്ലാ മിഷനറിമാരെയും നമുക്ക് ഈ അവസരത്തിൽ നന്ദിയോടെ അനുസ്മരിക്കാം.

വിവിധങ്ങളായ ദൈവകൃപകളാൽ നമ്മുടെ അതിരൂപത ഏറെ അനുഗൃഹീതമാണ്. ഈ അനുഗ്രഹങ്ങളെല്ലാം പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകൾ ഒന്നായിരിക്കുന്നത് പോലെ നാമോരോരുത്തരും സഭാകൂട്ടായ്മയിലേക്ക് വളരുന്നതിനുവേണ്ടിയത്രേ (1 യോഹ 1 : 1–4). സഭയ്ക്ക് ഏറ്റവും യോജിച്ച വിശേഷണങ്ങളിൽ ഒന്നാണ് അവൾ കൂട്ടായ്മയാണ് എന്നത്. ഒരേ യാഥാർത്ഥ്യത്തിൽ ബോധ്യത്തോടെ പങ്കുചേരുന്ന സമൂഹത്തെയാണ് കൂട്ടായ്മ എന്ന് വിശേഷിപ്പിക്കുന്നത്. ഈശോ പറഞ്ഞു, ''ഞാൻ പിതാവിലും പിതാവ് എന്നിലുമാണ്.... ഞാൻ പറയുന്നത് വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾ മൂലം വിശ്വസിക്കുവിൻ''

(യോഹ 14 : 11). നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം ഈ ദൈവിക കൂട്ടായ്മയായിരിക്കണം.

കുടുംബങ്ങളിലും ഇടവകകളിലും അതിരൂപതയിലും ഈ കൂട്ടായ് മയുടെ ഊഷ്മളമായ അനുഭവത്തിന് ഇന്ന് എന്തെങ്കിലും കുറവുകൾ അനുഭവപ്പെടുന്നുണ്ടെങ്കിൽ അവയ്ക്ക് കാരണം നമ്മുടെ മാനുഷിക കുറവുകളാണെന്നുള്ള തിരിച്ചറിവും, അതിൻ പ്രകാരമുള്ള അനുതാ പവും, തിരുത്തുവാനുള്ള സന്നദ്ധതയും കൂട്ടായ്മയെ ഏറെ ശക്തി പ്പെടുത്തുന്നു. അതിരൂപതാ ദിനാചരണം അതിനുള്ള അവസരമാണ്. പരിശുദ്ധ കുർബ്ബാന അർപ്പണവും കൂദാശാസ്വീകരണവും യാമനമസ് ക്കാരങ്ങളും നമ്മുടെ സ്വകാര്യപ്രാർത്ഥനകളുമെല്ലാം ജീവിതത്തെയും അതുവഴി കൂട്ടായ്മയെയും ബലപ്പെടുത്തും.

സഭ എക്കാലവും കൂട്ടായ്മയ്ക്കെതിരായ ഒട്ടേറെ വെല്ലുവിളികളി ലൂടെയും പ്രതിസന്ധികളിലൂടെയുമാണ് കടന്നുവന്നിട്ടുള്ളത്. നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്ന വിശ്വാസജാഗ്രതയും, കൂട്ടായ്മാബോധവും പ്രതിസന്ധികളെ അതിജീവിച്ച്, വിശ്വാസം നമ്മിലേയ്ക്ക് കൈമാറു വാൻ കരുത്തുള്ളതായിരുന്നു. ഇന്ന് നമ്മൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ അവർ കാട്ടിയിരുന്നതിനേക്കാൾ കൂടുതൽ വിശ്വാ സക്കരുത്ത് ആർജ്ജിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വിലപ്പെട്ട വിശ്വാസമൂല്യങ്ങൾ അനന്തര തലമുറകൾക്ക് കൈമാറുവാൻ നമുക്കു കഴിയുകയുള്ളു.

അതിരൂപത ഒരു കുടുംബം എന്ന നിലയിൽ കഴിഞ്ഞ വർഷം ഏറെ ശ്രദ്ധേയമായ സാമൂഹിക ഇടപെടലുകൾ നടത്തുവാൻ നമ്മുടെ അതിരൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കേരളവും കുട്ടനാടുമൊക്കെ നൂറ്റാണ്ടി ലെ ഏറ്റവും വലിയ പ്രളയത്തിൽ മുങ്ങിത്താണപ്പോൾ വൈദികരുടെ നേതൃത്വത്തിൽ യുവജനങ്ങളും ദൈവജനം മുഴുവനും ഒറ്റക്കെട്ടായി നടത്തിയ സാഹസിക ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏറെ നന്ദി യോടെ ഓർക്കുന്നു. ചാസ്സിന്റെ നേതൃത്വത്തിൽ വിവിധ ഏജൻസിക ളുടെയും അനേകം സുമനസ്സുകളുടെയും വലിയ സഹകരണത്തോടെ കുട്ടനാടിനെ പുനരുദ്ധരിക്കുവാനുള്ള കർമ്മപദ്ധതിയിലാണ് നാമി പ്പോൾ. ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഇനിയും ഏറെ ചെയ്യാ നുണ്ട്. ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഔദാര്യപൂർവ്വകമായ പിന്തുണ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. ഈ വർഷം കുട്ടനാട്ടിലെ കർഷകർക്ക് ദൈവം നൽകിയ സമൃദ്ധമായ വിളവിനെ ഓർത്ത് നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം. ഇവയോടൊപ്പം തെക്കൻ മേഖലയിലെ അമ്പൂരി, കൊല്ലം-ആയൂർ, തിരുവനന്തപുരം ഫൊറോനകളിലെ നൂ റോളം കുടുംബങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടക്കുന്നു.

എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണങ്ങൾക്ക് ദൈവം വലിയ പ്രതിഫലം നൽകട്ടെ.

ഈശോമിശിഹായുടെ മൗതിക ശരീരത്തിന്റെ അതിപ്രധാനമായ ഒരു ഭാഗം എന്ന നിലയിൽ നമ്മുടെ അതിരൂപത ജന്മംകൊണ്ടിട്ട് ഈ മെയ്മാസം 20ാം തീയതി 132 വർഷങ്ങൾ പൂർത്തിയാകുകയാണ്. അന്നേദിവസം നമ്മൾ അതിരൂപതാദിനമായി ആചരിക്കുന്നു. 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന മുദ്രാവാക്യം കൂടുതൽ പ്രായോഗികമാക്കുവാനുള്ള പുന:സമർപ്പണദിനം കൂടിയായിരിക്കണം ഇത്. ഈ വർഷം അമ്പൂരി ഫൊറോനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലെ ദൈവദാസൻ ഫാ. അദേയോദാത്തൂസ് ഒ.സി.ഡി. നഗറിൽ വെച്ചാണ് അതിരൂപതയുടെ ഒത്തുചേരൽ. അതിരൂപതാ ദിനാഘോഷത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും അതിർത്തി തിരിഞ്ഞ കുരിശുപള്ളികളിൽ നിന്നും 13 പേർ അടങ്ങുന്ന പ്രതിനിധികളാണ് പങ്കുചേരേണ്ടത്, മെയ് 20 തിങ്കളാഴ്ച രാവിലെ 10:30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3:30ന് അതിരൂപതാദിനാഘോഷം സമാപിക്കും. അതിരൂപതാദിനാഘോഷത്തിൽ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ മാത്രമേ എത്തുന്നുള്ളുവെങ്കിലും അവരിലൂടെ നമ്മുടെ അതിരൂപത മുഴുവനാണ് അവിടെ സമ്മേളിക്കുന്നത്. ഇക്കാരണത്താൽ എല്ലാ ഇടവകകളിൽ നിന്നും വികാരിയച്ചന്മാർ കാര്യങ്ങൾ മുൻകൂട്ടി ക്രമീകരിച്ച് ആദ്യന്തം പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

അതിരൂപതാദിനത്തിന്റെ ഇടവകതല ആഘോഷം മെയ് 12 ഞായറാഴ്ചയായ ഇന്ന് നമ്മൾ ആഘോഷിക്കുന്നു. അതിരൂപതാദിന സന്ദേശം അതിരൂപതയിലെ എല്ലാ ഭവനങ്ങളിലും കൂട്ടായ്മകളിലും എത്തണം. അതിരൂപത ഒരു കുടുംബം എന്ന സ്നേഹാനുഭവം എല്ലാവർക്കും അനുഭവവേദ്യമാകണം. അതിരൂപതയ്ക്ക് വേണ്ടിയും അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായർ എല്ലാവർക്കുംവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുവാനുള്ള ദിനങ്ങളായി ഇത് മാറട്ടെ. മെയ് 12-ാം തീയതി മുതൽ 19 വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന അതിരൂപതാദിനാചരണ ഒരുക്ക പ്രാർത്ഥനയിൽ നമ്മുടെ ഓരോ ഇടവകകളും ഭവനങ്ങളും തീഷ്ണതയോടെ പങ്കുചേരണം. മെയ് 17 വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും അതിരൂപതുടെ വിശുദ്ധീകരണത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുക.

മെയ് 18 ശനിയാഴ്ച അമ്പൂരി ഫൊറോനയിൽ അതിരൂപത - ഫൊറോന യുവദീപ്തി - എസ്.എം.വൈ.എം.-ന്റെ നേതൃത്വത്തിൽ വിളംബരദിനം, ഛായാചിത്രപ്രയാണം എന്നിവ നടത്തപ്പെടുന്നു. അന്ന് വൈ

കുന്നേരം 6 മണിക്ക് അമ്പൂരി സെന്റ്ജോർജ്ജ് ഫൊറോനാ പള്ളിയിൽ സായാഹ്നപ്രാർത്ഥനയും സംഗമവും.

അതിരൂപതാദിനാചരണം നമ്മെ ആദിമസഭയെപ്പോലെ 'ഒരു ഹൃദയവും ഒരാത്മാവുമുള്ള സമൂഹമാക്കി വളർത്തട്ടെ' (അപ്പോ 4: 32), പരിശുദ്ധാത്മാവ് നിറഞ്ഞ പ്രേഷിത സഭാസമൂഹമായി രൂപാന്തരപ്പെടുത്തട്ടെ എന്ന പ്രാർത്ഥനയോടെ, ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B: *ഈ സർക്കുലർ മെയ് 12-ാം തീയതി ഞായറാഴ്ചഎല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## സർക്കുലർ

19 Ch. 217-292

# പള്ളിയോഗങ്ങൾ: പ്രവർത്തനവും ചൈതന്യവും

പ്രിയ ബഹു. വൈദികരേ, പള്ളിയോഗാംഗങ്ങളേ, ഇടവകാംഗങ്ങളേ,

അതിരൂപതയിലെ എല്ലാ ഇടവകകളിലും പുതിയ പള്ളിയോഗങ്ങൾക്ക് രൂപംകൊടുത്തുകൊണ്ടിരിക്കുകയാണല്ലോ. പുരാതന പ്രസിദ്ധമായ നമ്മുടെ പള്ളിയോഗങ്ങൾ ഏവർക്കും പരിചിതമാണ്. പള്ളിയോഗനടപടിക്രമങ്ങൾ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. നമ്മുടെ സഭയുടെ പ്രശംസനീയമായ ഒരു പാരമ്പര്യസ്വത്താണ് പള്ളിയോഗം. വിശ്വാസികളുടെ സഭാത്മകകൂട്ടായ്മയുടെ വ്യക്തമായ പ്രകാശനമാണത്. സീറോമലബാർ സഭയിലെല്ലായിടത്തും ഒരേ പള്ളിയോഗനടപടിക്രമങ്ങളാണുള്ളത്. പള്ളിയോഗങ്ങളെ സംബന്ധിച്ച് സഭ നൽകിയിരിക്കുന്ന നിയമങ്ങളും നടപടിക്രമങ്ങളും എല്ലാവരും വ്യക്തമായി മനസ്സിലാക്കുകയും അവ കൃത്യതയോടെ പാലിക്കയും ചെയ്യേണ്ടതാണ്. പ്രത്യേകം ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു.

### പൊതുയോഗത്തിന്റെ പ്രവർത്തനങ്ങൾ

1. രൂപതയുടെ അജപാലനപദ്ധതിയോട് ചേർന്നുവേണം പൊതുയോഗം പ്രവർത്തിക്കാൻ. അൽമായപ്രേഷിതത്വത്തിന്റെ ഒരു പ്രധാന വേദിയാണ് പള്ളിയോഗം. വൈദികനേതൃത്വത്തോട് (ഹയരാർക്കി) ചേർന്ന് അജപാലനശുശ്രൂഷയിൽ അൽമായരും സജീവ പങ്കാളികളാകാൻ പള്ളിയോഗം അവസരം നൽകുന്നു. അജപാലകരുടെ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിന് അൽമായ പങ്കാളിത്തം അനിവാര്യമാണ് (AA10; AG 21);
2. ഇടവക മുഴുവന്റെയും ആദ്ധ്യാത്മികവും സാമൂഹികവും സംസ്കാരികവും ബൈബിൾപരവും വിശ്വാസപരിശീലനപരവും ആരാ

ധനക്രമപരവുമായ നവീകരണം ലക്ഷ്യം വച്ച് സമയബന്ധിതമായ ഒരു അജപാലനപദ്ധതിയ്ക്ക് പള്ളിയോഗം രൂപംകൊടുക്കണം;

3. ആരാധനക്രമത്തിൽ ദൈവജനത്തിന്റെ സജീവ പങ്കാളിത്തം പരിപോഷിപ്പിക്കുക (AA 10; CL 33);
4. കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും മതബോധനം നൽകാനുള്ള ക്രമീകരണങ്ങൾ ചെയ്യുക (AA10; CL 33, 34);
5. വാക്കുകൊണ്ടും സാക്ഷ്യം കൊണ്ടും സുവിശേഷം പ്രഘോഷിക്കുക (AA13; CL 33);
6. പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുക;
7. വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോയവരെ തിരിച്ച് സഭയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക (AA 10; CL 33);
8. കുടുംബകൂട്ടായ്മകൾ രൂപീകരിക്കുന്നതിനും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും നേതൃത്വം നൽകുക (CL 26);
9. അതിരൂപതയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന അൽമായ സംഘടനകളുടെ രൂപീകരണത്തിലും പ്രവർത്തനങ്ങളിലും താൽപര്യമെടുക്കുകയും, യുവജനങ്ങളെല്ലാവരും അവയിൽ ഏതിലെങ്കിലും അംഗങ്ങളാണെന്ന് ഉറപ്പാക്കുകയും ചെയ്യുക (AA 29; CL 30);
10. പരിശുദ്ധ റൂഹായിൽ മിശിഹായിലൂടെ ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് മറ്റുള്ളവരെ ആനയിക്കത്തക്കവിധം ജീവിതസാക്ഷ്യങ്ങളിലൂടെ പുളിമാവു പോലെ ലോകത്തിൽ തങ്ങളുടെ പ്രേഷിതദൗത്യം നിർവ്വഹിക്കാൻ ഇവടകസമൂഹത്തെ ഉത്തേജിപ്പിക്കുക (AA 2);
11. ബോധവൽക്കരണവും പ്രവർത്തനവും വഴി വിശ്വാസത്തിനെതിരായ വെല്ലുവിളികളെ നേരിടുന്നതിനും മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇടവക സമൂഹത്തെ ഒരുക്കുക (AA 18);
12. ഇടവകയെ വാർഡുകളായോ കുടുംബയൂണിറ്റുകളായോ (കുടുംബകൂട്ടായ്മകൾ) വിഭജിക്കുക;
13. ഓരോരുത്തരുടെയും കഴിവനുസരിച്ച് സുവിശേഷാരൂപിയിൽ സമ്പത്തും സേവനങ്ങളും പങ്കുവച്ചുകൊണ്ട് സഭയുടെയും സമൂഹത്തിന്റെയും ക്ഷേമത്തിനായി പ്രവർത്തിക്കുക തുടങ്ങിയ കാര്യങ്ങളാണ് പള്ളിയോഗങ്ങൾ ചെയ്യേണ്ടിയിരിക്കുന്നത്.

സാമ്പത്തികവും ഭൗതികവുമായ കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന സമിതികളല്ല പള്ളിയോഗങ്ങൾ എന്ന് മേൽപറഞ്ഞവയിൽനിന്ന് വ്യക്തമാണല്ലോ. മറിച്ച് ലോകമെങ്ങും ദൈവരാജ്യത്തിന്റെ സന്ദേശമെ

ത്തിക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്ന സഭയോടൊത്ത് ചിന്തിച്ചും ജീവിച്ചും സഭയുടെ പ്രേഷിതദൗത്യത്തിൽ സജീവമായി പങ്കുചേരുന്നതിന് ഓരോ ഇടവകസമൂഹത്തെയും സുസജ്ജമാക്കുന്ന അജപാലനപ്രവർത്തനങ്ങൾക്ക് ഹയരാർക്കിയോടു ചേർന്ന് നേതൃത്വം കൊടുക്കുകയാണ് പള്ളിയോഗങ്ങളുടെ ചുമതല. ഒരു ദൈവനിയോഗമായിക്കണ്ട്, ഇടവകയുടെ ആത്മീയവും ഭൗതികവുമായ നന്മയും വളർച്ചയും ലക്ഷ്യം വച്ചും സഭ നൽകിയിരിക്കുന്ന പള്ളിയോഗ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ പള്ളിയോഗാംഗങ്ങൾ ശ്രദ്ധിക്കണം. വിവിധ കാര്യങ്ങളുടെ നിർവഹണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ പള്ളിയോഗനടപടിക്രമത്തിൽ ചേർത്തിരിക്കുന്നത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

പൊതുയോഗത്തിന്റെയും പ്രതിനിധിയോഗത്തിന്റെയും രൂപീകരണം, അംഗങ്ങളുടെ യോഗ്യത, സമ്മേളനങ്ങളുടെ നടപടിക്രമം, തീരുമാനങ്ങളുടെ അംഗീകാരം, സൂക്ഷിക്കേണ്ട രേഖകൾ, ധനത്തിന്റെ വിനിയോഗം, കൈക്കാരന്മാർ, കണക്കൻ, ദൈവാലയശുശ്രൂഷി തുടങ്ങിയവരുടെ ഉത്തരവാദിത്വങ്ങൾ, യോഗാദ്ധ്യക്ഷന്റെ അധികാരവും ചുമതലകളും പള്ളിയോഗങ്ങളെ സംബന്ധിച്ച് അതിരൂപതാ കച്ചേരിയുടെയും അതിരൂപതാദ്ധ്യക്ഷന്റെയും അധികാരവും ചുമതലയും എന്നിങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പള്ളിയോഗ നടപടിക്രമത്തിൽ കൊടുത്തിരിക്കുന്ന നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ബന്ധപ്പെട്ടവരെല്ലാം വ്യക്തമായി അറിയുകയും കർശനമായി പാലിക്കുകയും ചെയ്യേണ്ടതാണ്.

വിവിധ സ്ഥാനങ്ങൾ വഹിക്കുന്നവർ അവരവരുടെ ചുമതലകൾ വിശ്വസ്തതയോടെ നിർവഹിക്കണം. ധനവിനിയോഗം സുതാര്യമായും സത്യസന്ധമായും നിയമാനുസരണം നടത്താൻ കൈക്കാരന്മാർ ശ്രദ്ധിക്കണം. കൈക്കാരനും കണക്കനും ഒരാൾത്തന്നെ ആകാൻ പാടില്ല. എല്ലാ കാര്യങ്ങളും ശരിയായും അതിരൂപതയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുമാണോ നടക്കുന്നതെന്ന് പരിശോധിക്കാനും പൈതൃകമായ സ്നേഹത്തോടും ജാഗ്രതയോടും കൂടി മേൽനോട്ടം വഹിക്കാനും വികാരിയച്ചനു ചുമതലയുണ്ട്. യോഗാംഗങ്ങൾ എല്ലാവരും സ്നേഹത്തോടെ സഹകരിക്കാനും മാന്യമായി പെരുമാറാനും ശ്രദ്ധയോടെ പരസ്പരം കേൾക്കാനും തയ്യാറാകണം. യോഗാംഗങ്ങൾ ഇടവക കൂട്ടായ്മയുടെ ശില്പികളാണ്. രാഷ്ട്രീയത്തിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ പേരിൽ ഭിന്നതകളും ചേരിതിരിവുകളും ഇടവകയിലോ പള്ളിയോഗങ്ങളിലോ ഉണ്ടാകാതിരിക്കാൻ അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

സഭാനിയമങ്ങളും സിവിൽനിയമങ്ങളും കൃത്യമായി പാലിച്ചും

നിയമാനുസൃതമായ അനുവാദം വാങ്ങിയുമായിരിക്കണം ധനവിനി യോഗവും നിർമ്മാണപ്രവർത്തനങ്ങളും നടത്തേണ്ടത്. പ്രത്യേകമായ പണപ്പിരിവുകളുടെയും സ്തോത്രകാഴ്ചകളുടെയും കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുകയും നിർദ്ദേശമനുസരിച്ചുള്ള അതിരൂപതാ വിഹിതം യഥാസമയം ഏൽപിക്കുകയും ചെയ്യേണ്ടതാണ്.

നാമെല്ലാവരുടെയും ഒന്നാമത്തെ കടപ്പാട് മിശിഹായിൽ നമ്മെ ഏക ശരീരമായി വിളിച്ചുകൂട്ടിയ ദൈവത്തോടാണ്. മിശിഹായുടെ ശരീരവും തുടർച്ചയുമായ സഭയിൽ ശുശ്രൂഷ ചെയ്യാൻ ലഭിക്കുന്ന അവസരം വിനയത്തോടും വിശ്വസ്തതയോടും വിശുദ്ധിയോടുംകൂടി ഉപയോഗ പ്പെടുത്താൻ എല്ലാവരും പരിശ്രമിക്കണം. സമ്മർദ്ദവും സ്വാധീനവും വഴിയൊന്നും നേടിയെടുക്കേണ്ടതല്ല യോഗാംഗത്വം. സ്വാർത്ഥതാൽപ ര്യങ്ങൾക്കും മേധാവിത്വം ചെലുത്താനുമൊന്നുമല്ല പള്ളിയോഗാംഗത്വം വിനിയോഗിക്കേണ്ടത്. ലഭിക്കുന്ന അവസരത്തെ അനുഗ്രഹമായിക്കരു തി സേവനമനോഭാവത്തോടെ പ്രവർത്തിക്കാൻ എല്ലാവരും തയ്യാറാ കണം. സമ്മേളനങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുത്ത് ഇടവകയുടെ നന്മയ്ക്കായി എല്ലാവരുമായി യോജിച്ചു പ്രവർത്തിക്കാനും സാധി ക്കണം. അതിനായി നമ്മുടെ കർത്താവീശോമിശിഹാ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

[signature]

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B: *ഈ സർക്കുലർ മെയ് 19-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

19 Ch. 218-293

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 94-ാം ചരമവാർഷികവും ദൈവദാസി മദർ ഷന്താളിന്റെ 47-ാം ചരമവാർഷികാചരണവും

നമ്മുടെ അതിരൂപതയുടെ അജപാലനശുശ്രൂഷയ്ക്ക് സ്ഥായിയായ അടിസ്ഥാനമിടുകയും വി.കുർബ്ബാനയിൽ കേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മികതയിലേക്ക് വിശ്വാസികളെ നയിക്കുകയും ചെയ്ത ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 94-ാം ചരമവാർഷികമാണ് ഈ അടുത്തുവരുന്ന ജൂൺ 2. ഈ വർഷം, 2019 മേയ് 27-ന് കുര്യാളശ്ശേരി പിതാവ് വൈദികപട്ടം സ്വീകരിച്ചിട്ട് 120 വർഷം തികയുന്നു. 1899 മേയ് 27 ന് റോമിൽ സെന്റ് ജോൺ ലാറ്ററൻ ദൈവാലയത്തിൽ കർദിനാൾ കസേന്ത ഫ്രാൻചെസ്കോ ഡി പൗളായിൽ നിന്നാണ് പിതാവ് വൈദികപട്ടം സ്വീകരിച്ചത്. ''വിശുദ്ധ കുർബ്ബാനയുടെ വിശേഷ ഭക്തൻ'' എന്നറിയപ്പെട്ടിരുന്ന കുര്യാളശ്ശേരി പിതാവ് തിരുവചനത്തിന്റെ തികഞ്ഞ ഒരു ഉപാസകൻ കൂടിയായിരുന്നു. ''മിശിഹായിൽ എല്ലാം നവീകരിക്കുക'' എന്ന തിരുവചനം ആദർശവാക്യമായി സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം കർമ്മ രംഗത്തേക്കിറങ്ങിയത്. ചൈതന്യഭരിതവും കർമ്മനിരതവുമായ തന്റെ ജീവിതം, താൻ വാരിവിതറിയ തിരുവചനത്തിന്റെ പ്രായോഗികവശമായിരുന്നു. ജീവിതവിശുദ്ധിയുടെയും ദൈവവിശ്വാസത്തിന്റെയും കറയറ്റമനുഷ്യസ്നേഹത്തിന്റെയും നിസ്തുല മാതൃകയായി പ്രശോഭിച്ചിരുന്ന വിനയാന്വിതമായ ജീവിതത്തിന്റെ അന്തർധാര തിരുവചനത്തിലൂടെ അദ്ദേഹം ജനഹൃദയങ്ങളിലേക്ക് പകർന്നു. വചനം വായിക്കുവാനോ പഠിക്കുവാനോ ഇന്നത്തേതുപോലെ സൗകര്യമില്ലാതിരുന്ന കാലത്ത് ആർജ്ജിക്കാവുന്നത്ര ജ്ഞാനം അദ്ദേഹം കരസ്ഥമാക്കി. മാത്രമല്ല അനുദിന ധ്യാനത്തിലൂടെ അത് രുചിച്ചറിയുകയും വളർത്തിയെടുക്കുകയും ചെയ്തു. ദിവ്യാത്മാവിന്റെ ദിവ്യജ്ഞാനത്തിനും ദിവ്യമായ ബുദ്ധിക്കും തന്റെ സർഗ്ഗശക്തികൾ സമർപ്പിച്ചു.

കുര്യാളശ്ശേരി പിതാവിന് തിരുവചനം ഹൃദയങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമായിരുന്നു. (സങ്കീ. 119.105) പിതാവിന്റെ ദിവ്യ കാരുണ്യ ചൈതന്യത്തിന്റെ അന്തർധാര തിരുവചനം അല്ലാതെ മറ്റൊന്നുമായിരുന്നില്ല. പ്രാർത്ഥനയാൽ വചനത്തിന്റ മാധുര്യം അദ്ദേഹം അനുഭവിച്ചറിഞ്ഞു. എല്ലാ ഭക്താഭ്യാസങ്ങളുടെയും ചെയ്തികളുടെ യും പിന്നിൽ അതിനു ചൈതന്യം നൽകുന്ന തിരുവചനം അദ്ദേഹം കണ്ടെത്തി. ദൈവത്തിന്റെ സ്വഭാവം വിവരിക്കുവാൻ പഴയ നിയമത്തിൽ പലപ്പോഴും ഉപയോഗിച്ചിരുന്ന ''ക്ഷമാശീലനും കാരുണ്യവാനും'' എന്ന പ്രയോഗം വ്യക്തമാക്കുന്ന സങ്കീർത്തനഭാഗങ്ങൾ എല്ലാം തന്നെ പിതാവിന് പ്രിയങ്കരങ്ങളായ പ്രാർത്ഥനകളായിരുന്നു. പ്രത്യേകിച്ചും ''അവിടുത്തെ കാരുണ്യം അനന്തമാണ്'' എന്ന 135-ാം സങ്കീർത്തനഭാഗം സ്വന്തം പ്രാർത്ഥനയുടെയും ജീവിതത്തിന്റെയും ഭാഗമായി മാറ്റുക മാത്രമല്ല അത് ആവർത്തിച്ചു പ്രാർത്ഥിക്കുവാൻ തന്നെ സമീപിച്ച പലരേയും ഉപദേശിക്കുകയും ചെയ്തിരുന്നു.

പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതി യിലുള്ള പരിശീലനത്തിനും (2 തിമോ.3:16) അദ്ദേഹം തിരുവചനം എടുത്തുപയോഗിച്ചിരുന്നു. വചനം പ്രഘോഷിക്കുന്നതിനും അതിനെ വ്യാഖ്യാനിക്കുന്നതിനുമുള്ള വേദിയായിരുന്നു അദ്ദേഹത്തിന് തന്റെ ഇടയലേഖനങ്ങളും പ്രസംഗങ്ങളും. എല്ലാ ഞായറാഴ്ചയും അരമണിക്കൂർ വിശുദ്ധ കുർബ്ബാനയിലെ വചനം വ്യാഖ്യാനിച്ചുകൊടുക്കുന്നതിനും അങ്ങനെ തന്റെ അജഗണങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതി നും ശ്രമിച്ചിരുന്നു. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അന്തർധാരയായ വിശുദ്ധ കുർബ്ബാന, ദിവ്യകാരുണ്യജീവിതം, ആരാധനക്രമവത്സരം, ആത്മായപ്രേഷിതത്വം, വേദപ്രചാരം, നോമ്പ് ആചരണം, മതബോധനം, ക്രിസ്തീയഭക്തിമുറകൾ, മാതാപിതാക്കന്മാരുടെ കടമകൾ, ക്രൈ സ്തവവിദ്യാഭ്യാസം, കുടുംബക്ഷേമം, ക്രൈസ്തവജീവിതത്തെ തളർ ത്തുന്ന തിന്മകൾ തുടങ്ങി ജീവിത സ്പർശിയായ എല്ലാ കാര്യങ്ങളും കേവലം 14 വർഷത്തെ ശ്ലൈഹികജോലികൾക്കിടയിൽ 113 ഇടയ ലേഖനങ്ങളിലായി തന്റെ അജഗണങ്ങളെ ഉദ്ബോധിപ്പിക്കാൻ അദ്ദേഹം അയച്ചിട്ടുണ്ട്. ഇവയിലെല്ലാം വർണ്ണപ്പകിട്ടാർന്ന സുഗന്ധ പുഷ്പങ്ങൾപോലെ ദൈവവചനം വിരിഞ്ഞു നിന്നിരുന്നു. ''ജ്ഞാനം'' തന്റെ പുത്രന്മാരെ മഹത്വത്തിലേക്ക് ഉയർത്തുകയും തന്നെ തേടുന്നവരെ സഹായിക്കുകയും ചെയ്യുന്നു. (പ്രഭാ. 4:11) പിതാവിന്റെ ഇടയലേഖനങ്ങളിലേക്ക് നോക്കുമ്പോൾ ജ്ഞാനത്തിൽ പിതാവ് അനുദിനം വളർന്നുകൊണ്ടിരുന്നു എന്നു കാണാം.

''നല്ല വളർത്തലും സന്മാർഗ്ഗാനുസരണമായ വിദ്യാഭ്യാസവും കൂടാ തെ കുട്ടികൾ ഇഹത്തിലാകട്ടെ പരത്തിലാകട്ടെ ഭാഗ്യവാൻമാർ ആകു

കയില്ല.'' എന്ന് പിതാവ് മാതാപിതാക്കളെ ഓർമ്മിപ്പിച്ചിരുന്നു. (PL. 28) കുട്ടികളുടെ പരിശീലനത്തെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചും പറയുമ്പോൾ അതിശക്തമായ വാക്കുകളാണ് പിതാവിന്റെ തൂലികയിൽ നിന്നും ഉതിർന്നു വീണിരുന്നത്. ''നിങ്ങൾ ദൈവത്തിനും സ്വർഗ്ഗത്തിനും വേണ്ടി നിങ്ങളുടെ കുട്ടികളെ വളർത്തുന്നില്ലെങ്കിൽ പിശാചിനും നരകത്തിനും വേണ്ടി അവരെ വളർത്തുന്നു. ഇങ്ങനെ ചെയ്യുന്നവർ ദൈവത്തിൻ പക്കൽ എത്ര കഠിനമായ കണക്ക് ഏൽപ്പിക്കേണ്ടിവരും.'' മാതാപിതാക്കളെ എസക്കിയേൽ പ്രവാചകന്റെ വാക്കുകൾ അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. ''നിന്റെ കൈയിൽ നിന്ന് ഞാൻ അവന്റെ രക്തത്തിന്റെ കണക്ക് ചോദിക്കും.'' (എസക്കിയേൽ 3-18) ഹൃദയത്തിൽ നന്മയുടെ തിരിനാളം അണയാതെ സൂക്ഷിക്കാൻ വിദ്യാഭ്യാസം ഒരുവനെ സഹായിക്കും. അപരന്റെ വേദനകളും ദു:ഖങ്ങളും ഏറ്റുവാങ്ങി സ്വാന്തനസ്പർശമാകുവാൻ വിദ്യാഭ്യാസം ഒരുവനെ പ്രാപ്തനാക്കും എന്ന ഉത്തമ ബോധ്യം പിതാവിനുണ്ടായിരുന്നു. അതുകൊണ്ടാണ് രൂപതയുടെ വിവിധ ഭാഗങ്ങളിൽ ഇംഗ്ലീഷ് മലയാളം സ്കൂളുകൾ സ്ഥാപിക്കുന്നതിനും - വാഴപ്പള്ളിയിൽ ഒരു ട്രെയിനിംഗ് സ്കൂൾ തുടങ്ങുന്നതിനും പിതാവിനെ പ്രേരിപ്പിച്ചത്. തന്റെ അജഗണങ്ങളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യം വച്ച് 1922 ൽ ചങ്ങനാശേരിയിൽ തുടക്കം കുറിച്ച എസ്.ബി. കോളേജ് ജാതിമതഭേദമെന്യേ എല്ലാവർക്കും നിരവധി നന്മകളും ദിശാബോധവും ആദ്ധ്യാത്മിക അടിത്തറയും പ്രധാനം ചെയ്യുന്നു.

ഗാർഹിക സഭയിൽ മക്കൾക്ക് ലഭിക്കുന്ന കൃപയാണ് ദൈവവിളി. കുടുംബമാകുന്ന പരിശീലനകളരിയിൽ മാതാപിതാക്കളുടെ ത്യാഗപൂർണ്ണമായ പരിചരണത്തിലും പ്രാർത്ഥനയിലും വളർന്നുവരുന്ന നല്ല മക്കളാണ് നല്ല വൈദികരും നല്ല സമർപ്പിതരും ആയിത്തീരുക. മക്കളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

തെറ്റായ ഏതു പ്രവൃത്തിയേയും അപലപിക്കുന്നതിനുള്ള ധീരതയും വിവേകവും ജാഗ്രതയും വിശ്വസ്തതയും സുതാര്യതയും വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ അദ്ദേഹം വച്ചു പുലർത്തി. അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന മദ്യപാനം, ആഡംബരം, ധൂർത്ത്, അശ്ലീലനാടകങ്ങൾ, വ്യവഹാരം, നിശാഘോഷങ്ങൾ തുടങ്ങിയ എല്ലാ സാമൂഹിക തിന്മകളെയും അദ്ദേഹം തുറന്നെതിർക്കുകയും അവയ്ക്കെതിരെ തൂലിക ചലിപ്പിക്കുകയും ചെയ്തു.

ജൂൺ 2-ാം തീയതി ഞായറാഴ്ച ആയതിനാൽ ജൂൺ 1-ാം തീയതി ശനിയാഴ്ചയാണ് ചരമദിനം ആഘോഷിക്കുന്നത്. അതിനൊരുക്കമായിട്ടുള്ള തിരുക്കർമ്മങ്ങൾ മെയ് 25-ാം തീയതി ആരംഭിക്കും.

ഈ ദിവസങ്ങളിൽ 3.30 മുതൽ 4.30 വരെ വിശുദ്ധ കുർബ്ബാനയുടെ ആരാധനയും 4.30 ന് വിശുദ്ധ കുർബ്ബാനയും സന്ദേശവും മാധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. മെയ് 30-ാം തീയതി വ്യാഴാഴ്ച 3 മണിക്ക് പാറേൽപ്പള്ളയിൽ നിന്നു ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ പിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥാടന പദയാത്ര ഉണ്ടായിരിക്കുന്നതാണ്. ഇവയിലെല്ലാം ആത്മാർത്ഥമായി പങ്കുചേർന്ന് പിതാവിന്റെ പ്രാർത്ഥനാ സഹായം തേടാം. കഴിയുന്നതും വേഗം സഭയിലെ വിശുദ്ധരുടെ ഗണത്തിലേക്ക് പിതാവ് ഉയർത്തപ്പെടുന്നതിനായി നമ്മുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

വിശുദ്ധ കുർബ്ബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ സഹസ്ഥാപകയും ആദ്യാംഗവുമായ മദർ മേരി ഫ്രാൻസിസ്കാദ് ഷന്താളിനെ ദൈവദാസിയായി പ്രഖ്യാപനം ചെയ്തത് 2018 ഓഗസ്റ്റ് 4 ആണല്ലോ. മദറിന്റെ 47-ാം ചരമദിനം മെയ് 25-ാം തീയതിയാണ്. അന്നു രാവിലെ 9 മണിക്ക് അതിരമ്പുഴ മഠം ചാപ്പലിൽ മദറിന്റെ കബറിടത്തിൽ ഒപ്പീസും തുടർന്ന് അൽഫോൻസാഹോളിൽ മദറിന്റെ സുകൃതജീവിതത്തെ പുരസ്കരിച്ച് ഒരു സിമ്പോസിയവും ഉണ്ടായിരിക്കുന്നതാണ്. 11 മണിക്ക് കാഞ്ഞിരപ്പള്ളി സഹായമെത്രാൻ മാർ മാത്യു പുളിയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിൽ സമൂഹബലിയും അതിനുശേഷം ഓഡിറ്റോറിയത്തിൽ നേർച്ചഭക്ഷണവും ഉണ്ടായിരിക്കും. മദർ ഷന്താൾ സമൂഹത്തിന് ചെയ്തിട്ടുള്ള സേവനങ്ങൾ മനസ്സിലാക്കുന്നതിനും ദൈവത്തെ സ്തുതിക്കുന്നതിനും ഈ അവസരം ഉപയോഗിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മദറിന്റെ നാമകരണ നടപടികൾ അതിവേഗം പുരോഗമിക്കുന്നതിനും നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B: *ഈ സർക്കുലർ മെയ് 26-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

# ജയ്പൂർ മിഷൻ സന്ദർശനം

## ഏപ്രിൽ 1–6

''രക്ഷയുടെ സാർവത്രിക കൂദാശ ആയിരിക്കാൻ വേണ്ടി ജനതകളുടെ പക്കലേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ട സഭ തനിക്ക് സ്വതസിദ്ധമായ സാർവത്രികതയുടെ ആന്തരികാഭിമുഖ്യങ്ങൾ നിമിത്തം, തന്റെ സ്ഥാപകന്റെ കല്പനയനുസരിച്ച് സകലമനുഷ്യരോടും സുവിശേഷം പ്രഘോഷിക്കാൻ പരിശ്രമിക്കുന്നു. സഭയുടെ അടിസ്ഥാനമായ ശ്ലീഹന്മാർ തന്നെയും മിശിഹായുടെ പാദമുദ്രകൾ പിന്തുടർന്ന് സത്യത്തിന്റെ വചനം പിന്തുടർന്ന് സഭകളെ ജനിപ്പിക്കുകയും ചെയ്തു. അവരുടെ പിൻഗാമികളുടെ ചുമതല ഈ ജോലി ശാശ്വതമാക്കുകയും അതുവഴി ദൈവവചനം പ്രചരിപ്പിക്കുകയും മഹത്വപ്പെടുകയും ദൈവരാജ്യം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടുകയും സുസ്ഥാപിക്കപ്പെടുകയും ചെയ്യുവാൻ ഇടയാക്കുക എന്നതാണ്'' (AG). കത്തോലിക്കാ സഭക്ക് ഒരിക്കലും വചനം പ്രഘോഷിക്കാതിരിക്കാനാവില്ല കാരണം സുവിശേഷ പ്രഘോഷണമാണ് സഭയുടെ സ്വത്വം. ഇന്ത്യയിൽ കത്തോലിക്കാ സഭയ്ക്ക് ഏറ്റവും കൂടുതൽ മിഷനറിമാരെ പ്രദാനം ചെയ്ത സഭയാണ് സീറോ മലബാർ സഭ. ഇന്ത്യ മുഴുവനും സീറോ മലബാർ സഭയ്ക്ക് പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ച ഈ പശ്ചാത്തലത്തിൽ കൂടുതൽ മിഷൻ ചൈതന്യത്തോടെയും തീക്ഷ്ണതയോടെയും നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പ്രേഷിത മേഖലയിൽ ചങ്ങനാശേരി അതിരൂപത എന്നും മുൻപന്തിയിലാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ്, ഇന്ന് തക്കല രൂപതയായ് വളർന്നിരിക്കുന്ന കന്യാകുമാരി മിഷനും ഇറ്റാവാ മിഷനും. ഏറ്റവും പുതിയതായ് ചങ്ങനാശേരി അതിരൂപത ഏറ്റെടുത്തിരിക്കുന്ന മിഷനാണ് രാജസ്ഥാനിലെ ജയ്പൂർ മിഷൻ. ഒരു വൈദികനും കുറച്ച് സീറോ മലബാർ വിശ്വാസികളും എന്ന നിലയിൽ ആരംഭിച്ച ജയ്പൂർ മിഷൻ ഇന്ന് നാല് വൈദികരും 5 സമൂഹങ്ങളുമായി വളർന്നിരിക്കുന്നു. രാജസ്ഥാനിലെ 12 ജില്ലകളിലായി സെന്റ്. മേരീസ് ജയ്പൂർ മിഷൻ എന്ന പേരിൽ ഈ മിഷൻ അറിയപ്പെട്ട് തുടങ്ങിയിരിക്കുന്നു.

ഏപ്രിൽ 1 മുതൽ 6 വരെ നീണ്ടു നിന്ന സെന്റ്. മേരീസ് ജയ്പൂർ മിഷൻ സന്ദർശനത്തിന് രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. നാളിതുവരെയുള്ള പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസിലാക്കുകയും


ഭാവിസാധ്യതകളെ ആരായുകയും ചെയ്യുക. ദൈവാനുഗ്രഹത്താൽ ഈ രണ്ട് ലക്ഷ്യങ്ങളും പൂർത്തീകരിക്കാൻ എനിക്ക് സാധിച്ചു.

വർഷങ്ങളായി ജയ്പൂരിൽ താമസിച്ച് വന്നിരുന്ന സീറോമലബാർ വിശ്വാസികൾ ആത്മീയ ആവശ്യങ്ങൾക്കായി ആശ്രയിച്ചിരുന്നത് ജയ്പൂർ ലത്തീൻ രൂപതയെയായിരുന്നു. എന്നാൽ ഇന്ന് ജയ്പൂരിലുള്ള സീറോ മലബാർ വിശ്വാസികളെ സംരക്ഷിക്കാനും ആത്മീയ ആവശ്യങ്ങൾ നിറവേറ്റാനും സെന്റ് മേരീസ് ജയ്പൂർ മിഷൻ വളർന്നുകൊണ്ടിരിക്കുന്നു. ഏപ്രിൽ 1 തിങ്കളാഴ്ച വൈകുന്നേരം 7 മണിയോടുകൂടി ജയ്പൂരിൽ എത്തിച്ചേരാൻ സാധിച്ചു. ഷംഷാബാദ് രൂപതയുടെ വികാർ ജന റാളും ജയ്പൂർ മിഷന്റെ സുപ്പീരിയറുമായ പെരിയ ബഹു. ജെയിംസ് പാലക്കലച്ചനും ബഹു. സെബാസ്റ്റ്യൻ ശൗര്യാമാക്കിലച്ചനും ബഹു. പോൾ പീടിയേക്കലച്ചനും ബഹു. വിൽസൺ പുന്നക്കാലയിൽ അച്ച നും ബഹു. ജോഷ്വാ തുണ്ടത്തിൽ അച്ചനും യാത്രയിലുടനീളം എന്നോ ടൊപ്പം ഉണ്ടായിരുന്നു. ഏപ്രിൽ 2-ാം തീയതി വെളുപ്പിനെ 5.30 ന് ഹോളി ഫാമിലി ജയ്പൂർ ചാപ്പലിൽ വി. കുർബാന അർപ്പിച്ചതിന് ശേഷം ജയ്പൂരിൽ നിന്നും ഏകദേശം 340 കി. മീ. ദൂരമുള്ള ജോധ്പൂരി ലേക്ക് യാത്രതിരിച്ചു. ജോധ്പൂരിലേക്കുള്ള യാത്രക്കുള്ള പ്രധാന ഉദ്ദേശ്യം ജോധ്പൂരിലുള്ള സീറോമലബാർ വിശ്വാസികളെ കാണുകയെ ന്നതും ജോധ്പൂർ ജില്ലയുടെ പോലീസ് കമ്മീഷണർ ആയി സേവനം ചെയ്യുന്ന സീറോ മലബാർ സഭാംഗമായ ശ്രീ. ബിജു ജോർജ് ജോസഫ് ഐപിഎസ് നെ സന്ദർശിക്കുക എന്നതുമായിരുന്നു. രണ്ട് ദൗത്യങ്ങളും പൂർത്തീകരിച്ചതിനുശേഷം ജോധ്പൂരിൽ നിന്ന് ഏകദേശം 373 കി. മി. ദൂരമുള്ള കോട്ടയിലേക്ക് യാത്ര തിരിച്ചു. ഏപ്രിൽ 3 ന് കോട്ടയിൽ എത്തിച്ചേരുകയും തുടർന്ന് പുതിയ ഒരു ദൈവാലയം സ്ഥാപിക്കാൻ ഉതകുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു. കോട്ട സ്റ്റേഷന്റെ പ്രത്യേക ദൗത്യം വഹിക്കുന്ന ബഹു. സെബാസ്റ്റ്യൻ ശൗര്യാമാക്കിൽ അച്ചൻ തന്നെ ശുശ്രൂഷ ചെയ്യുന്ന ബൂന്തി എന്ന സ്ഥലത്തേക്ക് യാത്ര തിരിച്ചു. ഇറ്റാവാ മിഷൻ സുപ്പീരിയർ ബഹു. ഷാജി ഏഴികാട്ടച്ചനും ബൂന്തിയിൽ എത്തിച്ചേർന്നു. ബൂന്തിയിൽ ഏകദേശം 5 കുടുംബാംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. ഇടവകാംഗത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളിലെ ചാപ്പലിലാണ് വി. കുർബ്ബാന അർപ്പിക്കപ്പെടുന്നത്. ഞായർ, തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ പ. കുർബ്ബാന അവിടെ അർപ്പിക്ക പ്പെടുന്നു. ബൂന്തിയിൽ തന്നെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ സന്ദർശിച്ചു. അതിനുശേഷം കോട്ടയിലേക്ക് വീണ്ടും യാത്രയായി. വൈകുന്നേരം കോട്ടയിലെ ലത്തീൻ ദൈവാലയത്തിൽ സീറോമലബാർ

വിശ്വാസികളെ ഒന്നിച്ചുകൂട്ടി പരിശുദ്ധ കുർബ്ബാന അർപ്പിക്കാൻ സാധിച്ചു. നൂറോളം വിശ്വാസികൾ പരിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തു. പരിശുദ്ധ കുർബ്ബാന മധ്യേ കോട്ട സ്റ്റേഷനെ മാർ സ്ലീവാ എന്ന് നാമകരണം ചെയ്തു. കോട്ടയിൽ ഏകദേശം 25 കുടുംബങ്ങൾ അംഗത്വം എടുത്തിരിക്കുന്നു. തുടർന്ന് കോട്ടയിൽ നിന്ന് ഏകദേശം 250 കി. മി. ദൂരമുള്ള ജയ്പൂരിലേക്ക് യാത്ര തിരിച്ചു. ഏപ്രിൽ 4 ന് ജയ്പൂരിൽ എത്തിച്ചേർന്നു. തുടർന്ന് സന്ദർശിച്ചത് ബിവാടി മിഷൻ സ്റ്റേഷനാണ് ജയ്പൂരിൽ നിന്ന് ഏകദേശം 203 കി.മി. ദൂരത്തിലാണ് ബിവാടി സ്ഥിതിചെയ്യുന്നത്. ജയ്പൂരിലേതുപോലെ തന്നെ അംഗബലത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന സമൂഹമാണ് ബിവാടിയിലുള്ള സീറോ മലബാർ സമൂഹം. ബിവാടിയിലേക്കുള്ള യാത്രാമധ്യേ ഡൽഹി അതിരൂപതയുടെ ദാരുഹേരയിലുള്ള മാതാമറിയം കാത്തലിക് ചർച്ച് സന്ദർശിക്കുകയും ചങ്ങനാശേരി അതിരൂപതാംഗം കൂടിയായ ഡയറക്ടർ മാത്യു പി.ജെ. അച്ചനെക്കണ്ട് പ്രേഷിതസാധ്യതകളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ഈ സ്ഥാപനത്തോടൊപ്പം തന്നെ പ്രവർത്തിക്കുന്ന ആശാകിരൺ ഓർഫനേജ് സന്ദർശിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തതിന് ശേഷം ബിവാടിയിലേക്ക് യാത്രതിരിച്ചു. ബിവാടിയിലുള്ള സീറോ മലബാർ സഭാ വൈദികർക്ക് എന്നും സഹായമായിരുന്ന ഓർത്തഡോക്സ് വൈദികൻ ബഹു. ചെറിയാൻ അച്ചനെയും കുടുംബാംഗങ്ങളെയും ഭവനത്തിൽ എത്തി സന്ദർശിച്ചു. തുടർന്ന് ഏതാനും ഭവനങ്ങൾ സന്ദർശിച്ചതിന് ശേഷം പരിശുദ്ധ കുർബ്ബാന അർപ്പിച്ചു. ഏകദേശം 50 അംഗങ്ങളോളം വി. കുർബ്ബാനയിൽ സംബന്ധിച്ചു. വി. കുർബ്ബാന മധ്യേ ഈ സമൂഹത്തിനെ സെന്റ്. ജോസഫ് എന്ന് നാമകരണം ചെയ്തു. വിശ്വാസികളെയെല്ലാം വ്യക്തിപരമായി കണ്ടതിനുശേഷം ജയ്പൂരിലേക്ക് വീണ്ടും യാത്രയായി. ഇപ്പോൾ മാസത്തിൽ ഒരു കുർബ്ബാന മാത്രമേ ബിവാടിയിൽ അർപ്പിക്കാൻ സാധിക്കുന്നുള്ളൂ. ബഹു. പോളച്ചനും ബഹു. വിൽസൺ അച്ചനും ബിവാടിയിൽ പരി. കുർബ്ബാന അർപ്പിച്ചു പോരുന്നു. ജയ്പൂരിലേക്കുള്ള മടക്കയാത്രയിൽ ജയ്പൂർ എത്തുന്നതിന് 40 കി. മി. മുമ്പാണ് ഞങ്ങൾ സഞ്ചരിച്ച വാഹനം അപകടത്തിൽപെടുന്നത്. ദൈവപരിപാലന അത്ഭുതകരമായി ഞങ്ങളെ ഓരോരുത്തരെയും കാത്തുരക്ഷിച്ചു. ആശുപത്രിയിൽ ഞങ്ങളെ സന്ദർശിക്കുകയും ഭക്ഷണം നൽകുകയും ചെയ്ത ഇടവകാംഗങ്ങളെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. അതുപോലെ തന്നെ ആശുപത്രിയിൽ എത്തി ഞങ്ങളെ സന്ദർശിച്ച ജയ്പൂർ രൂപതാധ്യക്ഷൻ മാർ ഓസ്വാൾഡ് ലെവിസ് പിതാവിനെ നന്ദിയോടെ ഓർക്കുന്നു. ഏപ്രിൽ 5-ാം തീയതി ഉച്ചയോടെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയി

പുതിയതായി ആരംഭിക്കുന്ന ട്രസ്റ്റിന്റെ നിയമ നടപടികൾ പൂർത്തിയാക്കി. അതിന്റെ ഭാഗമായ് ചങ്ങനാശേരി അതിരൂപത പ്രൊക്യുറേറ്റർ ബഹു. ഫിലിപ്പ് തയ്യിൽ അച്ചനും എത്തിച്ചേർന്നിരുന്നു. അന്നേദിവസം സെന്റ്. തോമസ് ജോട്ട്വാര സമൂഹത്തോടൊപ്പം പരിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ ആഗ്രഹിച്ചതെങ്കിലും ആരോഗ്യപരമായകാരണങ്ങളാൽ അത് മാറ്റി വയ്ക്കേണ്ടി വന്നത് മാത്രമാണ് ഈ പ്രേഷിത യാത്രയിൽ പൂർത്തീകരിക്കാനാവാതെ പോയത്. ഏകദേശം 40 ഓളം അംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്ന ഈ സമൂഹത്തിന്റെ ആത്മീയ ആവശ്യങ്ങൾ നിർവഹിക്കുന്നത് ബഹു. വിൽസൺ പുന്നക്കാലയച്ചനാണ്. ഏപ്രിൽ 6-ാം തീയതി ജയ്പൂർ ഹോളിഫാമിലി ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. ഈ ഇടവക സമൂഹത്തിൽ 50 ഓളം കുടുംബങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. ബഹു. പോൾ പീടിയേക്കലച്ചനാണ് ഇവിടെ ശുശ്രൂഷ ചെയ്യാവുന്നത്. മനോഹരമായ ഒരു ദൈവാലയം പണിയാൻ വാങ്ങിയ ജയ്പൂരിലെ സ്ഥലം സന്ദർശിക്കുകയും അതിനോട് ചേർന്ന് തന്നെ വൈദികർക്ക് താമസിക്കാനുള്ള ഒരു ഭവനം വാങ്ങാനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തു. ഈ മിഷൻ സന്ദർശനത്തിലൂടെ എല്ലാ മിഷൻസ്റ്റേഷനുകളും സന്ദർശിച്ച് എല്ലാ സ്റ്റേഷനുകളുടെയും നാമകരണം നടത്തുവാനും സാധിച്ചു. അതുപോലെ തന്നെ ലത്തീൻ രൂപത വൈദികരുമായും നല്ല ബന്ധം വളർത്തിയെടുക്കാനും സാധിച്ചു. പ്രവാസത്തിൽ ആയിരിക്കുന്ന എല്ലാ സീറോമലബാർ വിശ്വാസികളും നമ്മുടെ തന്നെ പാരമ്പര്യവും ആരാധനക്രമവും സംരക്ഷിക്കുവാനും. നിലനിർത്തുവാനും സീറോമലബാർ സഭയിലേക്ക് കടന്ന് വരണം എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമായി തോന്നുന്നു. ജയ്പൂർ മിഷനിൽ അക്ഷീണം പ്രവർത്തിക്കുന്ന നമ്മുടെ വൈദികരെ പ്രത്യേകം അനുമോദിക്കുന്നു. പരിശുദ്ധ അമ്മയുടെ നാമത്തിലുള്ള ഈ മിഷന് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം എന്നും ലഭിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




## I

## 132 -ാമത് അതിരൂപതാ ദിനാചരണം

**2019 മെയ് 20 തിങ്കളാഴ്ച രാവിലെ 10:30 മുതൽ ഉച്ചകഴിഞ്ഞ് 03:30 വരെ**

**അമ്പൂരി ഫൊറോനായുടെ നേതൃത്വത്തിൽ**
**ദൈവദാസൻ ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. നഗറിൽ**
**(കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ടിൽ) നടത്തപ്പെടുന്നു.**

### ഇടവകകളിൽ നിന്ന് പ്രതിനിധി സമ്മേളനത്തിലും പൊതുസമ്മേളനത്തിലും പങ്കെടുക്കേണ്ടവർ

ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി കൂടാതെ ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോന കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പ്രതിനിധിയോഗ സെക്രട്ടറി, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, അൾത്താര ബാലന്മാരുടെ ഒരു പ്രതിനിധി, മിഷൻലീഗ്, യുവദീപ്തി, മാതൃവേദി, പിതൃവേദി, കുടുംബകൂട്ടായ്മ, DCMS, KLM, AKCC, CHASS തുടങ്ങിയ സംഘടനകളുടെ പ്രതിനിധി, കണക്കൻ, ദൈവാലയശുശ്രൂഷി എന്നിവരിൽ നിന്ന് 13 പേരെ തെരഞ്ഞെടുത്ത് അയയ്ക്കേണ്ടതാണ്. യാത്രാച്ചെലവുകൾ അതാതു പള്ളിക്കാര്യത്തിൽനിന്നും വഹിക്കേണ്ടതാണ്.

## II

## നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

2019 മെയ് 30-ാം തീയതി വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധിക്കത്തക്കവിധം ഇടവകകളിൽ വി. കുർബാനയുടെ സമയം ക്രമീകരിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## III

## അതിരൂപതാ ബൈബിൾ ഫണ്ട്

നമ്മുടെ കർത്താവീശോമിശിഹായുടെ സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള ഞായറാഴ്ചയായ മെയ് 26-ാം തീയതിയിലെ

സ്തോത്രകാഴ്ച അതിരൂപതാ ബൈബിൾ ഫണ്ടിനുവേണ്ടി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## IV
## മൂറോൻ കൂദാശ

മാർ അപ്രേം പിതാവിന്റെ ഓർമ്മദിനമായ ജൂൺ 8-ാം തീയതി (2019) ഉച്ചകഴിഞ്ഞ് 3 മണിക്ക് മെത്രാപ്പോലീത്തൻ പള്ളിയിൽ വിശുദ്ധ മൂറോൻ കൂദാശ ചെയ്യുന്നു. അതിരൂപതയിലെ എല്ലാ വൈദികരും സാധ്യമാകുന്നിടത്തോളം സന്യസ്തരും അല്മായരും മൂറോൻ കൂദാശ കർമ്മത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## V
## വൈദികരുടെ തുടർപരിശീലനം

യുവജനവർഷത്തോടനുബന്ധിച്ച് നമ്മുടെ വൈദികരുടെ തുടർ പരിശീലനത്തിനായി നടത്തുന്ന പഠനപരിപാടി മെയ് 21, 22 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുകയാണ്. 1996 മുതൽ 2006 വരെ പട്ടം സ്വീകരിച്ച എല്ലാ വൈദികരും മെയ് 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 09:30 നു തന്നെ എത്തിച്ചേരാനും 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരു മണി വരെയുള്ള സമയം പൂർണ്ണമായും സന്നിഹിതരാകാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

---

## തിരുത്ത്

1. 2019 ഏപ്രിൽ മാസം വേദപ്രചാര മദ്ധ്യസ്ഥനിൽ പ്രത്യേക പിരിവുകൾ അടയ്ക്കേണ്ടത് പേജ് 13-ൽ, വൈദിക ക്ഷേമനിധി-ഇടവകയിൽ സേവനം ചെയ്യുന്ന ഒരു വൈദികന് 10000/- രൂപ വീതം എന്നുള്ളത് 15000/- രൂപ എന്ന് തിരുത്തി വായിക്കുക.

2. അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്നതിൽ ചില ഇടവകകളുടെ പേര് വിട്ടുപോയിരിക്കുന്നതിൽ ഖേദിക്കുന്നു.

**ഇടവകകളും, കണക്കുമായി വരേണ്ട തീയതിയും ചേർക്കുന്നു.**

| Name of the Churches | Date |
|---|---|
| Karuvatta (Kariyil) Holy Family | 17-06-2019 |
| Kazhakkoottam St. John Paul IInd | 18-06-2019 |
| Kidangara (Pulimugham) | |
| Marth Mariam | 19-06-2019 |
| Koilmuk St. Joseph's | 20-06-2019 |
| Kottayam Lourdes Forane Church | 21-06-2019 |
| Koothrappally St. Mary's | 24-06-2019 |
| Kuttamangalam St. Joseph's | 25-06-2019 |
| Arunoottampadam S.H. | 26-06-2019 |
| Cheeppunkal St. Antony's | 27-06-2019 |
| Cheeramchira St. George's | 28-06-2019 |
| Manimala St. Basil | 01-07-2019 |
| Mithrakary East Holy Family | 02-07-2019 |
| Muttar -CMI- | |
| Immaculate Conception | 05-07-2019 |
| Panayampala St. Sebastian's | 08-07-2019 |
| Kanichukulangara (Paduvapuram) | |
| St. Antony's | 10-07-2019 |
| Paravoor Holy Family | 12-07-2019 |
| SL Puram (Kanjikuzhy) | |
| St. Sebastian's | 16-07-2019 |
| Yudapuram St. Jude | 16-07-2019 |

## 2019 മെയ് 12 ഞായർ മുതൽ 19 ഞായർ വരെ
# അതിരൂപതാദിന ഒരുക്ക പ്രാർത്ഥനാ വാരാചരണം

### 1. മെയ് 12 ഞായറാഴ്ച അതിരൂപതാദിന ഇടവകതല ആഘോഷം

മെയ് 12 ഞായറാഴ്ചയിലെ എല്ലാ വിശുദ്ധകുർബാനകളിലും അഭിവന്ദ്യപിതാവിന്റെ സർക്കുലർ വായിക്കുക. കാറോസൂസ പ്രാർത്ഥനയെ തുടർന്ന് അതിരൂപതാദിന ഒരുക്കപ്രാർത്ഥന ചൊല്ലുക. വിശുദ്ധ കുർബാനയ്ക്ക് ശേഷം അതിരൂപതാദിന പ്രതിജ്ഞ ചൊല്ലുക. ആദ്യത്തെ വിശുദ്ധകുർബാനയ്ക്ക്ശേഷം അതിരൂപതാദിന വിളംബരമായി പേപ്പൽ പതാക ഉയർത്തുക. അതിരൂപതാ ആന്തം ആലപിക്കുക. എല്ലാ കുർബാനകൾക്കുശേഷവും അതിരൂപതാ ആന്തം ആലപിക്കുന്നതും പ്രതിജ്ഞ ചെല്ലുന്നതും അഭികാമ്യമാണ്.

### 2. പൊതുനിയോഗങ്ങൾ (വിശുദ്ധകുർബാനയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ)

12.05.2019 (ഞായർ) : അതിരൂപതാദിന ഇടവകതല ആഘോഷം, പതാകദിനം

നിയോഗം : അതിരൂപതയിലെ അഭിവന്ദ്യപിതാക്കന്മാർ, വൈദികർ, സമർപ്പിതർ, ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനായി ആദിമ സഭയിലെ പോലെ ഒരു ഹൃദയവും ഒരാത്മാവുമുള്ള സമൂഹമാകുവാൻ പ്രാർത്ഥിക്കാം.

13.05.2019 (തിങ്കൾ) : പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായി, ലോകസമാധാനത്തിനായി പ്രാർത്ഥിക്കാം.

14.05.2019 (ചൊവ്വ) : സീറോമലബാർ സഭയ്ക്കായി, ലോക സുവിശേഷവൽക്കരണ വിളിയെ സമർപ്പിച്ച് പ്രാർത്ഥിക്കാം.

15.05.2019 (ബുധൻ) : ഓരോ കുടുംബത്തിന്റെയും പ്രാർത്ഥനാ നിയോഗങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കാം. കുടുംബം ദൈവം വസിക്കുന്ന കൂടാരമാകാൻ, ജീവന്റെ സംരക്ഷകരും പ്രേഷിതരുമാകാൻ.

16.05.2019 (വ്യാഴം) : കുട്ടികൾ, യുവജനങ്ങളുടെ നിയോഗങ്ങൾ, വെല്ലുവിളികൾ സമർപ്പിക്കാം.

അവർ ഈശോയുടെ സ്നേഹം കൊണ്ടു നിറഞ്ഞ് സഭയുടെ പ്രേഷിതരായി ലോകത്തെ നവീകരിക്കാൻ പ്രാർത്ഥിക്കാം.

17.05.2019 (വെള്ളി) : സഹനസഭയ്ക്കായി കൈ ഉയർത്താം ഉപവാസ പ്രാർത്ഥനാദിനം.

ഈ കാലഘട്ടത്തിലെ കുടുംബങ്ങളും, ഇടവകയും സഭയും ലോകവും കടന്നു പോകുന്ന പ്രതിസന്ധികളെ,സഹനങ്ങളെ സമർപ്പിക്കാം.

അതിരൂപതയുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കാം.

18.05.2019 (ശനി) : പൂർവ്വീകർക്കായി പ്രാർത്ഥിക്കാം സകല മരിച്ചുപോയവർ, പ്രത്യേകിച്ച് അതിരൂപതയെ നയിച്ച് കടന്നുപോയ അഭിവന്ദ്യപിതാക്കന്മാർ, വൈദീകർ, സന്യസ്തർ, അല്മായരെ അനുസ്മരിക്കാം.

19.05.2019 : (ഞായർ) വിശുദ്ധിയും തീക്ഷണതയുള്ള വൈദീക-സന്യാസ-കുടുംബജീവിത ദൈവ വിളികളാൽ കുടുംബങ്ങളും ഇടവകയും സഭയും സമ്പന്നമാക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

നാളെ അമ്പൂരി ഫൊറോനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്മാതാ എഞ്ചിനീയറിംങ്ങ് കോളേജിൽ നടക്കുന്ന അതിരൂപതാദിനാചരണത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കാം.

N.B : അതിരൂപതാദിനാചരണത്തിന് ഒരുക്കമായി മെയ് 12 മുതൽ 19 വരെ ചൊല്ലാനുള്ള പ്രാർത്ഥനയും മെയ് 12-ാം തീയതി ഞായറാഴ്ച ചൊല്ലാനുള്ള അതിരൂപതാദിന പ്രതിജ്ഞയും ബാക്ക് കവർ പേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

# 132–ാം ചങ്ങനാശേരി അതിരൂപതാ ദിനാഘോഷങ്ങൾ

## 2019 മെയ് 18 ശനി അമ്പൂരിയിൽ

03:00 p.m. : ഛായാചിത്രപ്രയാണം

ദൈവദാസൻ ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. യുടെ സ്മൃതി മണ്ഡപം സ്ഥിതി ചെയ്യുന്ന മായം സെന്റ് മേരീസ് പള്ളിയിൽ നിന്നും അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിലേയ്ക്ക്

06:00 p.m. : അനുസ്മരണ പ്രഭാഷണം - **റവ. ഫാ. സെബാസ്റ്റ്യൻ കൂടപ്പാട്ട്**
(പ്രൊവിൻഷ്യൽ, സീറോ മലബാർ പ്രോവിൻസ്)

റംശ കാർമ്മികൻ : **മാർ തോമസ് തറയിൽ മെത്രാൻ**

## 2019 മെയ് 20 തിങ്കൾ പ്രതിനിധി സമ്മേളനം

10:30 a.m. : പതാക ഉയർത്തൽ - **ശ്രീ. ജോസ് മാത്യു ആനിത്തോട്ടം**

*ഖുത്താ ആ* പ്രാർത്ഥന

സ്വാഗതം - **മാർ തോമസ് തറയിൽ മെത്രാൻ**

നഗർ പരിചയപ്പെടുത്തൽ - **വെരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ**
(ഫൊറോനാ വികാരി)

ഉദ്ഘാടനം - **റൈറ്റ് റവ. ഡോ. എം. സൂസൈപാക്യം**

അദ്ധ്യക്ഷപ്രസംഗം - **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

മുഖ്യപ്രഭാഷണം - **ശ്രീ. യു. വി. ജോസ് ഐ. എ. എസ്.**

ആശംസ - **റവ. സി. ഡോ. അമല ജോസ് എസ്. എച്ച്.**
(എസ്.എച്ച് പ്രൊവിൻഷ്യൽ)

12:50 p.m. : സ്നേഹവിരുന്ന്, കലാപരിപാടികൾ

## പൊതുസമ്മേളനം

01:45 p.m. : സ്വാഗതം - **റവ. ഡോ. ഫിലിപ്സ് വടക്കേക്കളം**

അദ്ധ്യക്ഷപ്രസംഗം - **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

ഉദ്ഘാടനം - **ഡോ. എസ്. സോമനാഥ്**

ഭവന നിർമ്മാണ പദ്ധതി സമർപ്പണം -

**മാർ തോമസ് തറയിൽ മെത്രാൻ**

ആശംസ - **ജെ. അലക്സാണ്ടർ IAS & പ്രൊഫ. ജെ. ഫിലിപ്പ്**

ആദരിക്കൽ

പ്രഖ്യാപനങ്ങൾ - **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

പതാക കൈമാറൽ, കൃതജ്ഞത

# അതിരൂപത കുട്ടനാട് പുനർനിർമ്മാണ പദ്ധതി

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടനാട്ടിൽ നടത്തപ്പെടുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഏപ്രിൽ മാസം വിവിധ പദ്ധതികളിൽ സഹായവിതരണം നടത്തി.

## A. ഭവനനിർമ്മാണം (10.04.2019)

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| പാണ്ടി | 4 | 219000 |
| പുതുക്കരി | 4 | 1,70,000 |
| തായങ്കരി | 4 | 2,67,000 |
| മരിയാപുരം | 4 | 3,11,000 |
| തകഴി | 4 | 3,87,000 |
| കരുമാടി | 4 | 2,82,000 |
| കേളമംഗലം | 1 | 98,000 |
| വേഴപ്രാ | 4 | 2,87,000 |
| രാമങ്കരി | 4 | 2,67,000 |
| മാമ്പുഴക്കരി | 3 | 1,79,000 |
| വെളിയനാട് North | 4 | 2,75,000 |
| കരുവാറ്റ | 4 | 3,85,000 |
| അമ്പലപ്പുഴ | 3 | 2,70,500 |
| പടഹാരം | 3 | 2,96,000 |
| ഈര | 3 | 2,35,000 |
| ചേന്നങ്കരി | 3 | 2,66,000 |
| മിത്രക്കരി | 4 | 2,10,000 |
| വെളിയനാട് South | 4 | 3,20,000 |
| മഹേന്ദ്രപുരം | 2 | 1,59,500 |
| എടത്വാ | 1 | 50,000 |
| പുഴവാത് | 1 | 35,000 |
| കുമരങ്കരി | 3 | 2,60,000 |
| വെട്ടിത്തുരുത്ത് | 3 | 2,45,000 |
| കാവാലം ലിസ്യൂ | 3 | 2,65,000 |
| കൈനടി | 4 | 3,10,000 |
| പച്ച ചെക്കിടിക്കാട് | 2 | 1,95,000 |
| പാങ്കരി | 3 | 2,50,000 |
| കേളമംഗലം | 1 | 50,000 |
| കാവാലം സെന്റ്തെരേസാസ് | 4 | 3,88,200 |
| പുന്നക്കുന്നം | 4 | 3,88,200 |
| വടക്കേഅമിച്ചകരി | 3 | 2,28,000 |
| പുളിംകുന്ന് | 1 | 1,00,000 |
| ഒന്നാംകര | 2 | 2,00,000 |
| പള്ളാത്തുരുത്തി | 3 | 2,25,000 |
| കൈനകരി | 4 | 3,60,000 |

| | | |
|---|---|---|
| പയറ്റുപാക്ക | 2 | 1,93,000 |
| പുറക്കാട് | 4 | 3,65,000 |
| കണ്ണാടി സെന്റ് റീത്താസ് | 3 | 2,89,000 |
| **ആകെ** | **117** | **92,80,400** |

## B. CHASS PERKപദ്ധതി

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ (CEI) സഹായത്തോടെ മുട്ടാർ, എടത്വാ, തകഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന PERK- Participatory Effort (Relief, Rehabilitation, Resettlement in Kuttanadu) പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന സഹായങ്ങൾ നൽകി.

### 1. ആട് വളർത്തൽ (ഏപ്രിൽ 5 ഒരു ഗുണഭോക്താവിന് 2 ആടുകൾ)

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| പുതുക്കരി | 1 | 10000 | 2000 | 12000 |
| കിഴക്കേമിത്രക്കരി | 4 | 40000 | 8000 | 48000 |
| കേളമംഗലം | 3 | 30000 | 6000 | 36000 |
| മിത്രക്കരി | 3 | 30000 | 6000 | 36000 |
| മരിയാപുരം | 2 | 20000 | 4000 | 24000 |
| പാങ്കരി | 3 | 30000 | 6000 | 36000 |
| കോയിൽമുക്ക് | 4 | 40000 | 8000 | 48000 |
| തകഴി | 4 | 40000 | 8000 | 48000 |
| കരുമാടി | 3 | 30000 | 6000 | 36000 |
| പടഹാരം | 3 | 30000 | 6000 | 36000 |
| പച്ച | 7 | 70000 | 14000 | 84000 |
| **ആകെ** | **37** | **370000** | **74000** | **444000** |

### 2. വാട്ടർ പ്യൂരിഫയർ (ഏപ്രിൽ 16, 17)

| ഇടവക | ഗുണഭോക്താക്കൾ | തുക |
|---|---|---|
| എടത്വാ | 16 | 80000 |
| മിത്രക്കരി | 11 | 55000 |
| കൊടുപ്പുന്ന | 10 | 50000 |
| ചങ്ങങ്കരി | 20 | 100000 |
| തായങ്കരി | 14 | 70000 |
| കിഴക്കേമിത്രക്കരി | 13 | 65000 |
| പുതുക്കരി | 15 | 75000 |
| **ആകെ** | **99** | **495000** |

### 3. ഹൈടെക് കോഴി കൂട് വിതരണം (ഏപ്രിൽ 13, 16)

| ഇടവക | ഗുണഭോക്താക്കൾ | തുക | ആകെ തുക |
|---|---|---|---|
| തകഴി | 7 | 10500 | 73500 |
| എടത്വാ | 17 | 10500 | 178500 |

| | | | |
|---|---|---|---|
| കരുമാടി | 4 | 10500 | 42000 |
| പടഹാരം | 5 | 10500 | 52500 |
| പച്ചചെക്കിടിക്കാട് | 11 | 10500 | 115500 |
| മിത്രക്കരി | 7 | 10500 | 73500 |
| മുട്ടാർ ന്യൂ | 6 | 10500 | 63000 |
| മരിയാപുരം | 6 | 10500 | 63000 |
| പാങ്കരി | 4 | 10500 | 42000 |
| കോയിൽമുക്ക് | 5 | 10500 | 52500 |
| കൊടുപ്പുന്ന | 7 | 10500 | 73500 |
| ചങ്ങങ്കരി | 10 | 10500 | 105000 |
| മുട്ടാർ ഓൾഡ് | 6 | 10500 | 63000 |
| തായങ്കരി | 6 | 10500 | 63000 |
| കേളമംഗലം | 5 | 10500 | 52500 |
| കിഴക്കേമിത്രക്കരി | 8 | 10500 | 84000 |
| പുതുക്കരി | 8 | 10500 | 84000 |
| മുട്ടാർ CMI | 3 | 10500 | 31500 |
| **ആകെ** | **125** | | **1312500** |

## C. CHASS-CARITAS INDIA EA-Project

കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പാക്കുന്ന പുനരധിവാസപദ്ധതിയിൽ (EA-Project) താഴെപ്പറയുന്ന സഹായങ്ങൾ വിതരണം ചെയ്തു.

### 1. ഭവന നിർമ്മാണം (ആദ്യഗഡു വിതരണം, മാർച്ച് 29)

| **ഇടവക** | **ഗുണഭോക്താക്കളുടെ എണ്ണം** | **EA ആദ്യഗഡു** | **ആകെ തുക** |
|---|---|---|---|
| വടക്കേഅമിച്ചകരി | 4 | 30000 | 120000 |
| ചമ്പക്കുളം | 4 | 30000 | 120000 |
| നസ്രത്ത് | 4 | 30000 | 120000 |
| ചേന്നങ്കരി | 2 | 30000 | 60000 |
| കങ്കരി | 4 | 30000 | 120000 |
| കൂലിപ്പുര | 5 | 30000 | 150000 |
| തെക്കേക്കര | 4 | 30000 | 120000 |
| വൈശ്യംഭാഗം | 4 | 30000 | 120000 |
| പൊങ്ങ | 3 | 30000 | 90000 |
| കൊാക്കൽ | 2 | 30000 | 60000 |
| തോട്ടുവാത്തല | 4 | 30000 | 120000 |
| നർബോണപുരം | 4 | 30000 | 120000 |
| **ആകെ** | **44** | | **1320000** |

**2. ശൗചാലയ നിർമ്മാണം ആദ്യഗഡു വിതരണം (മാർച്ച് 29)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | EA സംഭാവന | ആകെ പദ്ധതി തുക |
|---|---|---|---|
| വടക്കേഅമിച്ചകരി | 7 | 15000 | 105000 |
| ചമ്പക്കുളം | 10 | 15000 | 150000 |
| നസ്രത്ത് | 7 | 15000 | 105000 |
| ചേന്നങ്കരി | 10 | 15000 | 150000 |
| കങ്കരി | 7 | 15000 | 105000 |
| കൂലിപ്പുര | 7 | 15000 | 105000 |
| തെക്കേക്കര | 7 | 15000 | 105000 |
| വൈശ്യംഭാഗം | 7 | 15000 | 105000 |
| പൊങ്ങ | 6 | 15000 | 90000 |
| കൊാക്കൽ | 7 | 15000 | 105000 |
| തോട്ടുവാത്തല | 7 | 15000 | 105000 |
| നർബോനപുരം | 7 | 15000 | 105000 |
| **ആകെ** | **89** | | **13,35,000/** |

**3.** കോഴി വളർത്തൽ (മാർച്ച് 30) ഒരു ഗുണഭോക്താവിന് 10 കോഴിവീതം (1500/- രൂപ) 100 ഗുണഭോക്താക്കൾക്കായി 1000 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | ആകെ പദ്ധതി തുക |
|---|---|---|
| വടക്കേഅമിച്ചകരി | 14 | 21000 |
| ചമ്പക്കുളം | 22 | 33000 |
| കങ്കരി | 12 | 18000 |
| തെക്കേക്കര | 12 | 18000 |
| വൈശ്യംഭാഗം | 16 | 24000 |
| കൊാക്കൽ | 11 | 16500 |
| പുല്ലങ്ങടി | 13 | 19500 |
| **ആകെ** | **100** | **1,50,000** |

**4. ആട് വളർത്തൽ (ഏപ്രിൽ 5, 16, ഒരു ഗുണഭോക്താവിന് 2 ആടുകൾ)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി തുക |
|---|---|---|
| നസ്രത്ത് | 10 | 100000 |
| പൊങ്ങ | 7 | 70000 |
| ചേന്നങ്കരി | 7 | 70000 |
| കൂലിപ്പുര | 5 | 50000 |
| തോട്ടുവാത്തല | 5 | 50000 |
| ആകെ | 34 | 340000 |

**D. പുറക്കാട് ഇടവകയിൽ പുന്നത്തുറ ഇടവകയുടെ ഭവന-ശൗചാലയ നിർമ്മാണ പദ്ധതി**

| പദ്ധതി | ഗുണഭോക്താക്കൾ | തുക |
|---|---|---|
| ഭവനനിർമ്മാണം | 3 | 150000 |
| ശൗചാലയനിർമ്മണം | 5 | 100000 |

**E. ഈരയിൽ പാലാ കരിമ്പാനി ഇടവകയുടെ നേതൃത്വത്തിൽ WATSAN പദ്ധതി**

| പദ്ധതി | ഗുണഭോക്താക്കൾ | തുക |
|---|---|---|
| ശൗചാലയനിർമ്മണം | 7 | 1,40,000 |
| വാർട്ടർ പ്യൂരിഫയർ | 7 | 35000 |

www.missionkuttanad.com
www.chasschry.org

**Fr. Joseph Kalarickal**
Director CHASS & Secretary,
Archdiocesan Rehabilitation & Monitoring Cell

## FORM IV

### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT VEDAPRACHARA MADHYASTAN

| | | | |
|---|---|---|---|
| 1. | Place of Publication | : | Changanasserry |
| 2. | Periodically of its publication | : | Monthly |
| 3. | Printer and Publisher | : | Fr. Mathew Padinjarekuttu |
| | Address | : | St. Joseph Orphanage Press & Bookstall Changanasserry - 686 101 |
| 4. | Nationality | : | Indian |
| 5. | Editor's Name | : | Fr. Tom Puthenkalam |
| | Nationality | : | Indian |
| | Address | : | Archbishop's House, P. B. No. 20 Aramanapady, Changanasserry, Kottayam - 686101 |

6. Name and address of individuals who owned the newspaper an Partners of Shareholders holding more than one per cent of the total capital.

The Magazine being of official organ of the Archdiocese of Changanasserry, I, Fr. Mathew Padinjarekuttu hereby declare that the particulars given above are true to the best of my knowledge and belief.

## 14-ാം പാസ്റ്ററൽ കൗൺസിൽ സമാപനസമ്മേളനം - റിപ്പോർട്ട്

പതിനാലാമത് പാസ്റ്ററൽ കൗൺസിലിന്റെ (2016-19) സമാപനസമ്മേളനം 2019 ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച ചങ്ങനാശേരി എസ്.ബി. കോളജിലെ അതിരൂപത ജൂബിലി ഹാളിൽ നടന്നു. ശ്രീ. ജോമ്മ കാട്ടടി, ഡോ. ജോസഫ് പാറ്റാനി എന്നിവർ നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിച്ച സമ്മേളനത്തിൽ വികാരി ജനറാൾ വെരി റവ. ഡോ. ജോസഫ് മുണ്ടകത്തിൽ സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ സുവർണ്ണജൂബിലി (1967-2017) ആഘോഷിക്കുവാൻ ഭാഗ്യം ലഭിച്ച 14-ാം പാസ്റ്ററൽ കൗൺസിലിനേയും അത് അർത്ഥവത്തായ പരിപാടികളിലൂടെ നടത്തുന്നതിന് മുൻകൈയെടുത്ത എല്ലാവരേയും അച്ചൻ സ്വാഗതപ്രസംഗത്തിൽ അനുമോദിച്ചു.

അന്തരിച്ച ശ്രീ. കെ.എം. മാണി സാറിന് സമ്മേളനം ആദരാഞ്ജലിയർപ്പിച്ചു. എക്സിക്യൂട്ടീവ് അംഗം ശ്രീ. വി.ജെ. ലാലി അനുസ്മരണം നടത്തുകയും അനുശോചനപ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ആദരസൂചകമായി ഒരു മിനിറ്റ് മൗനമാചരിച്ചു.

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരുവാനും പിതാവ് അംഗങ്ങളെ ആഹ്വാനം ചെയ്തു. സഭ പ്രവർത്തനനിരതമാകുന്നത് രൂപതകളിലൂടെയാണ്. രൂപതയെ അടുത്തറിഞ്ഞ് തങ്ങൾ ആയിരിക്കുന്ന സമൂഹത്തിൽ പ്രതിഫലിപ്പിക്കുവാനും ഒപ്പം ആ സമൂഹത്തിന്റെ വികാരവിചാരങ്ങൾ മനസ്സിലാക്കി അവതരിപ്പിക്കാനും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് കഴിയണമെന്ന് പിതാവ് കൂട്ടിച്ചേർത്തു. മാർ തോമസ് തറയിൽ മെത്രാൻ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. പാസ്റ്ററൽ കൗൺസിൽ മീറ്റിംഗുകൾ അംഗങ്ങൾ പരസ്പരം ശ്രവിക്കുന്ന വേദിയായി വലിയ ഒരു മാതൃക നൽകുന്നുവെന്നും ഇത് ഫലവത്താകുന്നത് മീറ്റിംഗുകളിൽ അവതരിപ്പിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്ന വിഷയങ്ങൾ തങ്ങളുടെ ഇടവകകളിലേക്ക് പാരിഷ് കൗൺസിലുകളിലൂടെയും കൂട്ടായ്മകളിലൂടെയും എത്തുമ്പോഴാണെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. പതിനാലാം പാസ്റ്ററൽ കൗൺസിലിനും സുവർണ്ണജൂബിലി ആഘോഷങ്ങൾക്കും നേതൃത്വം നൽകിയ സെക്രട്ടറി, അസി. സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗങ്ങൾ വിവിധ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരെ പിതാവ് അഭിനന്ദിച്ചു.

ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് അതിന്റെ ചരിത്രം അടിസ്ഥാനമാക്കി തയ്യാറാക്കിയ 'സുവർണ്ണരേഖ' യെന്ന ഡോക്യുമെന്ററിയുടെ പ്രകാശനം അഭിവന്ദ്യ പെരുന്തോട്ടം പിതാവ് അഭിവന്ദ്യ തറയിൽ പിതാവിന് നൽകി നിർവഹിച്ചു. തുടർന്ന് ഡോക്യുമെന്ററിയുടെ അവതരണവും നടന്നു. ഡോക്യുമെന്ററിക്കു പിന്നിൽ പ്രവർത്തിച്ച ശ്രീ. ടോം ജോസഫ്, ശ്രീ. പ്രിൻസ് അറയ്ക്കൽ, ഡോ. ആന്റണി മാത്യൂസ്, മീഡി

യാവില്ലേജ് ടി.വി. യിലെ ശ്രീ. വിനു കെ. ജോൺ, ശ്രീ. ഗബ്രിയേൽ മാത്യു, ശ്രീ. അരുൺ അശോക്, മിസ് നീതു ആന്റോ എന്നിവർക്കും പിന്തുണച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ.

14-ാം പാസ്റ്ററൽ കൗൺസിലിന്റെ സംക്ഷിപ്ത റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിക്കുകയും കൗൺസിൽ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ പിന്തുണയും പ്രോത്സാഹനവും നൽകിയ അഭിവന്ദ്യ പിതാക്കന്മാർ, വികാരി ജനറാളന്മാർ, വൈദികർ, സന്ന്യസ്തർ, അൽമായ സഹോദരങ്ങൾ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ സമിതിയുടെ റിപ്പോർട്ട് ശ്രീ. എബിൻ അലക്സാണ്ടർ അവതരിപ്പിച്ചു. വിവിധ കമ്മിറ്റികളുടെ റിപ്പോർട്ട് അതതു കൺവീനർമാർ സെക്രട്ടറിക്ക് കൈമാറി.

എടത്വാ സെന്റ് അലോഷ്യസ് കോളജ് പ്രിൻസിപ്പലായി നിയമിതനായ എക്സിക്യൂട്ടീവ് അംഗം കൂടിയായ ഡോ. ജോച്ചൻ ജോസഫിനെയും ചങ്ങനാശേരി എസ്.ബി. ഓട്ടോണമസ് കോളജ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ആയി നിയമിതനായ സെക്രട്ടറി ഡോ. ആന്റണി മാത്യൂസിനെയും യോഗം അനുമോദിച്ചു. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് സമ്മാനങ്ങൾ നൽകി.

തുടർന്ന് നടന്ന 'ഓപ്പൺ ഫോറ'ത്തിൽ അംഗങ്ങൾ സജീവമായി പങ്കെടുത്ത് തങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും പങ്കുവച്ചു.

അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം അംഗങ്ങൾ ഫോട്ടോ സെഷനിൽ പങ്കുചേർന്നു. അസി. സെക്രട്ടറി ശ്രീ. ജോസ് ആനിത്തോട്ടത്തിൽ സമ്മേളനത്തിന് കൃതജ്ഞതരേഖപ്പെടുത്തിയതിനൊപ്പം 14-ാം പാസ്റ്ററൽ കൗൺസിലിന് നൽകിയ സഹകരണത്തിനും പിന്തുണയ്ക്കും ഏവർക്കും നന്ദിയർപ്പിച്ചു. അതിരൂപത ആന്തത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

## സഹായക കേന്ദ്രം - കെയർ ഹോംസ് & പാലിയേറ്റീവ് കെയർ

ചങ്ങനാശേരി അതിരൂപതയിൽ പ്രവർത്തിക്കുന്ന CFCA, മാർ കാവുകാട്ട് പാലിയേറ്റിവ് & ഫാമിലി ഹെൽത്ത് കെയർ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഹെൽപ് ഡെസ്ക് അതിരൂപതാ കേന്ദ്രത്തിൽ പ്രവർത്തിച്ചു വരുന്നു. കെയർ ഹോമുകൾക്കും പാലിയേറ്റിവ് കെയർ യൂണിറ്റുകൾക്കും ഹെൽപ് ഡെസ്ക് സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. **കൂടുതൽ വിവരങ്ങൾക്ക് 9656200059**

## അഭി. എ.ഡി. മറ്റം പിതാവിന് അതിരൂപതയുടെ പ്രണാമം

സത്നാ രൂപതയുടെ പ്രഥമ ബിഷപ്പ് മാർ എബ്രഹാം ഡി. മറ്റം പിതാവിന്റെ നിര്യാണത്തിൽ ചങ്ങനാശേരി അതിരൂപതാ അദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അനുശോചനം അറിയിച്ചു. ദൈവശാസ്ത്രം, ആരാധനക്രമം, മിഷൻ തുടങ്ങിയ രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച മാർ മറ്റത്തിലന്റെ രചനകളെക്കുറിച്ചും വൈദിക പരിശീലന രംഗത്ത് അദ്ദേഹം നൽകിയ സംഭാവനകളെയും മിഷൻ ചൈതന്യം പുലർത്തുന്നതിനൊപ്പം സഭയുടെ കാതോലിക സ്വഭാവവും പ്രകടമാക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും സീറോമലബാർ സഭയുടെ ചരിത്രവും ആരാധനാപാരമ്പര്യവും സംരക്ഷിക്കുവാനും നിലനിർത്തുവാനും അദ്ദേഹം നൽകിയ വിലമതിക്കാനാവാത്ത സംഭാവനകളെയും മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അനുസ്മരിച്ചു.

അതിരൂപതാ പി.ആർ-ജാഗ്രതാ സമിതിയും അഭി. മറ്റം പിതാവിന്റെ ശുശ്രൂഷകളെ അനുസ്മരിക്കുകയും ആത്മശാന്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത് അനുസ്മരണ പ്രസംഗം നടത്തി.

## മുൻ മന്ത്രി ശ്രീ. കെ. എം. മാണിയുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ

അന്തരിച്ച ശ്രീ. കെ. എം. മാണിയുടെ നിര്യാണത്തിൽ ചങ്ങനാശേരി അതിരൂപതയുടെ ആദരാഞ്ജലികൾ അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അറിയിച്ചു. അഭി. ജോസഫ് പെരുന്തോട്ടം പിതാവും, അഭി. തോമസ് തറയിൽ പിതാവും മാണി സാറിന്റെ പാലായിലെ വസതിയിൽ എത്തി പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തുകയും അനുശോചന സന്ദേശം നൽകുകയും ചെയ്തു. ശ്രീ. കെ. എം. മാണിയുടെ ദേഹവിയോഗത്തിൽ അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി അനുശോചനം രേഖപ്പെടുത്തി. സമാനതകൾ ഇല്ലാത്ത നേതാവായിരുന്നു മാണി സാറെന്നും, അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കും സമുദായത്തിനും വലിയ നഷ്ടമാണെന്നും യോഗം വിലയിരുത്തി.

## ഫാ. ആന്റണി തലച്ചെല്ലൂരിനും, പ്രൊഫ. ഡോ. രേഖാ ജിജിയ്ക്കും അഭിനന്ദനങ്ങൾ

സീറോമലബാർ സഭയുടെ മീഡിയാ കമ്മീഷൻ സെക്രട്ടറിയായി നിയമിതനായ അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി കോഡിനേറ്റർ ഫാ. ആന്റണി തലച്ചല്ലൂരിനും, സഭാ വക്താക്കളുടെ പാനലിലേയ്ക്ക് നിയോഗിക്കപ്പെട്ട പ്രൊഫ. ഡോ. രേഖാ ജിജി കൂട്ടുമേലനും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും.

അതിരൂപതാ കേന്ദ്രത്തിൽ പി.ആർ.ഓ. അഡ്വ. ജോജി ചിറയിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത്, ശ്രീ. ജോബി പ്രാക്കുഴി, എന്നിവർ ഫാ. ആന്റണി തലച്ചല്ലൂരിനും, പ്രൊഫ. രേഖാ ജിജിയ്ക്കും മംഗളാശംസകൾ നേർന്ന് സംസാരിച്ചു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

മിശിഹായിൽ സ്നേഹമുള്ളവരെ,

ഉത്ഥിതനായ ഈശോയുടെ സമാധാനവും, സന്തോഷവും നിങ്ങൾക്ക് ആശംസിക്കുന്നു. ഒരു പുതിയ അധ്യയന വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ, വിലയിരുത്തലുകൾ നടത്തിയും, ഒപ്പം പ്രാർത്ഥിച്ച് ഒരുങ്ങിയും നമുക്ക് മുന്നോട്ടുപോകാൻ പരിശ്രമിക്കാം. ജൂൺ 2 – 9 പ്രാർത്ഥനാവാരമായി ആചരിച്ച്, ജൂൺ മാസം മുഴുവൻ മതബോധനത്തെപ്പറ്റി ആഴമായി ചിന്തിച്ച് ഗൗരവത്തോടെ ഈ ദൈവിക ശുശ്രൂഷയെ സമീപിക്കാം. ഈ മാസം ക്രമീകരിക്കപ്പെടുന്ന CFC മീറ്റിംഗ്, ഹെഡ്മാസ്റ്റേഴ്സ് റിട്രീറ്റ്, മതാധ്യാപക നേതൃസംഗമം എന്നിവയിൽ നിങ്ങളുടെ സജീവ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
(അസി. *ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

### മെയ്

| | | |
|---|---|---|
| 1 ബുധൻ | : | തൊഴിലാളി മദ്ധ്യസ്ഥൻ മാർ യൗസേപ്പ് (ഓഫീസ് അവധി) |
| 3 വെള്ളി | : | പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 4 ശനി | : | BCT അമ്പൂരി ഫൊറോന |
| 5 ഞായർ | : | **ഉയിർപ്പ് മൂന്നാം ഞായർ**, ബി.സി. റ്റി. അമ്പൂരി ഫൊറോന |
| 6 തിങ്കൾ | : | വി. ഡൊമിനിക് സാവിയോ |
| 10 വെള്ളി | : | മെയ് 10 മുതൽ 12 വരെ ഹെഡ്മാസ്റ്റർമാരുടെ ധ്യാനവും മാർഗ്ഗനിർദ്ദേശക ക്യാമ്പും (കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച്) |
| 12 ഞായർ | : | **ഉയിർപ്പ് നാലാം ഞായർ** |
| 14 ചൊവ്വ | : | വി. മത്തിയാസ് ശ്ലീഹ |
| 18 ശനി | : | BCT (കൊല്ലം, ആയൂർ, തിരുവനന്തപുരം ഫൊറോനകൾക്ക്) |
| 19 ഞായർ | : | **ഉയിർപ്പ് അഞ്ചാം ഞായർ** |
| 20 തിങ്കൾ | : | **അതിരൂപതാദിനം** (ഓഫീസ് അവധി) |
| 25 ശനി | : | **അതിരൂപതാ മതാധ്യാപക നേതൃസംഗമം** |
| | : | (മാർ ജെയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം സന്ദേശനിലയം) |
| 26 ഞായർ | : | **ഉയിർപ്പ് ആറാം ഞായർ** |

30 വ്യാഴം : **കർത്താവിന്റെ സ്വർഗ്ഗാരോഹണം**

**ജൂൺ**

1 ശനി : വി. ജസ്റ്റിൻ

2 ഞായർ : **ഉയിർപ്പ് ഏഴാം ഞായർ** ക്ലാസ്സ് – 1
ഇടവകതല വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നു.

8 ശനി : **അതിരൂപതാതല മിഷൻലീഗ് ഉദ്ഘാടനം**
ആഘോഷപൂർവ്വകമായ റംശ
**അതിരൂപതാ മതബോധനവർഷം ഉദ്ഘാടനം**

9 ഞായർ : **ശ്ലീഹാക്കാലം ഒന്നാം ഞായർ**
**പന്തക്കുസ്താതിരുനാൾ** ക്ലാസ്സ് – 2
**അതിരൂപതാ മതബോധനദിനം**

11 ചൊവ്വാ : മാർ ബർണ്ണബാസ്ശ്ലീഹാ

15 ശനി : BCT – ഒന്നാം ദിവസം (ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന്, എടത്വാ, കോട്ടയം, അതിരമ്പുഴ, കുടമാളൂർ) ഫൊറോനകൾക്ക്

## ഹെഡ്മാസ്റ്റേഴ്സ് റിട്രീറ്റ് ആന്റ് ഓറിയന്റേഷൻ ക്യാമ്പ്

സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത് സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുവാനും, ദൈവസാന്നിദ്ധ്യത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും, നേതൃത്വം നൽകുവാനും നിയോഗം ലഭിച്ചവരാണ് പ്രഥമാദ്ധ്യാപകർ. മിശിഹായിൽ രൂപാന്തരപ്പെട്ട ജീവിതം കൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും അതിരൂപതയിലെ പഞ്ചവത്സര പദ്ധതിയോടു ചേർന്ന് വരുംവർഷങ്ങളിലെ വിശ്വാസപരിശീലനപരിപാടികളെ ക്രമപ്പെടുത്താനും നമ്മെ ഒരുക്കുന്ന പരിപാടിയാണിത്. മെയ് 10–ാം തീയതി 5.00 pm ന് ആരംഭിച്ച് 12–ാം തീയതി 3.00 pm ന് അവസാനിക്കുന്ന ഈ ധ്യാനത്തിൽ കഴിഞ്ഞ വർഷം പങ്കെടുക്കാത്ത എല്ലാ പ്രഥമാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 750/-

## 100 % ഹാജറിന് അതിരൂപതാതല അവാർഡ്

12 വർഷവും എല്ലാ ഞായറാഴ്ചകളിലെ വിശ്വാസപരിശീലനത്തിനും മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വിശ്വാസോത്സവത്തിനും മുടങ്ങാതെ ഇടവക സൺഡേ സ്കൂളിൽ വന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് അതിരൂപതാ വിശ്വാസ പരിശീലനകേന്ദ്രം പ്രത്യേകം പ്രോത്സാഹനം നല്കുന്നതിനായി ഏർപ്പെടുത്തിയ അവാർഡാണിത്. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഫോട്ടോസഹിതം മേയ് മാസം 15 ന് മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്. മെയ് 25 നു നടക്കുന്ന അതിരൂപതാ നേതൃസംഗമത്തിൽ അർഹരായവർക്ക് സമ്മാനം നല്കുന്നതാണ്.

## BCT (Basic Catechetical Training)

നവാഗതരായ അധ്യാപകർക്കുവേണ്ടിയുള്ള പരിശീലന പരിപാടിയാണല്ലോ BCT. ചങ്ങനാശേരി അതിരൂപതയിലെ വിശ്വാസപരിശീലകരുടെ അടിസ്ഥാന

യോഗ്യതയായാണ് BCTയെ പരിഗണിക്കുന്നത്. എന്നാൽ ചുരുക്കം ചില അധ്യാപകരെങ്കിലും BCT കോഴ്സ് കൂടാതെയാണ് നമ്മുടെ സൺഡേസ്കൂളുകളിൽ പഠിപ്പിക്കുന്നത്. 2020-ന് മുമ്പായി നമ്മുടെ അതിരൂപതയിലെ എല്ലാ വിശ്വാസ പരിശീലകരും BCT പൂർത്തിയാക്കേണ്ടതാണ്. ഈ വർഷത്തെ ആദ്യത്തെ BCT കോഴ്സ് ജൂൺ 15-ാം തീയതി ശനിയാഴ്ച ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന്, എടത്വാ, കോട്ടയം, അതിരമ്പുഴ, കുടമാളൂർ എന്നീ ഫൊറോനകൾക്കായി സന്ദേശനിലയത്തിൽ സംഘടിപ്പിക്കുന്നു. (June 15 Day 1, June 22 Day 2, June 29 Day 3) ജൂൺ 10ന് മുമ്പായി ആദ്യം രജിസ്റ്റർ ചെയ്യുന്ന 75 പേർക്ക് മാത്രമേ അവസരമുണ്ടായിരിക്കുകയുള്ളൂ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ് രജി. ഫീസ് 300 രൂപ (for 3 Days). തുടർച്ചയായി 3 ദിവസത്തെ ക്ലാസ്സിൽ സംബന്ധിക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.

## CLT കോഴ്സ് & MCC കോഴ്സ്

CLT 40-ാം ബാച്ചിലേയ്ക്കും MCC 11-ാം ബാച്ചിലേയ്ക്കുള്ള അപേക്ഷാ ഫോമുകൾ സന്ദേശനിലയത്തിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 1 നു മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## വിശ്വാസപരിശീലന പ്രാർത്ഥനാ വാരം (ജൂൺ 2 -9)

**a.** ഉത്തരാധുനിക യുഗത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ വിശ്വാസപരിശീലകരെയും കുട്ടികളെയും, കുടുംബങ്ങളെയും രൂപപ്പെടുത്തുന്നതിന് അതിരൂപതയിലെ വിശ്വാസപരിശീലക സമൂഹം ഒന്നുചേർന്ന് തീവ്രമായി പ്രാർത്ഥിക്കുന്ന ദിനങ്ങളാണിത്. അധ്യാപകർക്കും കുട്ടികൾക്കും ഉള്ള പ്രാർത്ഥനകൾ സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്. പെന്തക്കുസ്തായ്ക്കു മുമ്പുള്ള ദിനങ്ങളിൽ ഈ പ്രാർത്ഥന ഭവനങ്ങളിലോ കുടുംബപ്രാർത്ഥനാ സമയത്തോ ചൊല്ലാവുന്നതാണ്. അധ്യാപകർ വ്യക്തിപരമായോ, ഇടവകയിൽ ഒന്നിച്ചുകൂടിയോ റംശായോടൊപ്പം പ്രാർത്ഥിക്കാവുന്നതാണ്. കഴിവതും എല്ലാ അധ്യാപകരും ഈ ദിനങ്ങളിൽ കുമ്പസാരിക്കുകയും അനുദിനം പരി.കുർബാന അർപ്പിക്കുകയും ചെയ്യേണ്ടതാണ്.

**b. കുടുംബകൂട്ടായ്മ / പി.റ്റി.ഫ്. സമ്മേളനങ്ങൾ**

ജൂൺ മാസത്തിൽ നടക്കുന്ന കുടുംബകൂട്ടായ്മ സമ്മേനങ്ങളിലോ പി.റ്റി.എഫ്. സമ്മേളനങ്ങളിലോ അതിരൂപതാ സന്ദേശനിലയത്തിൽ നിന്നും നല്കുന്ന ലഘുരേഖ ചർച്ചയ്ക്കു വിധേയമാക്കേണ്ടതാണ്.

**വിഷയം :** 1. കുടുംബങ്ങളിലെ വിശ്വാസപരിശീലനം നേരിടുന്ന വെല്ലുവിളികൾ.

2. ഇടവകയിലെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയും കുടുംബങ്ങളുടെ പങ്കും.

## കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റി (സി.എഫ്.സി.)

അടുത്ത വിശ്വാസപരിശീലന പ്രവർത്തനവർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ എല്ലാ ഫൊറോനകളിലും അതിരൂപതാ ഡയറക്ടറും ടീമും സന്ദർശനം നടത്തുന്നതും വരുംവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നതാണ്. ഈ വർഷം വിവിധ റീജ

ണുകളിലായി നടത്തപ്പെടുന്ന മീറ്റിംഗുകളിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർ, സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ, മിഷൻലീഗ് മേഖലാ ഡയറക്ടർ, മേഖലാ ശാഖാ ജോയിന്റ് ഡയറക്ടർമാർ, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വിവിധ റീജണുകളിലായി നടത്തപ്പെടുന്ന മീറ്റിംഗുകളുടെ സമയവിവരങ്ങൾ ഫൊറോന സെക്രട്ടറിമാരെ അറിയിക്കുന്ന താണ്. സി.എഫ്.സി. മീറ്റിംഗിലേയ്ക്ക് എല്ലാവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

## സീറോ മലബാർ സഭ പ്രതിഭാസംഗമം

അതിരൂപതാതല സ്കോളർഷിപ്പുപരീക്ഷയിൽ 7-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന മൂന്ന് ആൺകുട്ടികളെയും മൂന്ന് പെൺകുട്ടികളെയും സിനഡ് തലത്തിൽ 2019 മെയ് 11, 12, 13 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ അയയ്ക്കുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

2019-20 വർഷത്തെ വിശ്വാസപരിശീലനക്ലാസ്സുകൾ ജൂൺ 2 -ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നു. വർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും അതിരൂപതാ പഞ്ചവത്സരപദ്ധതിയോട് ചേർന്ന് സന്ദേശനിലയത്തിന്റെ ഈ വർഷത്തെ കർമ്മപദ്ധതികൾ ചർച്ചചെയ്യുകയും ഇടവകതലപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്. അതാതു മാസത്തെ മദ്ധ്യസ്ഥനിലെ സന്ദേശനിലയം വാർത്തകൾ സ്റ്റാഫ് മീറ്റിംഗുകളിൽ വായിക്കേണ്ടതുമാകുന്നു.

» X, XII ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് Verify ചെയ്യുന്നതിനായി സന്ദേശനിലയത്തിൽ ഏല്പിക്കുമ്പോൾ X, XII ക്ലാസ്സുകളിലെ ഫൈനൽ മാർക്ക്ലിസ്റ്റും ഹാജർ ബുക്കും പ്രസ്തുത കുട്ടികളുടെ XI-ലെ ഹാജർ ബുക്കും VIII, IX, XI എന്നീ ഫൈനൽ മാർക്ക്ലിസ്റ്റുകളും ഓഫീസിൽ ഏല്പിച്ചിട്ടില്ലെങ്കിൽ അതും X-ാംക്ലാസ്സ് സർട്ടിഫിക്കറ്റിന്റെ നമ്പറും പഠിച്ചവർഷവും രേഖപ്പെടുത്തിയ ലിസ്റ്റും കൊണ്ടുവരേണ്ടതാണ്.

» വിശ്വാസോത്സവം വർക്ക് ബുക്കുകളുടെ പണം അടയ്ക്കുവാനുള്ളവർ മെയ് 15നകം അടയ്ക്കേണ്ടതാണ്. മതബോധന വിഹിതവും ചോദ്യപേപ്പറിന്റെ വിഹിതവും അടയ്ക്കുവാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

» ജൂൺ 8-ാം തീയതി മതബോധനവർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഉച്ചകഴിഞ്ഞ് 3.00 മണിക്ക് നടക്കുന്ന മൂറോൻ കൂദാശയ്ക്കുശേഷം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കുന്നു.

## മതാദ്ധ്യാപക നേതൃസംഗമം മെയ് 25 ശനി

ഈ വർഷത്തെ മതാദ്ധ്യാപക നേതൃസംഗമം മെയ് 25 ശനി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ചങ്ങനാശ്ശേരി സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രജി. ഫീസ് 100 രൂപ.

പ്രസ്തുത സമ്മേളനത്തിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാർ, സെക്രട്ടറിമാർ, ഓരോ സൺഡേസ്കൂളിൽ നിന്നുള്ള ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, CRT അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. CLT, MCC ഡിപ്ലോമയ്ക്ക് അർഹരായവരും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

## ബധിരരും മൂകരുമായവർക്കുവേണ്ടിയുള്ള വിശ്വാസപരിശീലനം

ചങ്ങനാശേരി അതിരൂപതയിലെ ബധിരരും മൂകരുമായ കുട്ടികൾക്കും, മുതിർന്നവർക്കുമായി സന്ദേശനിലയം, പരി.കുർബാനയും പ്രത്യേക വിശ്വാസപരിശീലന പരിപാടികളും ഈ വർഷം മുതൽ ആരംഭിക്കുന്നു. ജൂൺ 30 ന് മുമ്പായി ഓരോ ഇടവകയിലെയും ഈ വിഭാഗത്തിൽപ്പെട്ടവരുടെ പേരു വിവരങ്ങളടങ്ങിയ ഒരു ലിസ്റ്റ് സന്ദേശനിലയത്തിൽ ഏല്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

## ഫാ. ഫെലിക്സ് പാടിയത്ത് മെമ്മോറിയൽ അവാർഡ്

ഫാ. ഫെലിക്സ് പാടിയത്തിന്റെ ഓർമ്മയ്ക്കായി 2012 ബാച്ചിലെ വൈദികർ, ചങ്ങനാശേരി അതിരൂപതയിലെ സൺഡേസ്കൂളിൽ നിന്നും XII -ാം ക്ലാസ്സിലെ ഏറ്റവും മികച്ച ഒരു ആൺകുട്ടിയ്ക്കും ഒരു പെൺകുട്ടിയ്ക്കും ഏർപ്പെടുത്തിയ ക്യാഷ് അവാർഡാണിത്. പ്രതിഭാസംഗമത്തിന്റെ സെലക്ഷൻ ക്യാമ്പിൽ അതിരൂപതയിൽ ഒന്നാം സ്ഥാനത്തെത്തുന്നവരെയാണ് ഈ അവാർഡിനായി പരിഗണിക്കുക.  ഈ വർഷം യോഗ്യതനേടിയവർ

ആൺകുട്ടി : ഗോഡ്വിൻ തോമസ്, സെന്റ് സെബാസ്റ്റ്യൻസ് നർബോനപുരം

പെൺകുട്ടി : മെറിൻ എത്സാ ചാക്കോ, ഫാത്തിമാ മാതാ, ഫാത്തിമാപുരം

## ആദരാഞ്ജലികൾ

മണ്ണഞ്ചേരി സെന്റ് മേരീസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷാജി ജോസഫ് കുറുന്തോടത്തിന്റെ മാതാവിന്റെയും വേഴപ്രാ സെന്റ് പോൾസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി കുമാരി റ്റീനാ ആന്റണി വില്ലുവിരുത്തിലിന്റെയും പറാൽ സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. സ്റ്റെല്ലാ മാരീസിന്റെയും താഴത്തങ്ങാടി സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സി. പി. തോമസിന്റെ മാതാവിന്റെയും പുനലൂർ തിരുഹൃദയം സൺഡേസ്കൂൾ അധ്യാപികയും അതിരൂപതാ CRT അംഗവുമായ ശ്രീമതി  റാണി ജോസ് തുമ്പേപ്പറമ്പിലിന്റെ ഭർത്താവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹമുള്ളവരേ,

പുതിയ പ്രവർത്തനവർഷത്തേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായുള്ള അതിരൂപതാ ഇലക്ഷൻ ക്യാമ്പ് ഏപ്രിൽ 11, 12, 13 തീയതികളിൽ പാസ്റ്റൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ക്യാമ്പിന് നേതൃത്വം നല്കിയ എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുകയും പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്യുന്നു. ഇനിയുള്ള അവധി ദിനങ്ങളിൽ പുതിയ പ്രവർത്തനവർഷത്തിലേയ്ക്ക് ആവശ്യമായ പരിപാടികൾ മുൻകൂട്ടി ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതാ മാർഗ്ഗരേഖയനുസരിച്ച് മേഖലാ ശാഖാതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. പന്തക്കുസ്താ തിരുനാളിനായി ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയും അനുഗ്രഹവും നിങ്ങളെല്ലാവരുടെമേലും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
(അസി. *ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

### മെയ്

1 ബുധൻ : തൊഴിലാളി മദ്ധ്യസ്ഥൻ മാർ യൗസേപ്പ് (ഓഫീസ് അവധി)

20 തിങ്കൾ : അതിരൂപതാദിനം (ഓഫീസ് അവധി)

26 ഞായർ : ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ എയ്ഞ്ചൽസ് മീറ്റ് മേഖലാതലത്തിൽ നടത്തുക.

30 വ്യാഴം : കുര്യാളശ്ശേരി തീർത്ഥാടനം

### ജൂൺ

8 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും
(ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ)

## ധന്യൻ മാർ കുര്യാളശേരി തീർത്ഥാടനം

ചെറുപുഷ്പമിഷൻലീഗിന്റെയും ആരാധനാ സന്യാസിനി സമൂഹത്തിന്റെയും നേതൃത്വത്തിൽ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ കബറിടത്തിങ്കലേക്ക് ആണ്ടുതോറും നടത്തിവരുന്ന തീർത്ഥാടനം മെയ് 30 വ്യാഴാഴ്ച ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് പള്ളിയിൽനിന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് വന്ദ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ സമാപിക്കുന്നതാണ്. ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, നെ

ടുംകുന്നം ഫൊറോനകൾ തീർത്ഥാടനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ട താണ്.

### പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 8ന്

ജൂൺ മാസം 8-ാം തീയതി ശനിയാഴ്ച അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും രാവിലെ 9.30 മുതൽ 1.30 വരെ നടക്കുന്നു. അതിരൂപതാ മേഖലാ ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ഡയറക്ടർമാർ, എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### പ്രത്യേകശ്രദ്ധയ്ക്ക്

» മാർഗ്ഗരേഖ പേജ് 33-ലെ കാരുണ്യവർഷവുമായി ബന്ധപ്പെട്ട രചനകൾ എന്നതിനുപകരം പഠനവിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ എന്ന് തിരുത്തി വായിക്കേണ്ടതാണ്.

» കൈയ്യെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ട അവസാനതീയതി മെയ് 15.

### ആദരാഞ്ജലികൾ

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് മുൻ എക്സിക്യൂട്ടീവ് അംഗവും തീർത്ഥാടന കമ്മിറ്റി അംഗവുമായ ശ്രീ. സി. പി. തോമസിന്റെ മാതാവിന്റെ നിര്യാണത്തിൽ മിഷൻലീഗ് അതിരൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.


## തുരുത്തി കാനായിൽ ഇറ്റാലിയൻ ഭാഷാ പഠന കോഴ്സ്

തുരുത്തി:കാനാ പൊന്തിഫിക്കൽ ജോൺപോൾ രണ്ടാമൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇറ്റാലിയൻ ഭാഷാ പഠനത്തിനായി ഒരു മാസം നിണ്ടുനിൽക്കുന്ന ഹ്രസ്വകാല കോഴ്സ് ജൂൺ മാസം മുതൽ ആരംഭിക്കുന്നു. ജൂൺ 03 മുതൽ 28 വരെ തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. കാനായിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**Contact:** ഫോൺ: 94477 51276, 98477 02651
**Email: johnpaulismf1998@gmail.com**

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ഉത്ഥിതനീശോയുടെ സമാധാനം ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

പുതിയ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് കുടുംബക്കൂട്ടായ്മകളിൽ നടത്തിയെങ്കിൽ അവർക്കായി ബസാലേൽ കൺവൻഷൻ ഇടവകകളിലെത്തി നടത്തിത്തരുന്നതാണ്.

ജൂൺ മാസം മുതൽ കൂട്ടായ്മാ ലീഡേഴ്സ് ട്രെയിനിംഗ് കോഴ്സ് (കെ.എൽ. റ്റി) ആരംഭിക്കുകയാണ്. ഒരു ഇടവകയിൽനിന്ന് 2 പേരെ അയയ്ക്കണമെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 പേർക്കാണ് ആദ്യ ബാച്ചിൽ അവസരം ലഭിക്കുക.

ലോഗോസ് ക്വിസ് മാതൃകാ ചോദ്യങ്ങളടങ്ങിയ പുസ്തകം തയ്യാറായിക്കഴിഞ്ഞു. ബൈബിൾ വായിച്ച് ഉത്തരം കണ്ടെത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ വർഷം ഇടവകയിൽനിന്ന് എല്ലാ വിഭാഗങ്ങളിലുള്ളവരെയും കൂടുതലായി പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ ഫൊറോനാതല കൂട്ടായ്മാ നേതൃസംഗമത്തിന് (കെരിഗ്മ) ആലപ്പുഴ ഫൊറോനയിൽ ആരംഭം കുറിച്ചു. ബാക്കി ഫൊറോനകളിൽ തുടർന്നു വരുന്ന മാസങ്ങളിൽ ക്രമീകരിക്കുന്നതാണ്. ഏവരുടെയും സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
(ഡയറക്ടർ)

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ പാറേൽ പള്ളിയിൽ

പാറേൽ സെന്റ് മേരീസ് ഇടവകയിൽ ഏപ്രിൽ 13 ന് രാവിലെ 10 മുതൽ 12 വരെ ബസാലേൽ കൺവൻഷൻ നടത്തുകയുണ്ടായി. അതി. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി, ശ്രീ ജോബ് ആന്റണി പവ്വത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ഇടവക വികാരി റവ. ഫാ. ജേക്കബ്ബ് വാരിക്കാട്ടച്ചനോടൊപ്പം കൊച്ചച്ചന്മാർ, ജനറൽ കൺവീനർ ശ്രീ. സണ്ണി പുന്നശേരി എന്നിവർ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകുകയുണ്ടായി.

### കെരിഗ്മ - കുടുംബക്കൂട്ടയ്മാ ഫൊറോന നേതൃസംഗമം ആലപ്പുഴയിൽ

2019 ഏപ്രിൽ 15 ന് ആലപ്പുഴ ഫൊറോനയിലെ കുടുംബക്കൂട്ടയ്മാ ലീഡേഴ്സിനായി കെരിഗ്മ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 170 പേർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കായിത്തറ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പ്രവർത്തനശൈലിയുടെ ചുവടുപിടിച്ച് പ്രബോധനം

നൽകി ഉദ്ഘാടനം നിർവ്വഹിക്കുകയും തുടർന്ന് വികാരി ജനറാളും ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരിയുമായ വെരി. റവ. ഡോ. തോമസ് പാടിയത്ത് പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയമായ **വചനം ജീവിതവെളിച്ചം** എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുകയും ചെയ്തു. തുടർന്ന് ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുര ആശംസാ പ്രസംഗം നടത്തുകയും റവ. ഡോ. സിറിയക് വലിയകുന്നുംപുറം ബൈബിൾ സന്ദേശം പങ്കുവയ്ക്കുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രവർത്തനവർഷ പരിപാടികൾ വിശദീകരിച്ചു. ഫൊറോനാ സമിതി രൂപീകരണത്തിന് ശ്രീ. ജോബ് ആന്റണി പവ്വത്തിൽ നേതൃത്വം നൽകി. ശ്രി. ഷാജി ഉപ്പൂട്ടിൽ നന്ദി അർപ്പിച്ചു. പ്രസ്തുത സംഗമത്തിലേയ്ക്ക് ലീഡേഴ്സിനെ പറഞ്ഞയച്ച ആലപ്പുഴ ഫൊറോന യിലെ ബഹു. എല്ലാ അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## അറിയിപ്പുകൾ

### Koottayma Leader's Training Course (K. L. T) **കുടുംബക്കൂട്ടായ്മാ നേതൃത്വ പരിശീലനം**

അതിരൂപതാ കുടുംബക്കൂട്ടായ്മാ പ്രവർത്തനങ്ങൾക്ക് ഓരോ ഇടവകയിലും നേതൃത്വം നൽകുന്ന കൂട്ടായ്മാ ലീഡേഴ്സിനായി അതിരൂപതാ തലത്തിൽ ഒരു വർഷംകൊണ്ട് പൂർത്തിയാകുന്ന വിധം 7 വിഷയങ്ങൾ ഉൾപ്പെടുത്തി (15 ക്ലാസുകൾ) ഒരു അർദ്ധ വർഷ പരിശീലന പരിപാടി ആരംഭിക്കുന്നു. 2019 ജൂൺ – നവംബർ, ഡിസംബർ – 2020 മെയ് മാസത്തിൽ സമാപിക്കുന്ന രീതിയിൽ 2 ബാച്ചുകളിലായി ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. വിശ്വാസ വിഷയങ്ങളിൽ ബോധ്യങ്ങൾ ലഭിക്കുന്ന ഒരു കൂട്ടായ്മാ നേതൃത്വത്തെ സജ്ജമാക്കുകയും ഇവരിലൂടെ അതിരൂപതയിലെ മറ്റിടവകകളിൽ പ്രബോധനം നൽകുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ കൂട്ടായ്മാ പ്രേഷിതരംഗത്ത് നേതൃത്വം നൽകാൻ കഴിവും താൽപ്പര്യവുമുള്ളവരെ അച്ചന്റെ ഇടവകയിൽനിന്നും കണ്ടെത്തി കോഴ്സിനയയ്ക്കണമെന്ന് താൽപ്പര്യപ്പെടുന്നു. ആദ്യം ഫീസടച്ച് രജിസ്റ്റർ ചെയ്യുന്ന 70 പേർക്കാണ് ആദ്യ ബാച്ചിൽ അവസരം ലഭിക്കുക.

### വചനം ജീവിതവെളിച്ചം - പഠനവിഷയം

പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയമായ വചനം ജീവിതവെളിച്ചം എന്ന പ്രസിദ്ധീകരണം കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 50 രൂപ

### ലോഗോസ് മാതൃകാ ചോദ്യ പഠനസഹായി 2019

ലോഗോസ് മാതൃകാ ചോദ്യങ്ങളടങ്ങിയ പഠനസഹായി കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 40 രൂപ. ബൈബിൾ ഭാഗങ്ങൾ പൂർണ്ണമായും വായിച്ച് ഉത്തരങ്ങൾ എഴുതുന്ന രീതിയിലും വചനഭാഗങ്ങൾ ഹൃദിസ്ഥമാക്കാൻ സാധിക്കുന്ന രീതിയിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ മാതൃകാ ചോദ്യ പേപ്പറിലെയും ചോദ്യങ്ങളുടെ ഏകദേശ ക്രമീകരണം ഇപ്രകാരമാണ്.

1. മത്തായി – 34 ചോദ്യങ്ങൾ
2. നിയമാവർത്തനം – 30 ചോദ്യങ്ങൾ (35 മുതൽ)
3. വെളിപാട് – 16 ചോദ്യങ്ങൾ (65 മുതൽ)
4. പ്രഭാഷകൻ 20 ചോദ്യങ്ങൾ (80 മുതൽ)

ആകെ 100 ചോദ്യങ്ങൾ. കൂടാതെ 3 ചോദ്യങ്ങൾ വാകൃങ്ങൾ പഠിക്കാനും നൽകിയിരിക്കുന്നു. 6 സെറ്റ് മാതൃകാ ചോദ്യങ്ങൾക്ക് പുറമെ അനുബന്ധമായി 312 ചോദ്യങ്ങളും നൽകിയിരിക്കുന്നു. ആറാമത്തെ സെറ്റ് ചോദ്യങ്ങൾ ഇടകലർത്തിയാണ് നല്കിയിരിക്കുന്നത്.

**5 കോപ്പിയിൽ കുടുതൽ വാങ്ങുന്നവർക്ക് 10 ശതമാനവും 10 കോപ്പിയിൽ കുടുതൽ വാങ്ങുന്നവർക്ക് 20 ശതമാനവും കമ്മീഷൻ നൽകുന്നതാണ്.**

## പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)




*''വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു'' (1 യോഹ. 2:5).*

പഠനവിഷയം: **വചനം ജീവിതവെളിച്ചം.**

ചങ്ങനാശേരി അതിരൂപത പഞ്ചവത്സര അജപാലനപദ്ധതിയുടെ രണ്ടാം വർഷം പ്രമാണിച്ച് ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ നൽകുകയാണ്. 2018 ഡിസംബർ 1 -ാം തീയതി ആരംഭിച്ച് 2019 നവംബർ 30 -ാംതീയതി സമാപിക്കുന്ന രീതിയിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. ഓരോ ദിവസത്തെയും വായന സത്യദർശനത്തിലൂടെയും വേദപ്രചാര മദ്ധ്യസ്ഥനിലൂടെയും നിങ്ങൾക്കായി നൽകുന്നു.

| മെയ് | | | | ജൂൺ | | | |
|---|---|---|---|---|---|---|---|
| 1 | ജോബ് 21-23 | 16 | സങ്കീ 46-50 | 1 | സങ്കീ. 120-132 | 16. | സഭാപ്ര 5-8 |
| 2 | ജോബ് 24-28 | 17 | സങ്കീ 51-57 | 2. | സങ്കീ. 133-139 | 17. | സഭാപ്ര 9-18 |
| 3 | ജോബ് 29-31 | 18 | സങ്കീ 58-65 | 3. | സങ്കീ. 140-145 | 18. | ഉത്തമ 1-8 |
| 4 | ജോബ് 32-34 | 19 | സങ്കീ 66-69 | 4. | സങ്കീ. 146-150 | 19. | ജ്ഞാനം 1-4 |
| 5 | ജോബ് 35-37 | 20 | സങ്കീ 70-73 | 5. | സുഭാ. 1-3 | 20. | ജ്ഞാനം 5-9 |
| 6 | ജോബ് 38-39 | 21 | സങ്കീ 74-77 | 6. | സുഭാ 4-6 | 21. | ജ്ഞാനം 10-13 |
| 7 | ജോബ് 40-42 | 22 | സങ്കീ 78-79 | 7. | സുഭാ 7-9 | 22. | ജ്ഞാനം 14-16 |
| 8 | സങ്കീ 1-8 | 23 | സങ്കീ 80-85 | 8. | സുഭാ 10-12 | 23 | ജ്ഞാനം 17-19 |
| 9 | സങ്കീ 9-16 | 24 | സങ്കീ 86-89 | 9. | സുഭാ 13-15 | 24. | പ്രഭാ. 1-4 |
| 10 | സങ്കീ 17-20 | 25 | സങ്കീ 90-95 | 10. | സുഭാ 16-18 | 25. | പ്രഭാ. 5-7 |
| 11 | സങ്കീ 21-25 | 26 | സങ്കീ 96-102 | 11. | സുഭാ 19-21 | 26. | പ്രഭാ. 8-11 |
| 12 | സങ്കീ 26-31 | 27 | സങ്കീ 103-105 | 12. | സുഭാ 22-24 | 27. | പ്രഭാ 12-14 |
| 13 | സങ്കീ 32-35 | 28 | സങ്കീ 106-107 | 13. | സുഭാ 25-27 | 28. | പ്രഭാ. 15-18 |
| 14 | സങ്കീ 36-39 | 29 | സങ്കീ 108-114 | 14. | സുഭാ 28-31 | 29. | പ്രഭാ. 19-22 |
| 15 | സങ്കീ 40-45 | 30 | സങ്കീ 115-118 | 15. | സഭാപ്ര. 1-4 | 30. | പ്രഭാ 23-26 |
| | | 31 | സങ്കീ 119 | | | 31. | പ്രഭാ 27-30 |

ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത

## വചനവീട് - 100 ദിന കർമ്മപദ്ധതി

വചനവീട് 100 ദിന കർമ്മപദ്ധതി ഏപ്രിൽ 28-ാം തീയതി മുതൽ ആരംഭിച്ചു. അതിരൂപത തല ഉദ്ഘാടനം ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി പാരിഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ KCBC ഫാമിലി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. എല്ലാ ഫൊറോനകളിലും വിവിധ പരിപാടികളോടുകൂടി ഉദ്ഘാടനസമ്മേളനങ്ങൾ നടത്തപ്പെട്ടു. വചനപേടകപ്രയാണങ്ങൾ, യൂണിറ്റ് സന്ദർശനങ്ങൾ, പ്രത്യേക പ്രാർത്ഥനകൾ, വചനവായനകൾ, പഠനങ്ങൾ എന്നിവ നടന്നുവരുന്നു. 28-ാം തീയതി പുതുഞായറാഴ്ച യൂണിറ്റുകളിലും ഉദ്ഘാടനങ്ങളും കർമ്മപരിപാടികളും ആരംഭിച്ചു. 100 ദിനകർമ്മപരിപാടിയിൽ പങ്കെടുക്കുന്ന യൂണിറ്റുകൾ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ മെയ് 6-ാം തീയതിക്കകം പൂർത്തിയാക്കണം.

## മെമ്പർഷിപ്പ് ക്യാമ്പയിൽ

അതിരൂപത തലത്തിലുള്ള മെമ്പർഷിപ്പ് ക്യാമ്പയിൻ ഏപ്രിൽ 30 എന്നത് മെയ് 31 വരെ നീട്ടിയിരിക്കുന്നു. മെയ് 31 ന് മുമ്പ് നേരത്തെ അറിയിച്ചതുപോലെ ഫൊറോന ആനിമേറ്ററുടെ പക്കൽ ലിസ്റ്റും, പൂരിപ്പിച്ച ഫോട്ടുകളും യൂണിറ്റ് ആനിമേറ്റർമാർ വെരിഫൈ ചെയ്ത് ഏൽപ്പിക്കേണ്ടതാണ്. യൂണിറ്റുകളിലും അംഗത്വജിസ്റ്റർ കൃത്യമായി സൂക്ഷിക്കണം.

## ലോകമാതൃദിനം

ചങ്ങനാശേരി അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മാതൃദിനാഘോഷം മെയ് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് കുറുമ്പനാടം ഫൊറോനാപള്ളി പാരിഷ്ഹാളിൽ നടത്തപ്പെടുന്നു. 2:30 മുതൽ 4:30 വരെയാണ് സമ്മേളനം ക്രമീകരിച്ചിരിക്കുന്നത്.

## ഫണ്ട് ശേഖരണം - കൂപ്പൺ പദ്ധതി

യൂണിറ്റ് - ഫൊറോന - അതിരൂപത ഫണ്ട് ശേഖരണത്തിന്റെയും വിവിധ കാരുണ്യപ്രവർത്തികൾക്കും ആവശ്യമായ ഫണ്ട്ശേഖരണത്തിന്റെ ഭാഗമായി ഒരു കൂപ്പൺ പദ്ധതി മെയ് 1 മുതൽ ആരംഭിക്കുന്നു. നറുക്കെടുപ്പ് തീയതി ജൂലൈ 20-ാം തീയതി ആണ്. ഓരോ യൂണിറ്റിനും ലഭിക്കുന്ന കൂപ്പൺ 100 ദിനകർമ്മപദ്ധതിയുടെ ഭാഗമാക്കി ഭവനസന്ദർശനം നടത്തി എല്ലാ കുടുംബങ്ങളിലും എത്തിക്കുവാനും, നമ്മുടെ കർമ്മപരിപാടികളും ലക്ഷ്യങ്ങളും കുടുംബ അംഗങ്ങൾ അറിയുന്നതിനും സഹകരിപ്പിക്കുന്നതിനും ഇത് ഒരു അവസരമാക്കി മാറ്റണം.

## ദമ്പതി സംഗമം

യൂണിറ്റുകളിൽ നടക്കുന്ന ദമ്പതി സംഗമത്തിന്റെ തുടർച്ചയായി റീജൺ തലത്തിൽ ദമ്പതിസംഗമം ആരംഭിക്കുകയാണ്. തിരുവനന്തപുരം റീജൺ

(തിരുവനന്തപുരം, കൊല്ലം – ആയൂർ, അമ്പൂരി ഫൊറോനകൾ) ദമ്പതിസംഗമം മെയ് 12 ഞായറാഴ്ച തിരുവനന്തപുരം ലൂർദ്പള്ളി പാരിഷ് ഹാളിലും കോട്ടയം റീജൺ (കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾ) ദമ്പതിസംഗമം മാന്നാനം ആശ്രമദൈവാലയ പാരിഷ്ഹാളിൽ മെയ് 24 വെള്ളിയാഴ്ചയും നടത്തപ്പെടുന്നു. ഒരു യൂണിറ്റിൽ നിന്നും മുൻകൂട്ടി തെരഞ്ഞെടുത്ത 15-ൽ കുറയാത്ത ദമ്പതികളാണ് സമ്മേളനത്തിൽ മുഴുവൻ സമയവും ഒരുക്കത്തോടുകൂടി പങ്കെടുക്കേണ്ടത്. അഭിവന്ദ്യ തോമസ് തറയിൽ പിതാവാണ് ദമ്പതിസംഗമം നയിക്കുന്നത് മറ്റ് റീജൺ സമ്മേളന ആലോചനയോഗങ്ങൾ നടന്നുവരുന്നു.

## യൂണിറ്റ് – ഫൊറോന വിസിറ്റുകൾ

100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി മെയ് – ജൂൺ മാസങ്ങളിൽ അതിരൂപത ഭാരവാഹികളുടെ ഫൊറോന വിസിറ്റും, ഫൊറോന ഭാരവാഹികളുടെ യൂണിറ്റ് വിസിറ്റും തുടരുന്നതാണ്.

## വി. റീത്താപുണ്യവതിയുടെ തിരുനാൾ

മെയ് 22-ാം തീയതി യൂണിറ്റുകളിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ റീത്താപുണ്യവതിയുടെ തിരുനാൾ ഉചിതമായി ആഘോഷിക്കുവാൻ ക്രമീകരണങ്ങൾ മുൻ പതിവ്പോലെ ചെയ്യുമല്ലോ.

**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. മാത്യു അഞ്ചിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## വിവാഹ ഒരുക്ക ധ്യാനം

| MAY 2019 | JUNE 2019 | JULY 2019 |
|---|---|---|
| 10,11,12 (Chry) | 3, 4, 5 (Zion) | 1, 2, 3 (Zion) |
| 16,17,18 (Zion) | 7, 8, 9 (Chry) | 8, 9, 10 (Zion) |
| 27,28,29 (Chry) | 17, 18, 19 (Zion) | 22, 23, 24 (Chry) |
| | 24, 25, 26 (Chry) | |

## പുളിങ്കുന്ന് ഫൊറോനാ പ്രോജക്ട് ഉദ്ഘാടനം

വേഴപ്രാ സെന്റ് പോൾസ് യൂണിറ്റിൽ മാർച്ച് 30 ശനിയാഴ്ച പുളിങ്കുന്ന് ഫൊറോനാ പ്രോജക്ട് ഉദ്ഘാടനം നടത്തി. മാർട്ടിൻ ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ടോണി കൂലിപറമ്പിൽ, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, അതിരൂപത ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് ഡെൻസമ്മ അന്നാ സോജൻ, ബ്രദർ ജേക്കബ്കുട്ടി എന്നിവർ പ്രസംഗിച്ചു. സി. ജയ്സിലി CMC, എബി ആന്റണി, ദിയ തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ചമ്പക്കുളം ഫൊറോനാ പ്രവർത്തനവർഷം ഉദ്ഘാടനം

ചമ്പക്കുളം ഫൊറോനായുടെ പ്രവർത്തനവർഷ ഉദ്ഘാടനം വൈശ്യംഭാഗം സെന്റ് ആന്റണീസ് യൂണിറ്റിൽ മാർച്ച് 30-ന് നടത്തി. ഫൊറോനാ പ്രസിഡന്റ് സജി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർഗരേഖാ പ്രകാശനം നിർവഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. മാർട്ടിൻ തൈപറമ്പിൽ, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, ബ്രദർ ജേക്കബ്കുട്ടി എന്നിവർ പ്രസംഗിച്ചു.

## ചങ്ങനാശേരി ഫൊറോനാ

ചങ്ങനാശേരി ഫൊറോനായുടെ പ്രോജക്ട് ഉദ്ഘാടനം മാർച്ച് 31 ഞായറാഴ്ച പറാൽ യൂണിറ്റിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജയ്സൺ സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫൊറോനാ വികാരി വെരി റവ. ഫാ. കുര്യൻ പുത്തൻപുര പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. ശ്രീമതി റിൻസി ക്ലാസ് നയിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി, ഫൊറോനാ ഡയറക്ടർ ഫാ. ലിജോ ചമ്പക്കുളം, കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ ഷാരോൺ ദേവസ്യാ എന്നിവർ പ്രസംഗിച്ചു.

## എടത്വാ ഫൊറോനാ

എടത്വാ ഫൊറോനാ പ്രവർത്തനവർഷ ഉദ്ഘാടനം തകഴി സെന്റ് റീത്താസ് യൂണിറ്റിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് സിബിൻ മുട്ടാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ ജോയിന്റ് ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലിങ്കൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം ആമുഖപ്രസംഗം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് ആറുപറ അനുഗ്രഹപ്രഭാഷണം നടത്തി.

## കുറുമ്പനാടം ഫൊറോന

കുറുമ്പനാടം ഫൊറോനാ യുവദീപ്തി -SMYM ന്റെ പ്രവർത്തനവർഷ ഉദ്

ഘാടനവും വാർഷികവും 2019 മാർച്ച് 30 ശനിയാഴ്ച മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ നടത്തി. ഇതിനു മുന്നോടിയായി 'കാൽവരി കുന്നിലേക്ക് ഒരു യാത്ര' (കുരിശിന്റെ വഴി) നടത്തുകയുണ്ടായി. ഇതേത്തുടർന്ന് ഭാരവാഹികളുടെ സത്യപ്രതിജ്ഞയും നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് പഴേമഠം, സി. ജോർജിയ DSFS, ഫൊറോനാ പ്രസിഡന്റ് ജിന്റോ ചെറിയാൻ ഓവേലിൽ, ആൻ മേരി എം., ജിൻസ് ബാബു, സ്റ്റെഫി പോൾ എന്നിവർ പ്രസംഗിച്ചു.

## രക്തദാനം നടത്തി

ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച നടത്തിയ വനിതാദിനാചരണത്തിനു മുന്നോടിയായി അതിരൂപതാ യുവദീപ്തി - SMYM 6-ാം തീയതി B-വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ഹോസ്പിറ്റലുകളിൽ രക്തം ദാനം ചെയ്തു. കോട്ടയം മെഡിക്കൽ കോളേജ്, പുഷ്പഗിരി മെഡിക്കൽ കോളേജ്, കാരിത്താസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ എന്നിവിടങ്ങളിലാണ് രക്തദാനം നടത്തിയത്. ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, സെക്രട്ടറി എത്സാ ബിജു, കെ.സി.വൈ.എം സിൻഡിക്കേറ്റ് മെമ്പർ അഞ്ജലി പി. തോമസ്, കെ.സി.വൈ.എം സെനറ്റ് മെമ്പർ റോസ് മരിയ സെബാസ്റ്റ്യൻ, വൈസ് പ്രസിഡന്റ് ജോസ്ന ജോസഫ് എന്നിവർ രക്തദാന പരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രതിക 2K19 - വനിതാ ദിനാചരണം : അതിരമ്പുഴ

അതിരൂപത വനിതാദിനാചരണം ഏപ്രിൽ 7-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ അതിരമ്പുഴ വിശ്വമാതാ ഓഡിറ്റോറിയത്തിൽ നടത്തി. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാൾ വെരി റവ ഡോ. ജോസഫ് മുണ്ടകത്തിൽ പ്രതിക 2K19 ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് പ്രൊഫസറും ബഹുമുഖ പ്രതിഭയുമായ ഡോ. സിസ്റ്റർ റോസ് ആന്റോയെ സമ്മേളനത്തിൽ ആദരിച്ചു. സിസ്റ്റർ വൃക്കദാനം ചെയ്തതിന്റേയും ഏറേ വർഷങ്ങളായി രക്തദാനം നടത്തുന്നതിന്റേയും അനുഭവങ്ങൾ വിവരിച്ചു. കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ അഞ്ജലി പി. തോമസ്, സി. സെലിൻ ജോസ് S.D., സ്നേഹാ ബെന്നി, അലൻ ജോസഫ്, മേഘാ സിബി, ഫാ. സോണി പള്ളിച്ചിറ, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി എന്നിവർ പ്രസംഗിച്ചു.

## മെയ്മാസത്തെ പരിപാടികൾ

| | | |
|---|---|---|
| മെയ് | 1 | മെയ്ദിനം : ലോക തൊഴിലാളിദിനം |
| | 5,6 | ലീഡേഴ്സ് മീറ്റ് |
| | 10, 11, 12 | പുളിങ്കുന്ന് ഫൊറോനാ ക്യാമ്പ് - ഇഗ്നിറ്റ് - |
| | 11 | YTP ക്ലാസ് ആരംഭം |
| | 17, 18, 19 | ഫൊറോനാ ക്യാമ്പ് - മണിമല, നെടുങ്കുന്നം |
| | 18, 20 | അതിരൂപതാദിനാചരണ പരിപാടികൾ - അമ്പൂരി |
| | 25, 26, 27 | ഫൊറോനാ ക്യാമ്പ് - കുറുമ്പനാടം, തൃക്കൊടിത്താനം |

പ്രിയ കൂട്ടുകാരേ,

അവധിക്കാലം നന്നായി ചിലവഴിക്കുന്നു എന്നു കരുതട്ടെ. ഈ അവധിക്കാലത്ത് പ്രാർത്ഥനയ്ക്കും ആത്മീയതയ്ക്കും അവധികൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. മാനസിക ഉല്ലാസത്തോടൊപ്പം, അറിവു നേടുന്നതിനും സമയം കണ്ടെത്തുമെന്നു പ്രത്യാശിക്കുന്നു.

2019 വർഷത്തിൽ കെ സി എസ് എൽ പ്രസ്ഥാനത്തോടൊപ്പം പ്രവർത്തിക്കാൻ, പ്രസ്ഥാനത്തെ വളർത്താൻ നിയമിതനായിരിക്കുന്ന റീജന്റ് ബ്രദർ തോമസ് പുതിയാപറമ്പിലിന് അതിരൂപതാ കെ സി എസ് എൽ കുടുംബത്തിലേക്ക് സ്വാഗതം.

ഈ വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് 2019 ഏപ്രിൽ 24 മുതൽ 27 വരെ മാവേലിക്കര സീറോ മലങ്കര രൂപതയുടെ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിൽ നിന്നും 33 അംഗങ്ങൾ പങ്കെടുത്തു. എച്ച്.എസ്.എസ് സെക്രട്ടറിയായി സച്ചു സ്കറിയ (SB HSS) തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനതലത്തിൽ 2018–'19 വർഷത്തിൽ ചങ്ങനാശേരി അതിരൂപത ഏറ്റവും നല്ല പ്രവർത്തനത്തിൽ മൂന്നാംസ്ഥാനത്തിനും ഹൈസ്കൂൾ സെക്ഷനിൽ ഏറ്റവും നല്ല പ്രവർത്തനത്തിന് നെടുങ്കുന്നം സെന്റ് തെരേസാസ് സ്കൂൾ ഒന്നാം സ്ഥാനത്തിനും തെരഞ്ഞെടുക്കപ്പെട്ടു. ഏവർക്കും അഭിനന്ദനങ്ങൾ സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പു നടക്കുന്ന പ്രസ്തുത ക്യാമ്പിൽ താല്പര്യപൂർവ്വം പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യയനവർഷാവസാനത്തിന്റെ തിരക്കുകൾക്കിടയിലും കുട്ടികളെ ക്യാമ്പിനായി ഒരുക്കി അയച്ച സ്കൂൾ ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും നന്ദിയും അനുമോദനവും അറിയിക്കട്ടെ.

അവധിക്കാലത്ത് മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും അതുവഴി ദൈവകൃപ നുകരാനും നിങ്ങൾക്കാവട്ടെ. നമ്മുടെ അതിരൂപതാ ദിനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും സാധിക്കുന്നവർ അതിൽ പങ്കുകൊള്ളുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹാശംസകളോടെ,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## കെയർ ഹോം ഫെലോഷിപ്പ് (CFCA)

CFCA യുടെ ഭാഗമായ കെയർ ഹോമുകളിൽ അഭി. മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സമരിറ്റൻ പ്രയർ 2019 മെയ് 6 ന് ചെത്തിപ്പുഴ മേഴ്സി ഹോമിൽ നടത്തപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് 9656200059

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !**

പൊതുസമൂഹത്തിന്റെ സാമൂഹിക സാംസ്ക്കാരിക വളർച്ചയിൽ ഗുണപരമായ സംഭാവന നല്കുക ചാസിന്റെ ദൗത്യമാണല്ലോ. അന്തസ്സോടും അഭിമാനത്തോടും കൂടി ജീവിക്കാൻ ഓരോ വ്യക്തിയും കരുത്താർജ്ജിക്കണമെങ്കിൽ അതിന് അനുയോജ്യമായ സാമൂഹ്യസാഹചര്യം സൃഷ്ടിച്ചെടുക്കാൻ വ്യക്തികളെ പരിശീലിപ്പിക്കുകയും വേണം. കൂട്ടായ്മയും സാമ്പത്തിക സുസ്ഥിതിയും ആരോഗ്യകരമായ ജീവിതശൈലിയും സാമൂഹികസുരക്ഷിതത്വവുമൊക്കൊ ഇതിന്റെ ഭാഗമാണ്. പുതിയ പ്രവർത്തനവർഷത്തിന്റെ മുഖ്യപ്രമേയങ്ങളായി മേൽ സൂചിപ്പിച്ച ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'സംഘതരംഗം', 'ഊർജ്ജിതം', 'ഹരിതഭൂമി', 'ആശാകിരണം', 'പ്രതീക്ഷ' എന്നിങ്ങനെ അഞ്ച് പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ചാസ് യൂണിറ്റുകളുടെയും സഹകാരികളുടെയും സുഗമമായ വളർച്ചയും വിഭവസമാഹരണ-വിതരണത്തിന്റെ നൂതന ശൈലികളും, മാലിന്യസംസ്ക്കരണത്തിലും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിലും ഉറച്ചുനിന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളും ഭക്ഷ്യ മേഖലയിലെ സ്വാശ്രയത്വവും, ആരോഗ്യ സംരക്ഷണത്തിലും സാമൂഹ്യസുരക്ഷയിലും ഊന്നിയുള്ള പ്രവത്തനങ്ങളുമാണ് ഈ പദ്ധതികളുടെ പ്രധാന ആഭിമുഖ്യങ്ങൾ. ഏപ്രിൽ ലക്കം 'ഒരുമ' യിൽ ഒരു പരിധിവരെ ഇവ വിശദീകരിച്ചിട്ടുണ്ട്. സംഘ-യൂണിറ്റ്-മേഖലാ-കേന്ദ്രതലങ്ങളിൽ ക്രിയാത്മകമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കാൻ ഏവരും സന്നദ്ധരാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോസഫ് കളരിക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പ്

**1.** SHG, ക്രെഡിറ്റ് യൂണിയൻ, MBS, JLG, എന്നിവയെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 2019 മെയ് 1 മുതൽ പ്രാബല്യത്തിൽ വരുന്നവിധം പുനക്രമീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

**2. യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ്**

മെയ് 28 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 മണി വരെ യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ക്രെഡിറ്റ് യൂണിയൻ കൺവീനർ, സംഘം കൺവീനർ എന്നിവരുടെ മീറ്റിംഗ് സന്ദേശനിലയം ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് കൂടുന്നതായിരിക്കും.

## പ്രോജക്ട് വാർത്തകൾ

### അതിജീവൻ-പദ്ധതിയിലൂടെ ഭവന-ശൗചാലയ നിർമ്മാണത്തിന് സഹായം

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ്

ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാട്ടിൽ ചാസ് നടപ്പാക്കുന്ന 'അതിജീവൻ' പദ്ധതിയിൽ ഭവന-ശൗചാലയ നിർമ്മാണത്തിനുള്ള ധനസഹായം മാർച്ച് 29 ന് വിതരണം ചെയ്തു. ഭവനനിർമ്മാണം, ശൗചാലയനിർമ്മാണം, സ്വയംതൊഴിൽ പദ്ധതികൾ, ജലശുചീകരണമാർഗ്ഗങ്ങൾ തുടങ്ങയവയാണ് അതിജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത 136 ഗുണഭോക്താക്കൾക്കുള്ള ഭവന-ശൗചാലയ നിർമ്മണ സഹായമാണ് ആദ്യഘട്ടത്തിൽ വിതരണം ചെയ്തത്. ഇതു സംബന്ധിച്ച് തെക്കേക്കര സെന്റ് ജോൺസ് പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടി ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഡോ. ജോസഫ് മുണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് മാത്യു പഞ്ഞിമരം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പുത്തൻപുരയ്ക്കൽ, വാർഡ് മെമ്പർ ശ്രീ. പൗലോസ് ജോസഫ് കൈതക്കളം, EA project കോ-ഓർഡിനേറ്റർ ബേബി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## പൊതുജനാരോഗ്യസെമിനാർ ECHO-Project

ചമ്പക്കുളം, കൈനകരി, നെടുമുടി ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന ECHO-Project ന്റെ ഭാഗമായി മാർച്ച് 29 ന് പൊങ്ങ മാർ സ്ലീവാ പാരീഷ് ഹാളിൽ പൊതുജനാരോഗ്യസെമിനാർ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. കാരിത്താസ് ഇൻഡ്യ പ്രോഗ്രാം ഓഫീസർ റ്റി. ജെ. വർക്കി, പ്രോജക്ട് കോ-ഓർഡിനേറ്റർ അമൽ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ജൂണിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ അനുമോൾ സി.ജെ. ക്ലാസ് നയിച്ചു. 26 അംഗങ്ങൾ പങ്കെടുത്തു.

## കോഴിക്കുഞ്ഞുവിതരണം

അതിജീവൻ പദ്ധതിയുടെ ഭാഗമായി മാർച്ച് 30 ന് ചമ്പക്കുളം പഞ്ചായത്തിലെ 100 കുടുംബങ്ങൾക്കായി 1000 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ചമ്പക്കുളം സെന്റ് മേരീസ് ബെസലിക്ക അങ്കണത്തിൽ വെരി റവ. ഫാ. അബ്രഹാം കാടത്തുകളം കോഴിക്കുഞ്ഞുങ്ങളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.

## WATSAN-ബോധവത്ക്കരണം

കുട്ടനാട് പുനരധിവാസ പദ്ധതികളുടെ ഭാഗമായി ആരോഗ്യം, ശുചിത്വം, ജലം എന്നിവയെ അടിസ്ഥാനമാക്കി കരുമാടി യൂണിറ്റിൽ മാർച്ച് 31 ന് ബോധവത്ക്കരണ സെമിനാർസംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോംസി പൂവത്തോളിൽ ഉദ്ഘാടനം നിർവഹിച്ചു. ഡോ. അജികുമാർ ഉരവക്ലാസ് നയിച്ചു. 33 അംഗങ്ങൾ പങ്കെടുത്തു.

മുട്ടാർ ഓൾഡ് യൂണിറ്റിൽ ഏപ്രിൽ 6 ന് ആരോഗ്യസംരക്ഷണ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹാം തയ്യിൽ ഉദ്ഘാടനം ചെയ്തു. ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയിലെ ഡോ. വിനോദ് നമ്പൂതിരി ആരോഗ്യം, ശുചിത്വം, ജലം എന്നിവയെ അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

പാണ്ടങ്കരി യൂണിറ്റിൽ ഏപ്രിൽ 8 ന് ആരോഗ്യസംരക്ഷണ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി തേവാരി ഉദ്ഘാടനം ചെയ്തു. ആരോഗ്യസംരക്ഷണത്തെക്കുറിച്ച് കോ-ഓർഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. 82 അംഗങ്ങൾ പങ്കെടുത്തു.

## PERK-പദ്ധതിയിൽ ആടുവിതരണം

ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ എടത്വാ, മുട്ടാർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ (PERK) ഭാഗമായി ഏപ്രിൽ 5-ാം തീയതി പുതുക്കരി, പടഹാരം, പാണ്ടങ്കരി, കരുമാടി കേളമംഗലം, തകഴി യൂണിറ്റുകളിലായി 36 ആടുകളെ വിതരണം ചെയ്തു.

## അതിജീവൻ (EA) പദ്ധതിയിൽ ആട് വിതരണം

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ ചമ്പക്കുളം ഫൊറോനായിൽ നടപ്പാക്കുന്ന പുനരധിവാസപദ്ധതി EA Project-ന്റെ ഭാഗമായി ഏപ്രിൽ 5, 16 തീയതികളിൽ നസ്രത്ത്, പൊങ്ങ, ചേന്നങ്കരി, കൂലിപ്പുര, തോട്ടുവാത്തല യൂണിറ്റുകളിൽ ആട് വിതരണം നടത്തി. ഒരു ഗുണഭോക്താവിന് 2 ആടുകൾ വീതം 34 ഗുണഭോക്താക്കൾക്കായി 68 ആടുകളെ വിതരണം ചെയ്തു.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ഏപ്രിൽ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| | പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|---|
| 411. | സിന്ധു വട്ടോലിക്കൽ | സൂര്യ | കൂരോപ്പട | കോട്ടയം |
| 412. | റ്റി. എൻ. മുരളീധരൻ നായർ | ഉദയ | പങ്ങട | കോട്ടയം |
| 413. | ലില്ലി ഷാജി തേരകത്തിനാംകുഴി | അപർണ്ണ | വെട്ടിമുകൾ | അതിരമ്പുഴ |

### (2) മ്യൂചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| | പേര് | യൂണിറ്റ് | മേഖല |
|---|---|---|---|
| 249. | മാത്യു ജോസഫ് കാഞ്ഞിരംകാല | നാൽപ്പാത്തിമല | അതിരമ്പുഴ |
| 250. | എൻ.ജി. തമ്പി നെടുംതറയിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |

- **ചികിത്സാസഹായം**

| | പേര് | യൂണിറ്റ് | മേഖല |
|---|---|---|---|
| 121. | പി. ജോർജ്ജ് വാലുപച്ചകിഴക്കേതിൽ | നരിക്കൽ | കൊല്ലം |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ഏപ്രിൽ മാസം 31 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 67 അപേക്ഷകർക്ക് 78,200/- രൂപ നൽകി.

### (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 ഏപ്രിൽ മാസം 9 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 49,597/- രൂപ അനുവദിച്ചു.

| | പേര് | യൂണിറ്റ് | തുക |
|---|---|---|---|
| 1. | എൽസമ്മ ജോസഫ്, വാണിയപ്പുരയ്ക്കൽ | തുരുത്തി | 6311/- |
| 2. | എൽസമ്മ ആന്റണി, ഞാറപ്പറമ്പിൽ | തുരുത്തി | 9500/- |
| 3. | റ്റിന്റു ലോബോ, പുതിപ്പറമ്പിൽ | ചെത്തിപ്പുഴ | 9365/- |
| 4. | ബിനു സെബാസ്റ്റ്യൻ, മുണ്ടപ്ലാക്കൽ | മണിമല ന്യൂ | 4560/- |
| 5. | ജയ ശാന്തിലാൽ, ചിറത്തറ | രാമങ്കരി | 6065/- |
| 6. | ട്രീസാ ഡിംപിൾ, കട്ടത്തറ | ഫാത്തിമാപുരം | 2170/- |
| 7. | വർഗ്ഗീസ് കെ.വി., കല്ലുകളം | തൃക്കൊടിത്താനം | 5450/- |
| 8. | സാബു കെ.വി., കോയിപ്പള്ളി | ഇത്തിത്താനം | 5180/- |
| 9. | ബുനു ജോസഫ് വാലുപറമ്പിൽ | രാമങ്കരി | 996/- |

## മേഖലാവാർത്തകൾ

### അറുനൂറ്റിൻപാടം യൂണിറ്റ് ഉദ്ഘാടനം, സംഘസംഗമം, വായ്പാ വിതരണം, ഫാർമേഴ്സ് ക്ലബ് രൂപീകരണം

അറുനൂറ്റിൻപാടം യൂണിറ്റിൽ 2019 മാർച്ച് 31 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു വാരുവേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ വച്ച് ചാസ് ഓഫീസ് ഉദ്ഘാടനവും സംഘാംഗങ്ങൾക്ക് വായ്പാ വിതരണവും, ഫാർമേഴ്സ് ക്ലബ് രൂപീകരണവും സ്വാശ്രയസംഘാംഗങ്ങളുടെ സംഗമവും നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 'കുടുംബജീവിതം ഇന്ന്' എന്ന വിഷയത്തെകുറിച്ച് റവ. സി. പ്രിയ CMC ക്ലാസ് നയിച്ചു. വാർഡ് മെമ്പർ ആഗ്നസ് ഗ്രിഗറി, മഹിളാസമാജം പ്രസിഡന്റ് കുഞ്ഞുമോൾ അഞ്ചിൽ, മേഖലാ കോ-ഓർഡിനേറ്റർ ജോസ് ഡി, യൂണിറ്റു ഭാരവാഹികളായ ജോസഫ് പള്ളിച്ചിറ, എം.ജെ വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

### സ്വാശ്രയസംഘസംഗമം

പാണ്ടങ്കരി യൂണിറ്റിൽ പുതുതായി രൂപീകരിച്ച 8 സ്വാശ്രയസംഘങ്ങളുടെ സംഗമം ഏപ്രിൽ 8 ന് സംഘടിപ്പിച്ചു. സംഘത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങളെക്കുറിച്ച് കോ-ഓർഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. 82 അംഗങ്ങൾ പങ്കെടുത്തു.

പുന്നക്കുന്നം യൂണിറ്റിൽ പുതിയതായി രൂപീകരിച്ച സ്വാശ്രയസംഘങ്ങളുടെ സംഗമം ഏപ്രിൽ 17 ന് പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോണി മിയൻചിറ ആമുഖസന്ദേശം നൽകി. മേഖലാ കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ് സ്വാശ്രയസംഘത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

### SHG ബോധവത്ക്കരണ സെമിനാർ

പടഹാരം യൂണിറ്റിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തന ലക്ഷ്യങ്ങ

ളെക്കുറിച്ച് മാർച്ച് 30 ന് കോ-ഓർഡിനേറ്റർ ബിനു ജോസഫ് ബോധവത്ക്കരണ ക്ലാസ് നടത്തി. 52 അംഗങ്ങൾ പങ്കെടുത്തു.

### സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു

വടവാതൂർ സാന്തോം ചാസ് യൂണിറ്റിൽ മാർച്ച് 24 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. ഇടവകാംഗങ്ങൾ വീട്ടുവളപ്പിൽ നട്ടുവളർത്തുന്ന പച്ചക്കറികളും ഭക്ഷ്യവസ്തുക്കളുമാണ് മാർക്കറ്റിൽ ലഭ്യമാകുന്നത്.

### ട്രസ്റ്റ് രജിസ്ട്രേഷൻ

പുളിംകുന്ന് മേഖലയിൽ പ്രവർത്തിക്കുന്ന കൊല്ലമുട്ടം, മണലാടി, രാമങ്കരി, പുളിംകുന്ന് എന്നീ യൂണിറ്റുകളിൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്തു.

### ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം

പുളിംകുന്ന് യൂണിറ്റിൽ ഏപ്രിൽ 11 ന് ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് പ്രസിഡന്റ് ടോം നിലപ്പനയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊറോനാ വികാരി റവ. ഫാ. മാത്യു ഓടലാനി പാസുബുക്ക് വിതരണം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. സെക്രട്ടറി കുഞ്ചറിയ തോമസ്, മേഖലാ കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ് എന്നിവർ പ്രസംഗിച്ചു.

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 04.04.19 | അനുപമ | പുതുക്കരി | 15 |
| 06.04.19 | ആവേമരിയ | മാമ്പുഴക്കരി | 11 |
| 06.04.19 | ഒരുമ | മാമ്പുഴക്കരി | 16 |
| 06.04.19 | അമലോത്ഭവ | മാമ്പുഴക്കരി | 20 |
| 06.04.19 | ഇമ്മാനുവേൽ | മാമ്പുഴക്കരി | 17 |
| 06.04.19 | ചെറുപുഷ്പം | മാമ്പുഴക്കരി | 13 |
| 06.04.19 | ജീസ്സസ് | മാമ്പുഴക്കരി | 20 |
| 06.04.19 | ജീവൻ | മാമ്പുഴക്കരി | 11 |
| 06.04.19 | മരിയൻ | മാമ്പുഴക്കരി | 13 |

## ആദരാഞ്ജലികൾ

ചാസ്-കോപ്പ്ടാക്കിൽ കഴിഞ്ഞ 20 വർഷക്കാലമായി Cassock വിഭാഗത്തിൽ സേവനം അനുഷ്ഠിച്ചു വന്ന സി. ട്രീസാ FCC ഏപ്രിൽ 15 ന് നിര്യാതയായി.

*ചാസ് കുടുംബത്തിന്റെ ആദരാഞ്ജലികൾ*

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2018 ഡിസംബറിൽ ഇടവക കൾ സമാഹരിച്ച തുകയും ഏപ്രിൽ 27-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 124. | നെടുംകുന്നം | 235876 | 35380 |
| 125 | മണ്ണാർകുന്ന് | 111150 | 44460 |
| 126. | പങ്ങട | 41000 | 16400 |
| 127. | കുറുമ്പനാടം - അസംഷൻ | 84290 | 33716 |
| 128. | മുട്ടാർ - ഓൾഡ് | 94000 | 37600 |
| 129. | വില്ലൂന്നി | 171695 | 68678 |
| 130. | കൊല്ലം | 91100 | 36440 |
| 131. | തുരുത്തി | 437580 | 175032 |
| 132. | പുന്നത്തുറ | 75195 | 75195 |
| 133. | കുട്ടിക്കോണം | 15400 | 6160 |
| 134. | മിത്രക്കരി | 44295 | 17718 |
| 135. | കുളത്തൂർ | 12880 | 5152 |
| 136. | ചുങ്കപ്പാറ | 25000 | 10000 |
| 137. | അറുനൂറ്റുംപാടം | 92050 | 36820 |
| 138. | നെടുമൺ | 4900 | 4900 |
| 139. | പന്തളം | 3000 | 3000 |
| 140. | അടൂർ | 3000 | 3000 |
| 141. | വെട്ടിമുകൾ | 149125 | 60000 |
| 142. | രാജഗിരി | 7550 | 3020 |
| 143. | തേക്കുപാറ | 9970 | 3988 |
| 144. | വൈശ്യംഭാഗം | 79501 | 31800 |
| 145. | വായ്പൂർ - ഓൾഡ് | 30130 | 12052 |
| 146. | പുനലൂർ | 49670 | 19868 |
| 147. | ചെറുകടവ് | 4000 | 1600 |
| 148. | മീൻകുളം | 33280 | 13313 |
| 149. | തിരുവനന്തപുരം | 145400 | 58160 |
| 150. | ചങ്ങങ്കരി | 27340 | 10935 |
| 151. | കൂരോപ്പട | 125246 | 50050 |
| 152. | പാമ്പാടി | 16800 | 6720 |
| 153. | അയർകുന്നം | 140185 | 56193 |
| 154. | ചമ്പക്കുളം | 333911 | 133560 |
| 155. | അമ്പലപ്പുഴ | 13280 | 5312 |

(തുടരും...)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കോറി. 15:14) തിരുനാളുകളുടെ തിരുനാൾ ആയ ഉയിർപ്പുതിരുനാളിന്റെ ആശംസകൾ ഏവർക്കും സ്നേഹത്തോടെ നേരുന്നു. ഉത്ഥിതനായ ഈശോ നൽകുന്ന സമാധാനം നമ്മുടെ വ്യക്തി ജീവിതത്തിലും കുടംബജീവിതത്തിലും, തൊഴിലിടങ്ങളിലും സംജാതമാകട്ടെ......

## കായികമേള

ഏപ്രിൽ മാസം 7-ാം തിയതി ഞായറാഴ്ച എസ്.ബി.സ്കൂൾ ഗ്രൗണ്ടിൽ വച്ചു നടത്തപ്പെട്ട കെ.എൽ. എം കായികമേള സ്കൂൾ മാനേജർ റവ. ഫാ. മാത്യു നടമുഖം ഉദ്ഘാടനം നിർവ്വഹിച്ചു. ഏറെ സന്തോഷവും മാനസിക ഉല്ലാസവും ലഭ്യമായ ഈ കായികമേളയിൽ പങ്കെടുത്തവർക്കും സമ്മാനർഹമായവർക്കും അഭിനന്ദനങ്ങൾ.

## ആദരാഞ്ജലികൾ

ചങ്ങങ്കരി സെന്റ് ജോസഫ് യൂണിറ്റിലെ ശ്രീ ജോളി വി. തോമസ് വെടിക്കാരൻപറമ്പിൽ 10.4.2019 -ൽ നിര്യാതനായി. കെ.എൽ എം കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു..

## പുതിയ സംഘം.

ചങ്ങനാശ്ശേരി കത്തീഡ്രൽ യൂണിറ്റിൽ കെ.എൽ.എം-ന്റെ പുതിയ ഒരു സംഘം സെന്റ് മേരീസ് എന്ന പേരിൽ ആരംഭിച്ചു കത്തീഡ്രൽ യൂണിറ്റിൽ ഇത് 17-ാം സംഘംമാണ്..

## മരണാന്തര സഹായനിധി.

02.04.2019 -ൽ കുമരങ്കരി ദേവമാതാ സംഘത്തിൽ പരേതനായ ഈയ്യോ ജോസഫിന്റെ കുടുംബത്തിന് മരണാനന്തരസഹായനിധി ആയ 1,12,500 രൂപാ നല്കി.

## പത്രസമ്മേളനം

മെയ് 1-ാം തിയതി ബുധനാഴ്ച നടക്കാനിരിക്കുന്ന തൊഴിലാളി സംഗമം, മെയ്ദിന റാലി ഇവയോടനുബന്ധിച്ച് 26.04.2019 വെള്ളിയാഴ്ച പത്രസമ്മേളനം സന്ദേശനിലയത്തിൽ വച്ച് റിസേഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## മെയ് ദിന റാലി

തൊഴിലാളി ദിനമായ മെയ് 1-ാം തിയതി 3 മണിക്ക് അരമനപ്പടിയിൽ നിന്ന് കാവുകാട്ട് ഹാളിലേക്ക് മെയ്ദിന റാലി നടത്തപ്പെടും മാർ തോമസ് തറയിൽ റാലി ഉത്ഘാടനം ചെയ്യും. കാവുകാട്ടുഹാളിൽ പൊതു സമ്മേളനവും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്യും. ഈ പോതുസമ്മേളനത്തിൽ വച്ച് സ്നേഹത്തണൽ പദ്ധതി ഉത്ഘാടനവും നടത്തപ്പെടുന്നതാണ്.

**ഫാ. ജോസ് പുത്തൻചിറ**
അതിരൂപതാ ഡയറക്ടർ



# ഇസ്ക്കോള ക്വിസ്

## സെന്റ് ജോസഫ്സ് ചർച്ച് പുന്നക്കുന്നത്തുശ്ശേരി

പുന്നക്കുന്നത്തുശ്ശേരി ഇസ്ക്കോളാ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശേരി അതിരൂപതയിലെ 5 മുതൽ 12-ാം ക്ലാസുവരെയുള്ള സൺഡേസ്കൂൾ കുട്ടികൾക്കായി ബൈബിൾ ക്വിസ് മത്സരം നടത്തുന്നു.

സ്ഥലം : സെന്റ് ജോസഫ്സ് ചർച്ച് പുന്നക്കുന്നത്തുശ്ശേരി
തീയതി : 25.05.2019 ശനിയാഴ്ച
സമയം : രാവിലെ 10:00 മണിക്ക്

**ഒന്നാം സമ്മാനം : 3000 രൂപ**
**രണ്ടാം സമ്മാനം : 2000 രൂപ**
**മൂന്നാം സമ്മാനം : 1000 രൂപ**

50% മാർക്കിനു മുകളിൽ ലഭിക്കുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

### വിഷയം

* **2019-ലെ ലോഗോസ് ക്വിസിന്റെ വിഷയം.......................................... - 60%**
  (നിയമാവർത്തനം : 12-21, പ്രഭാഷകൻ : 11-17, മത്തായി: 19-28, വെളിപാട് 17:22)
* **ഭാരത കത്തോലിക്കാസഭ ഇന്നലെയും ഇന്നും** - നാലാം അദ്ധ്യായം...... - 25%
  (പോൾ പള്ളത്ത്, മലയാള വിവർത്തനം ജോസഫ് കൊല്ലാറ)
* **സത്യദർശനം - 2019 ജനുവരി മുതൽ ഏപ്രിൽ വരെ ................................ - 15%**

ഒരു സൺഡേ സ്കൂളിൽ നിന്ന് രണ്ടുപേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്.

*For details Contact :-*

**റവ. റവ. ടോണി മണിയഞ്ചിറ - 9447265849**
(വികാരി, സെന്റ് ജോസഫ്സ് ചർച്ച് പുന്നക്കുന്നത്തുശ്ശേരി)

**ജോണി തോമസ് ചേപ്പില - 9496544228**
(തിരുനാൾ പ്രസുദേന്തി)

**ഷാജി തോമസ് കൊച്ചീത്തറ - 9447977574**
(പ്രോഗ്രാം കൺവീനർ)

അന്നവും അക്ഷരവും ആദരവോടെ വിളമ്പുന്ന ചങ്ങനാശേരിയിലെ അഞ്ചപ്പം ഭക്ഷണശാലയിൽ ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 26-ാം തീയതി ഡയറക്ടർ സണ്ണി പുത്തൻപുരയ്ക്കൽ അച്ചനും അതിരൂപതാ Executive അംഗങ്ങളും സ്റ്റാഫംഗങ്ങളും ഭക്ഷണം വിളമ്പി ക്കൊടുക്കാൻ അഞ്ചപ്പം ശുശ്രൂഷകരെ സഹായിച്ചു. തദവസരത്തിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ സന്ദർശനവും സാന്നി ദ്ധ്യവും അനുഗ്രഹമായിരുന്നു. അഞ്ചപ്പം ഭക്ഷണശാലയിൽ സ്നേഹത്തിന്റേയും പങ്കുവെക്കലിന്റേയും മാതൃകയാണ് നടക്കുന്നതെന്ന് മാർ ജോസഫ് പെരുന്തോ ട്ടം പിതാവ് അഭിപ്രായപ്പെട്ടു. തുടർന്ന് അഞ്ചപ്പത്തിൽ ശുശ്രൂഷ ചെയ്യുന്നവരുമാ യി സൗഹൃദം പങ്കുവെച്ചു. ചങ്ങനാശേരി കത്തീഡ്രൽ പള്ളി വികാരി പെരിയ ബഹു. ഫാ. കുര്യൻ പുത്തൻപുര, മുൻ വികാരി ജനറാൾ പെരിയ ബഹു. ഫാ. മാത്യു മറ്റം, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസ് മുകളേൽ, കത്തീഡ്രൽ പള്ളിയിലെ അസി. വികാരിമാരായ ഫാ. വർഗീസ് കിളിയാട്ടുശേരി, ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ഫാ. ജോസഫ് ളാനിത്തോട്ടം CMI, പ്രവാസി അതിരൂപതാ പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.

ആവേ മരിയ ഹോളിഡേയ്സ്, സാന്റാ മോനിക്കയുമായി സഹകരിച്ചു നടത്തിയ വിദേശ വിദ്യാഭ്യാസ സെമിനാറിന്റെ രണ്ടാംഘട്ടമായ കൗൺസിലിംഗ് ഏപ്രിൽ മാസം 13-ാം തീയതി പ്രവാസി അപ്പോസ്തലേറ്റ് ഓഫീസിൽ നടത്ത പ്പെട്ടു. സാന്റാ മോനിക്കയുടെ കോട്ടയം ശാഖയിൽ നിന്നുള്ള കൗൺസിലേഴ് സ് ആയ ശ്രീമതി ഫ്ളാബിയും കുമാരി ഗൗരിയും വിദ്യാർത്ഥികൾക്കു വേണ്ട നിർദേശങ്ങൾ നൽകുകയുണ്ടായി.

ഏപ്രിൽ 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ആവേ മരിയ ഹോളിഡേയ് സിന്റെ പ്രഥമ വിശുദ്ധനാട് സന്ദർശകരുടെ മീറ്റിംഗ് സന്ദേശനിലയത്തിൽ നടത്ത പ്പെട്ടു. വികാരി ജനറാൾ പെരിയ ബഹു. തോമസ് പാടിയത്ത് അച്ചൻ, ബഹു. സണ്ണി പുത്തൻപുരയ്ക്കൽ അച്ചൻ, ആവേ മരിയ ഹോളിഡേയ്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യൻ പത്തിൽ എന്നിവർ ഈ മീറ്റിംഗിനു നേ തൃത്വം നൽകി. സാന്റാ മോനിക്ക ഹോളിഡേയ്സ് മാനേജർ, ശ്രീ. ഏബ്രാഹം യാത്രാ നിർദ്ദേശങ്ങളും യാത്രാ വിവരണങ്ങളും നൽകുകയുണ്ടായി.

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

### ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ജോസഫൈൻ |

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

2004- ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവ രുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴി യുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടി രിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു. എന്നാൽ പുതിയ ധാരാളം അപേ ക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സാമ്പത്തികമായി സഹായി ക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 62 പേർക്ക് 68,000/ രൂപയുടെ ധനസഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തി ലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെയും ഫാ. ജോസ് പുത്തൻചിറയുടെയും നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബ വിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യ മായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീക രണ ധ്യാനം 2019 മെയ് 23 മുതൽ മെയ് 26 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്ന തിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 9497325685

*(Secular Franciscan Order - SFO)*
**''സമാധാനം - സൗഭാഗ്യം''**

പ്രിയ സഹോദരരേ,

ഉത്ഥാനംവഴി പാപത്തെയും മരണത്തെയും വിജയിച്ച മിശിഹായിലൂടെ കൈവന്ന രക്ഷയിലും പുതുജീവനിലും സഭ ആഹ്ലാദിക്കുന്ന കാലഘട്ടമാണല്ലോ ഉയിർപ്പുകാലം. മാമ്മോദീസായിലൂടെ പാപത്തിനു മരിച്ച് മിശിഹായിൽ നവജീവൻ പ്രാപിച്ചവരാണ് നാമെന്ന് അനുസ്മരിച്ചുകൊണ്ട് കൗദാശീക ജീവിതത്തിലും, ജീവിത സാക്ഷ്യത്തിലും വളർന്നു വരുവാൻ പരിശ്രമിക്കാം. ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ഒപ്പം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പു പിതാവിനെ അനുസ്മരിക്കുന്ന മാസമാണല്ലോ മെയ്മാസം. ഈ സുദിനങ്ങളുടെ മംഗളങ്ങൾ ആശംസിക്കുന്നതോടൊപ്പം തൊഴിലിന്റെ മഹത്വം നമ്മുടെ ജീവിതത്തിൽ സ്വാംശീകരിച്ചുകൊണ്ട് കർമ്മമണ്ഡലങ്ങളിലേക്ക് ഇറങ്ങാൻ ഓരോ ടഎഛ അംഗത്തിനും ഈ കാലഘട്ടത്തിൽ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 8-ാമത് നോമ്പുകാല പീഡാനുഭവ പദയാത്ര

SFO ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ 2019 ഏപ്രിൽ 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ നിന്നും എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കലേക്കും 8-ാമത് നോമ്പുകാല പീഡാനുഭവ പദയാത്ര നടത്തി. പദയാത്ര SFO അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കുരിശിന്റെ വഴി, കരുണക്കൊന്ത, ജപമാല എന്നീ പ്രാർത്ഥനകൾ ചൊല്ലി എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ എത്തിച്ചേർന്നപ്പോൾ ബഹു. വൈദീകരുടെ നേതൃത്വത്തിൽ ഒപ്പീസ് പ്രാർത്ഥന നടത്തി. തുടർന്ന് എടത്വാ ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ചൂരവടി പദയാത്രയെ സ്വാഗതം ചെയ്ത് സന്ദേശം നല്കി. തുടർന്ന് 11.30 മുതൽ SFO വല്ലം റീജണിന്റെ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. വിൽസൺ പൈനാടത്തിന്റെ കാർമ്മികത്വത്തിൽ പീഡാനുഭവ പ്രസംഗവും, വി. കുർബാനയും നടത്തി. തുടർന്ന് നേർച്ച ഭക്ഷണ വിതരണവും നടത്തി. ഉച്ചയ്ക്ക് ഒരു മണിയോടെ പരിപാടികൾ സമാപിച്ചു. ഒരു പരിപാടികൾക്ക് ക്രമീകരണങ്ങൾ നല്കിയത് മുട്ടാർ ടഎഛ ഭ്രാതൃത്വാംഗങ്ങളും, എടത്വാ SFO ഭ്രാതൃത്വാംഗങ്ങളുമായിരുന്നു. സിബിച്ചൻ സ്രാങ്കൻ, ലാലപ്പൻ കണിച്ചേരി, സാബു കരിക്കംപള്ളിൽ, എൽസമ്മ സെബാസ്റ്റ്യൻ, പ്രൊഫ. മാത്യു ജോർജ്, പ്രമോദ് പി. ജോസഫ്, ചാക്കോച്ചൻ കന്നയിൽ, ആന്റണി ചാക്കോ കൊങ്ങംപള്ളിൽ, മറ്റു ഭ്രാതൃത്വ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണ സ്റ്റാൾ

എടത്വാ സെന്റ് ജോർജ് ഫൊറോനാപള്ളിയിലെ വി. ഗീവർഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് SFO എടത്വാ റീജണിന്റെ ആഭിമുഖ്യത്തിൽ ' ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിതത്തിലൂടെ' എന്ന പേരിൽ ഒരു അനുസ്മരണ സ്റ്റാൾ ക്രമീകരിക്കുന്നു. ഈ സ്റ്റാൾ മെയ്മാസ് 3-ാം തീയതി രാവിലെ ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. തൊമ്മച്ചന്റെ ജീവിചരിത്രപുസ്തകം, ലഘുലേഖകൾ, നാമകരണ പ്രാർത്ഥന കാർഡുകൾ, കേരള അസ്സീസി എന്ന വാർത്താ പത്രിക എന്നിവ വിതരണം ചെയ്യുന്നതായിരിക്കും.

## നിര്യാതരായി

SFO ഏലംകുന്നം, മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഭ്രാതൃത്വാംഗം ത്രേസ്യാമ്മ ജോസഫ് നെടുവേലിയുടെ മാതാവ് മറിയാമ്മ ഔസേപ്പ് (84), ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഭ്രാതൃത്വാംഗം എൻ.വി. ജോസഫ് നടുക്കേതിലിന്റെ മാതാവ് മറിയാമ്മ വർഗീസ് (91) എന്നിവർ നിര്യാതരായി. SFO അതിരൂപതാ നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും സംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണേ.

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

മെയ്മാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമാണെന്നുള്ളതിൽ സംശയമില്ല. സി.സി. വാർഷികം മേയ് 26 ന് ആണെന്നിരിക്കേ, ദേശീയ കൗൺസിലിന്റെ നിർദ്ദേശപ്രകാരം കോൺഫ്രൻസുതലം മുതൽ എ.സി വരെയുള്ള വാർഷികം അതിനു മുമ്പേ നടത്തേണ്ടതാണ്. അതിനുള്ള ക്രമീകരണങ്ങൾ അതാതു തലങ്ങളിൽ നടത്തിക്കാണുമെന്നു പ്രതീക്ഷിക്കുന്നു.

## ഇനിയും നമ്മുടെ പ്രസിഡന്റ് ജനറലിന്റെ കത്തിലെ അവസാന ഭാഗം.

വിശുദ്ധിയിൽ വളരുക എന്നതു കോൺഫ്രൻസു പ്രവർത്തകരുടെ മുഖമുദ്രയാണ്. കൂദാശകൾ സ്വീകരിച്ചും, ദേവാലയത്തിൽ നമ്മുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയും പ്രാർത്ഥനയിൽ മുഴുകിയുള്ള ജീവിതമായിരിക്കണം നമ്മുടേത്. വിശുദ്ധിയിൽ വളരുമ്പോഴുള്ള പ്രതിസന്ധിക്കു കാരണമാകുന്ന സ്വാർത്ഥന, വിനയമില്ലായ്മ, പാപത്തിലുള്ള ജീവിതം, ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള വിരസത എന്നിവയെല്ലാം നാം തരണം ചെയ്യണം. അതുപോലെ സ്വന്തമായ വിഷമതകൾ, കുടുംബപ്രശ്നങ്ങൾ, മാനസികവിഭ്രാന്തി എന്നിവയ്ക്കു അടിമപ്പെടുവാനിടയാകരുത്. ഓരോ കുടുംബങ്ങളേയും വേർതിരിച്ചു പരിശോധിക്കുമ്പോൾ അവിടെ കാണുന്ന സാഹോദര്യ സ്നേഹമില്ലായ്മ, സ്വന്തം കുട്ടികളെ നയിക്കുമ്പോഴുണ്ടാകുന്ന വിഷമതകൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടിരിക്കുന്നവരുടെ ജീവിതസാഹചര്യങ്ങൾ, മോശമായ കൂട്ടുകെട്ട്, ചെറുപ്പക്കാരുടെ ഇടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയിലെല്ലാം നമ്മുടെ ശ്രദ്ധ അനിവാര്യമാണ്.

നാം ഒറ്റയ്ക്കല്ല, പിന്നെയോ നമ്മെ നയിക്കുവാൻ നമ്മുടെ സ്ഥാപക നേതാക്കളും, റോസലിൻ റിന്റേയും, എല്ലാവരുടെയും പ്രാർത്ഥനകളും ഇവയുടെ എല്ലാം കൂടെ ദൈവത്തിന്റെ പരിരക്ഷയും എപ്പോഴും നമ്മുടെ കൂടെയുണ്ട്. ആർക്കൊക്കെ വിഷമതകൾ ഉണ്ടാകുന്നുണ്ടോ, അവർക്കൊക്കെ പ്രത്യാശയുടെയും വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവും നിങ്ങൾക്കു ഞാൻ നല്കുകയാണ്.

പ്രാർത്ഥനയുടെ അരൂപിയിൽ നിന്നുകൊണ്ട് നമുക്ക് എത്തിപ്പെടാൻ സാധിക്കാത്ത മേഖലകളിലും വിൻസെൻഷ്യൻ സഹോദരങ്ങളായ നാം എത്തിച്ചേരുകയും അവർക്കുവേണ്ട പരിശീലനങ്ങൾ നല്കുകയും ചെയ്യണം. യുനെസ്കോയുടെ കണക്കനുസരിച്ച് ഇന്ന് ലോകത്തിൽ 1.5 ബില്ല്യൻ ആളുകളാണ് ദാരിദ്ര്യത്തിൽ കഴിയുന്നത്. ശരിയായ ദിശയിലുള്ള വിദ്യാഭ്യാസത്തിലൂടെ അതിന് കുറവു വരുത്തുവാൻ സാധിക്കുമെന്നാണ് യുനെസ്കോയുടെ കണ്ടെത്തൽ എന്നാണു നാം മനസിലാക്കുന്നത്. അത് ഉൾക്കൊണ്ടുകൊണ്ട് തോളോടുതോളു ചേർന്ന് നമുക്കും മുമ്പോട്ടു നീങ്ങാം. എന്നാൽ അവിടെ അറിവിനും (knowledge) പ്രശ്നപരിഹാരത്തിനുമിടയിൽ ഒരു വലിയ വിടവുണ്ടെന്നതു മറക്കാനാവില്ല. കാരണം പ്രകൃതി ക്ഷോഭത്താലും, യുദ്ധത്തിലൂടെയും ഭക്ഷ്യദൗർല്ലഭ്യം മൂലമുണ്ടാകുന്ന ദാരിദ്ര്യവും എല്ലാം ശരിയായ ദിശയിലൂടെയും മാർഗ്ഗനിർദ്ദേശത്തിലൂ

ടെയും നമുക്കു മറികടക്കാനാകണം. 1848-ൽ ഫ്രഡറിക് ഓസാനാം എഴുതിയ ഒരു ആർട്ടിക്കിൾ 'ദ് കോസ് ഓഫ് പോവർട്ടി' പഠനവിഷയമാക്കേണ്ടതാണ്.

നമ്മുടെ സ്ഥാപകനേതാക്കളിൽ ഒരാളായ പോൾ ലാമാക്ക് (1810-1892) നെക്കുറിച്ച് കൂടുതലായി തന്റെ കത്തിൽ വിവരിക്കുന്നുണ്ട്. 2019 ലാമാക്കിന്റെ വർഷമായി ആഘോഷിക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. സുപ്പീരിയർ കൗൺസിലുകൾ ലാമാക്കിനെക്കുറിച്ച് കൂടുതൽ ആർട്ടിക്കുകൾ എഴുതി വിൻ സെൻഷ്യൻ സഹോദരങ്ങളെ ബോധവല്ക്കരിക്കണമെന്നും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. 2019 ഡിസംബർ 8 അന്തർദേശീയ ലാമാക്ക് ദിനമായി ആചരിക്കണമെന്നും കത്തിലൂടെ ആഹ്വാനം ചെയ്തിട്ടുണ്ട്.

ഉപസംഹാരത്തിലൂടെ അദ്ദേഹം നമ്മെത്തന്നെ നവീകരിക്കുന്നതിനെക്കുറിച്ചും പുനർചിന്തനത്തിനും ഓരോ പ്രവർത്തനങ്ങളും ഹൃദയത്തിൽ ഉൾക്കൊണ്ടുകൊണ്ടും വേണമെന്നും നിർദ്ദേശിച്ചു. ഓരോ പ്രവർത്തനങ്ങൾക്കും കൃത്യത ഉറപ്പുവരുത്തേണ്ടതാണെന്ന കാര്യത്തിൽ വിട്ടുവീഴ്ച വരുത്തരുതെന്നും നിർദ്ദേശത്തിലുണ്ട്. ആധുനീക ലോകത്തിലെ വെല്ലുവിളികളെ നേരിട്ടുകൊണ്ടുള്ള അതിശയിപ്പിക്കുന്ന നമ്മുടെ പ്രവർത്തനങ്ങളെ ക്രിസ്തുനാഥന്റെയും പരിശുദ്ധ അമ്മയുടെയും വിൻസെന്റിന്റെയും ഓസാനാമിന്റെയും നാമത്തിൽ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ടാണ് തന്റെ കത്ത് ഉപസംഹരിച്ചത്. ഒപ്പം 2019 ൽ അത്ഭുതാവഹങ്ങളായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ സാധിക്കുമെന്ന പ്രത്യാശയോടെയും.

## സി.സി. വാർഷികം

നേരത്തെ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ സി.സി. വാർഷികം 2019 മെയ് 26 ന് പാറേൽ മരിയൻ സെന്റർ പാരിഷ് ഹാളിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9:30 ന് രജിസ്ട്രേഷനിലൂടെ ആരംഭിക്കുന്ന പരിപാടി 12:10 നുള്ള വിശുദ്ധ കുർബാനയോടെ അവസാനിക്കുന്നതാണ്. തുടർന്നുള്ള സ്നേഹവിരുന്നിൽ എല്ലാവരും പങ്കുചേരണമെന്നും അപേക്ഷിക്കുന്നു. 1:30 ഓടു കൂടി പൂർണ്ണമായും അവസാനിക്കുന്ന വാർഷികാഘോഷത്തിൽ നിങ്ങളുടെ ഓരോരുത്തരുടെ സമയത്തിന്റെ ഓരോഹരി സന്തോഷത്തോടെ നല്കണമെന്ന് ആഹ്വാനം ചെയ്യുന്നു. സത്യപ്രതിജ്ഞയുടെ പൂർത്തീകരണം സമയത്തിന്റെ ഓരോഹരി കൂടി പങ്കുവയ്ക്കുന്നതിലൂടെ മാത്രമേ പൂർണ്ണമാകുകയുള്ളുവെന്നും അറിയിക്കുന്നു.

പരമകാരുണ്യവാനായ ദൈവത്തിന്റെ കാരുണ്യം നമ്മിലോരോരുത്തരിലും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

# അതിരൂപത മാനവവിഭവശേഷി വികസന ട്രസ്റ്റ്

CAHRD

## ഒസാപ് വിദഗ്ധരുടേയും കോർഡിനേറ്റർമാരുടെയും സംയുക്ത പരിശീലന പരിപാടി റിപ്പോർട്ട്

ഒസാപ് (OSAP) വിദഗ്ധരുടേയും കോർഡിനേറ്റർമാരുടെയും സംയുക്ത ഏകദിന പരിശീല പരിപാടി ഏപ്രിൽ മാസം 26-ാം തീയതി രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ അതിരൂപതാ കേന്ദ്രത്തിലെ കോൺഫറൻസ് ഹാളിൽ നടന്നു. പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ വികാരി ജനറാൾ പെ. ബഹു. ജോസഫ് മുണ്ടകത്തിലച്ചൻ അദ്ധ്യക്ഷത വഹിക്കുകയും, വികാരി ജനറാൾ പെര. ബഹു. ഫിലിപ്പ്സ് വടക്കേക്കളം പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. OSAP ജനറൽ കോർഡിനേറ്റർ പ്രൊഫ. ജോസഫ് ടിറ്റോ സ്വാഗതം ആശംസിച്ചു. വിവിധ വിഷയങ്ങളിൽ വിദഗ്ധരായ 47 പരിശീലകരും, OSAP പദ്ധതി ആരംഭിക്കുന്ന കേന്ദ്രങ്ങളിൽ നിന്നുള്ള കോർഡിനേറ്റർമാരായി 23 പേരും ഉൾപ്പെടെ 70 പേർ പങ്കെടുത്തു.

OSAP പദ്ധതി, അതിന്റെ ദർശനം എന്നിവയെക്കുറിച്ച് ഡയറക്ടർ ഡോ. പി.സി. അനിയൻകുഞ്ഞ് ക്ലാസ് നയിച്ചു. ബഹു. സിസ്റ്റർ സാങ്റ്റാ സി.എം.സി. അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് മെന്ററിംഗിന്റെ സാരാംശത്തെക്കുറിച്ചുള്ള സെഷൻ ഡോ. ജിജി. ജോസഫ് നയിച്ചു. ഡോ. രാജൻ കെ. അമ്പൂരി അദ്ധ്യക്ഷനായിരുന്നു. ജീവീത നൈപുണ്യങ്ങൾ, മൂല്യങ്ങൾ, സ്പിരിചൽ ഇന്റലിജെൻസ് എന്നിവയെക്കുറിച്ച് ശ്രീ. സിജു ആലഞ്ചേരി ക്ലാസ് എടുത്തു. ഡോ. റെജിമോൾ സി. ചെറിയാൻ സെഷൻ നിയന്ത്രിച്ചു.

തുടർന്ന് നടന്ന ഗ്രൂപ്പ് ചർച്ചകൾക്കുള്ള നിർദ്ദേശങ്ങൾ ശ്രീ. എ.പി. തോമസ് നൽകി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് അദ്ധ്യക്ഷനായിരുന്നു. വിഷയ അടിസ്ഥാനത്തിലും ഒസാപിന്റെ വിവിധ ലെവലുകളിൽ ഉദ്ദേശിക്കുന്ന സിലബസിനെക്കുറിച്ചും വിശദമായ രണ്ടു ഗ്രൂപ്പുചർച്ചകൾ നടന്നു.

ഉച്ചകഴിഞ്ഞ് നടന്ന സ്വയം പരിചയപ്പെടുത്തലിനു ശേഷം ഓർമ്മശക്തി വർദ്ധിപ്പിക്കുവാനുള്ള മാർഗങ്ങളെക്കുറിച്ച് ശ്രീ. ടോംസ് ആന്റണി ക്ലാസ് നയിച്ചു. ശ്രീ. ബോബി തോമസ് സെഷൻ നിയന്ത്രിച്ചു. തുടർന്നുനടന്ന ക്ലാസിൽ പത്രവായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ശ്രീ. മാർഷൽ സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. ശ്രീ. കുരുവിള ജേക്കബ് അദ്ധ്യക്ഷനായിരുന്നു. അതേതുടർന്ന് ചർച്ചയുടെ കണ്ടെത്തലുകൾ 9 ഗ്രൂപ്പ് സെക്രട്ടിമാർ അവതരിപ്പിച്ചു. ഡോ. സ്റ്റീഫൻ മാത്യൂസ് മോഡറേറ്ററായി പൊതുചർച്ച നിയന്ത്രിച്ചു.. സമാപസമ്മേളനത്തിൽ ഷംസാബാദ് വികാരി ജനറാൾ പെ. ബഹു. ജെയിംസ് പാലയ്ക്കലച്ചൻ സമാപനസന്ദേശം നൽകി. ശ്രീ. റോബിൻ രാജു കൃതജ്ഞത പ്രകാശിപ്പിച്ചു. ഡോ.പി.സി. അനിയൻകുഞ്ഞ് പരിശീലനപരിപാടി ഉപസംഹരിച്ച് സംസാരിച്ചു. പ്രാർത്ഥനയോടും ദേശീയഗാനത്തോടും കൂടി ഒസാപ് ഏകദിന ശിൽപശാല സമാപിച്ചു.

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**

**ഡോ. പി. സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)

**ഡോ. ജിജി. ജോസഫ്**
**പ്രൊഫ. ജോസഫ് ടിറ്റോ**
**ഡോ. രാജൻ കെ. അമ്പൂരി**
(ജനറൽ കോർഡിനേറ്റേഴ്സ്)

## 1. ബ്രെയിൻ ഡെവലപ്മെന്റ് പ്രോഗ്രാം മെയ് 2,3,4 തീയതികളിൽ

മാനസിക ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനമായ ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിൽ പഠനവൈകല്യമുള്ളവർക്കും, പഠനത്തിൽ പിന്നോക്കം നില്ക്കുന്നവർക്കും വേണ്ടി 3 ദിവസത്തെ ബ്രെയിൻ ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുന്നു. മെയ് 2,3,4 തീയതികളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെ സൗജന്യമായി നടത്തപ്പെടുന്ന പ്രസ്തുത പരിപാടിയിൽ കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ കൗൺസിലിംഗ്, നിയമോപദേശം, മെഡിക്കൽ ചെക്കപ്പ് എന്നിവ സൗജന്യമായി നല്കപ്പെടുന്നതാണ്.

## 2. അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

മാനസിക ഭിന്നശേഷിക്കാർക്കുള്ള അതിരൂപത നേരിട്ടു നടത്തുന്ന ചങ്ങനാശേരിയിലെ സ്ഥാപനങ്ങളായ ആശാഭവനിലും, ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സിലും 2019-20 ലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. നാല്പത്തിരണ്ടു വർഷമായി പ്രവർത്തിക്കുന്ന ആശാഭവനിൽ 4 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രവേശനവും താമസസൗകര്യവും ഉണ്ടായിരിക്കുന്നതാണ്. 18 വയസ്സിന് മുകളിൽ ഉള്ളവർക്ക് ജിമ്മി പടനിലം സെന്ററിൽ തൊഴിൽ പരിശീലനവും തൊഴിലവസരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## 3. Think - Tank Meeting

ചാരിറ്റി വേൾഡും കൺസേൺ ഇന്ത്യ ഫൗണ്ടേഷനും സംയുക്തമായി മുട്ടാർ ഗ്രാമ പഞ്ചായത്തിൽ നടത്തുന്ന 'ആരോഗ്യ ഗ്രാമം' പദ്ധതിയെക്കുറിച്ച് ആശയരൂപീകരണം നടത്തുന്നതിനായി ഏപ്രിൽ 30-ാം തീയതി രാവിലെ 10 മുതൽ 3 വരെ Think -Tank Meeting നടത്തുന്നു. മുട്ടാർ റിവർസൈഡ് ഇന്നിൽ നടത്തപ്പെടുന്ന പ്രസ്തുത പരിപാടിയിൽ ആലപ്പുഴ സബ്കലക്ടർ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ, പോലീസ് മേധാവികൾ, രാഷ്ട്രീയ നേതൃത്വങ്ങൾ ചാരിറ്റി വേൾഡിലെ ടീമംഗങ്ങൾ എന്നിവർ സംബന്ധിക്കുന്നതാണ്.

## 4. പ്രത്യാശ ചങ്ങനാശേരി

ചങ്ങനാശേരി നഗരസഭയിൽ 32-ാം വാർഡിൽ താമസിക്കുന്ന ചെറുകര വീട്ടിൽ സജീവിന്റെ ഭാര്യ 37 വയസ്സുള്ള ഷമ്മി വൃക്കകൾ തകരാറിലായി ചികിത്സയിലായിരുന്നു. ഇതിനാവശ്യമായ ചികിത്സാ ചെലവ് കണ്ടെത്തുവാൻ ഓട്ടോറിക്ഷ ഡ്രൈവറായ സജീവിന്റെ കുടുംബത്തിന് കഴിവില്ലായിരുന്നു. ഏഴാം ക്ലാസ്സിലും അഞ്ചാം ക്ലാസ്സിലും പഠിക്കുന്ന രണ്ടു കുട്ടികൾ ഉൾപ്പെടുന്ന ഈ നിർദ്ധന കുടുംബത്തെ സഹായിക്കുവാൻ ചങ്ങനാശേരി നഗരസഭയിലെ 31,32,33,34,35 എന്നീ 5 വാർഡുകളിലെ നല്ലവരായ ചങ്ങനാശേരി നിവാസികൾ മുന്നോട്ടു വന്നു. 10 ലക്ഷം രൂപയാണ് ലക്ഷ്യം വച്ചതെങ്കിലും ചങ്ങനാശേരി പ്രത്യാശയും ചങ്ങനാശേരിക്കാരും കൈകോർത്തപ്പോൾ 5 മണിക്കൂർ കൊണ്ട് ലഭിച്ചത് 16,34,000 രൂപയാണ്.

## 5. കൺസേൺ ഇന്ത്യ അധികാരികൾ ചാരിറ്റി വേൾഡ് ഓഫീസും പദ്ധതി പ്രദേശവും സന്ദർശിച്ചു.

മുട്ടാർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഒരു വർഷം നീണ്ടുനില്ക്കുന്ന

'ആരോഗ്യഗ്രാമം' പദ്ധതിയുടെ മുന്നൊരുക്കമായി കൺസേൺ ഇന്ത്യ അധികാരികൾ ചാരിറ്റി വേൾഡിന്റെ ഓഫീസും പദ്ധതി പ്രദേശമായ മുട്ടാർ പഞ്ചായത്തും ഏപ്രിൽ 25-ാം തീയതി വ്യാഴാഴ്ച സന്ദർശിച്ചു. സന്ദർശനത്തെ തുടർന്നുള്ള ഗ്രൂപ്പ് ചർച്ചയിൽ പ്രോജക്ട് അവതരണവും പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശവും ലഭിക്കുകയുണ്ടായി.

### 6. പട്ടിണി രഹിത ചങ്ങനാശേരി താലൂക്ക്

ചാരിറ്റി വേൾഡും, തുരുത്തി ആലഞ്ചേരി ഫൗണ്ടേഷനും സംയുക്തമായി നടത്തുന്ന 'പട്ടിണി രഹിത ചങ്ങനാശേരി താലൂക്കിന്റെ' ഭാഗമായി ഏപ്രിൽ മാസം 100 ഭക്ഷണ സാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ


## മാനസിക ഭിന്നശേഷിക്കാർക്കുള്ള
**ചങ്ങനാശേരിയിലെ സ്ഥാപനങ്ങൾ**
(ചങ്ങനാശ്ശേരി അതിരൂപതയും സന്ന്യാസസമൂഹങ്ങളും നടത്തുന്നത്)

### അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**ആശാ ഭവൻ, ഇത്തിത്താനം**

പ്രായപരിധി : 6 മുതൽ 18 വയസ്സ് വരെ
പ്രത്യേകത : ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം
Contact : 0481-2721196, 9745960893

**ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സ് (J.P.C.S.N), ചീരഞ്ചിറ**

പ്രായപരിധി : 18 വയസ്സിന് മുകളിൽ
പ്രത്യേകത : സ്വയം തൊഴിൽ പരിശീലനവും, തൊഴിൽ അവസരങ്ങളും
Contact : 9961622000

**ജീവോദയ സെന്റർ, സ്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ്, കുറുമ്പനാടം**

പ്രായപരിധി : 4 വയസ്സിന് മുകളിൽ
പ്രത്യേകത : സമഗ്രപഠനവും, തൊഴിൽ പരിശീലനവും
Contact : 9562260382

**സേവാനികേതൻ തിരുഹൃദയ നിവാസ് സ്പെഷ്യൽ സ്കൂൾ, പാറേൽ**

പ്രായപരിധി : 4 വയസ്സിന് മുകളിൽ
പ്രത്യേകത : സമഗ്രപഠനവും, തൊഴിൽ പരിശീലനവും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് കമ്പ്യൂട്ടർ ഡേറ്റ എൻട്രി ട്രെയിനിംഗ് നല്കുന്നു.
Contact : 9400231060

*"മാനസാന്തരത്തിലേക്കും വരപ്രസാദത്തിലേക്കും ജ്ഞാനത്തിലേക്കുമുള്ള ഒരു വിളി എന്ന നിലയിലുള്ള നവീന സുവിശേഷവൽക്കരണമാണ് കൂടുതൽ നല്ല ലോകത്തിനും കൂടുതൽ പ്രകാശപൂർണ്ണമായ ഭാവിക്കും വേണ്ടിയുള്ള യഥാർത്ഥമായ ഏക പ്രത്യാശ."*

**ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ**
(ഏഷ്യയിലെ സഭ)

## ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി - ദമ്പതി കൺവൻഷൻ

ഏപ്രിൽ മാസം പതിമൂന്നാം തീയതി പാറേൽ പള്ളിയിൽ ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ രാവിലെ 9:30 മുതൽ വൈകിട്ട് 3:00 മണി വരെ ദമ്പതി കൺവൻഷൻ നടത്തപ്പെട്ടു. ഏകദേശം 70 ദമ്പതികൾ പങ്കെടുത്ത ഈ ശുശ്രൂഷ ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സന്ദേശം നൽകി. റവ. ഫാ. സിറിയക് കോട്ടയിൽ, റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ എന്നീ വൈദികർ ക്ലാസുകൾ നയിച്ചു. ആനുകാലിക പ്രവർത്തനങ്ങളെക്കുറിച്ചും ഇടവക സെല്ലുകൾ രൂപീകരിച്ചുകൊണ്ട് കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു നീങ്ങുന്നതിനെക്കുറിച്ചും ഉള്ള ബോധവൽക്കരണം നടത്തിക്കൊണ്ട് ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ ഓൾ കേരള കോർഡിനേറ്റർ ജെയിംസ് കിഴക്കേമണ്ഡപത്തിൽ സംസാരിച്ചു. റവ. ഫാ. മാത്യു താന്നിയത്ത് വി. കുർബാന അർപ്പിച്ചു. സോണൽ കോർഡിനേറ്റർ ടോമിച്ചൻ പുല്ലൻകാവുങ്കൽ നയിച്ച ദിവ്യകാരുണ്യ ആരാധനയോടെ മൂന്നര മണിക്ക് ശുശ്രൂഷ അവസാനിച്ചു.

## അർദ്ധദിന കൺവെൻഷൻ

മാർച്ച് മുപ്പതാം തീയതി രാവിലെ ഒൻപതു മണി മുതൽ ഉച്ചക്ക് ഒരു മണിവരെ പുളിങ്കുന്ന് ഫൊറോന പള്ളിയിൽ പുതുതായി രൂപവൽക്കരിക്കപ്പെട്ട പുളിങ്കുന്ന് സബ് സോണിന്റെ നേതൃത്വത്തിൽ അർദ്ധദിന കൺവെൻഷൻ നടത്തപ്പെട്ടു. ജപമാലയോടെ ആരംഭിച്ച ശുശ്രൂഷയിൽ, സ്തുതി ആരാധനയ്ക്കുശേഷം ചേർന്ന ചെറിയ മീറ്റിംഗിൽ ഫൊറോന ദൈവാലയത്തോടു ചേർന്ന് പ്രവർത്തിക്കുവാൻ ഒരു പ്രാർത്ഥനാഗ്രൂപ്പിന് രൂപം നൽകുകയും ചെയ്തു.

## സബ് റീജിയൻ ഫോർമേഷൻ പ്രോഗ്രാം

കോട്ടയം ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ മാർച്ച് മാസം 22-23 തീയതികളിൽ സബ് റീജിയൻ ഫോർമേഷൻ പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടു. ബഹു. വൈദീകരുടേയും പ്രഗത്ഭരായ അൽമായ ശുശ്രൂഷകരുടെയും നേതൃത്വത്തിൽ നടത്തപ്പെട്ട ശുശ്രൂഷയിൽ നാല് സോണുകളിൽ നിന്നും ഏകദേശം നൂറോളം ആളുകൾ പങ്കെടുത്തു. ചങ്ങനാശേരി സോണിൽ നിന്നും 12 പേര് പങ്കെടുത്തുകൊണ്ട് സാന്നിദ്ധ്യമറിയിച്ചു.

## 'കരുണാർത്ഥന' നവനാൾ പ്രാർത്ഥന

കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന നാല്പതു ദിനരാത്രങ്ങൾ നീണ്ട മദ്ധ്യസ്ഥപ്രാർത്ഥനയുടെ തുടർച്ചയായി ഏപ്രിൽമാസം എട്ടാം തീയതി മു

തൽ പതിനേഴാം തീയതി വരെ പാറേൽ പള്ളിയിൽ കരുണാർത്ഥന നവനാൾ പ്രാർഥനായജ്ഞം സംഘടിപ്പിക്കപ്പെട്ടു. വൈകിട്ട് നാലര മണിക്ക് വി. കുർബാനയോടെ ആരംഭിച്ചിരുന്ന പ്രാർഥനായജ്ഞം യാമപ്രാർത്ഥനകളോടും ജപമാലകളോടും സ്തുതിപ്പുകളോടും വചനശുശ്രൂഷയോടും ദിവ്യകാരുണ്യ ആരാധനയോടും കൂടി രാവിലെ ആറുമണിവരെ ധന്യമായി നടത്തപ്പെട്ടു. അനേകർ ഈ പ്രാർഥനായജ്ഞത്തിൽ പങ്കുചേർന്ന് സഭയ്ക്കും ഭാരതത്തിനുംവേണ്ടി പ്രാർഥിച്ചു.

## സോണൽ സർവീസ് ടീം മീറ്റിംഗ്

മാർച്ച്-ഏപ്രിൽ മാസത്തെ സോണൽ സർവീസ് ടീം മീറ്റിംഗ് മാർച്ച് മാസം 30 ന് ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ അഞ്ചുമണി വരെ ശ്രീമതി ജോഷിമ എബിയുടെ ഭവനത്തിൽ നടത്തപ്പെട്ടു. യോഗത്തിൽ, 2019 നവംബർമാസം നടക്കാനിരിക്കുന്ന ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷൻ നയിക്കുവാനായി ശാലോം ടീമിനെ നിശ്ചയിച്ച കാര്യം ആനിമേറ്ററച്ചൻ കമ്മിറ്റിയെ അറിയിച്ചു. കൺവൻഷൻ നടത്തുവാനുള്ള വെന്യൂവായി വേരൂർ ഇടവക ദൈവാലയം ആലോചിക്കാമെന്നും, അതിൻപ്രകാരം വികാരിയച്ചനുമായി സംസാരിച്ച് അനുവാദം വാങ്ങാമെന്നും അച്ചൻ പറഞ്ഞു.

ഇടവക വികാരിമാരുടെ പിന്തുണയോടെ ഓരോ ഇടവകകളിലും പ്രാർഥനാ ഗ്രൂപ്പുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ഓരോ ഇടവകകളിൽ നിന്നും ഓരോ കോണ്ടാക്റ്റ് പേർസൻസിനെ കണ്ടെത്തണമെന്ന ആശയം സോണൽ സെക്രട്ടറി മഞ്ജു മാത്തൂർ പങ്കുവെയ്ക്കുകയും അതിൻപ്രകാരം ഓരോ സബ് സോണിന്റെയും ഉത്തരവാദിത്തം വഹിക്കുന്ന കമ്മിറ്റി മെമ്പർമാർ അവരവരുടെ സബ് സോണിൽ നിന്നുമുള്ള ഡേറ്റാ തയ്യാറാക്കി സോണിൽ സമർപ്പിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

# പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**



141

നടപടിഗ്രന്ഥം 15,40 മുതൽ 18,23 വരെയുള്ള വിവരണം പൗലോസ്ശ്ലീഹായുടെ രണ്ടാം പ്രേഷിതയാത്രയെപ്പറ്റിയാണ്. തന്റെ സുവിശേഷപ്രഘോഷണത്തിലൂടെ രൂപംകൊണ്ട വിശ്വാസികളുടെ സമൂഹത്തെ വിശ്വാസത്തിൽ ഉറപ്പിക്കുക എന്നതായിരുന്നു ഈ യാത്രയുടെ പ്രധാനലക്ഷ്യം (15,36.41). ഒന്നാം പ്രേഷിതയാത്ര സഭയാൽ നിയോഗിക്കപ്പെട്ടതായിരുന്നെങ്കിൽ രണ്ടും മൂന്നും യാത്രകൾ പൗലോസ് സ്വയം തീരുമാനിക്കുന്നതായിട്ടാണ് കാണുന്നത്.

ഈ വചനഭാഗം അഞ്ചായി തിരിക്കാം:

1. പൗലോസും ബാർണബാസും തമ്മിൽ അഭിപ്രായവ്യത്യാസം (15,36-41)
2. സഭകൾ വിശ്വാസത്തിൽ ശക്തിപ്പെടുന്നു (16,1-5)
3. ത്രോവാസിലെ ദർശനം (16,6-10)
4. ലീദിയായുടെ മാനസാന്തരം (16,11-15)
5. പൗലോസ് കാരാഗൃഹത്തിൽ (16,16-40)

ഈ വചനഭാഗത്തിന്റെ വെളിച്ചത്തിൽ അജപാലനശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട ചില വശങ്ങൾ നമുക്കു ധ്യാനവിഷയമാക്കാം.

## 1. അജപാലനശുശ്രൂഷയും അഭിപ്രായവ്യത്യാസങ്ങളും

*''മർക്കോസ് എന്നു വിളിക്കപ്പെടുന്ന യോഹന്നാനെക്കൂടി കൊണ്ടുപോകാൻ ബാർണബാസ് ആഗ്രഹിച്ചു. എന്നാൽ, പാംഫീലിയായിൽവച്ച് തങ്ങളിൽനിന്നു പിരിഞ്ഞുപോവുകയും പിന്നീട് ജോലിയിൽ തങ്ങളോടു ചേരാതിരിക്കുകയും ചെയ്ത ഒരുവനെ കൂടെ കൊണ്ടുപോകാതിരിക്കുകയാണ് നല്ലത് എന്നായിരുന്നു പൗലോസിന്റെ പക്ഷം.ശക്തമായ അഭിപ്രായഭിന്നതമൂലം അവർ പിരിഞ്ഞു. ബാർണബാസ് മർക്കോസിനെയുംകൂട്ടി സൈപ്രസിലേക്കു കപ്പൽ കയറി'' (15,37-39).*

ഒന്നാം പ്രേഷിതയാത്രയിൽ ഒന്നിച്ചു പ്രവർത്തിച്ച പൗലോസും ബാർണബാസും തമ്മിൽ, അഭിപ്രായഭിന്നതയുടെ പേരിൽ, പിരിയുവാനിടയായ സംഭവമാണ് ഇവിടെ വിവരിക്കുന്നത്. മർക്കോസിനെച്ചൊല്ലിയാണ് ഇതുണ്ടായത്. സൈപ്രസിൽ ശ്ലീഹന്മാരോടുകൂടി സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെട്ടിരുന്ന മർക്കോസ് (13,5) പാംഫീലിയായിൽവച്ച് അവരെ വിട്ടുപോയിരുന്നു (13,13). മർക്കോസിൽ കണ്ട ഈ ന്യൂനതയാണ് അയാളെ കൂടെകൊണ്ടുപോകുവാൻ പൗലോസിനു തടസ്സമായത്. എന്നാൽ മർക്കോസിന്റെ ഈ ന്യൂനത ബാർണബാ

സിന് അയാളെ കൂടെകൊണ്ടുപോകുവാൻ തടസ്സമായി തോന്നിയില്ല. ഒരുപക്ഷേ, മർക്കോസ് ബാർണബാസിന്റെ സ്വന്തം സഹോദരീപുത്രനായതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചത്. ശക്തമായ അഭിപ്രായഭിന്നതമൂലം പൗലോസും ബാർണബാസും തമ്മിൽ പിരിഞ്ഞു. ബാർണബാസ് മർക്കോസിനൊപ്പവും പൗലോസ് സീലാസിനൊപ്പവും പ്രേഷിതപ്രവർത്തനത്തിലേർപ്പെടുകയും ചെയ്തു. എന്നിരുന്നാലും അവർ പിന്നീട് രമ്യപ്പെട്ടുവെന്ന് 1 കൊറി 9,6, കൊളോ 4,10 തുടങ്ങിയ ഭാഗങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

അജപാലനശുശ്രൂഷാരംഗങ്ങളിൽ ഇപ്രകാരമുള്ള അഭിപ്രായവ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടാകാൻ സാധ്യതയുണ്ട്. സഭയുടെ ചരിത്രത്തിലുടനീളം അപ്രകാരം സംഭവിക്കുന്നതായി നമുക്കറിയുകയും ചെയ്യാം. ചില സാഹചര്യങ്ങളിൽ അപ്രകാരമുള്ള അഭിപ്രായഭിന്നതകളും നിലപാടുകളുടെ വ്യത്യാസങ്ങളും നന്മയ്ക്ക് ആവശ്യമായി വരും; അങ്ങനെ വന്നിട്ടുമുണ്ട്. എന്നാൽ അവ സഭയിലുണ്ടായിരിക്കേണ്ട സ്നേഹത്തിനും കൂട്ടായ്മയ്ക്കും കുറവുവരുത്തുവാൻ ഇടയാക്കരുത്. അനുരഞ്ജനം സഭാജീവിതത്തിന്റെയും സഭാശുശ്രൂഷയുടെയും അവശ്യസ്വഭാവമാണ്. സഭാശുശ്രൂഷയെ അനുരഞ്ജനശുശ്രൂഷയായി പൗലോസ്ശ്ലീഹാതന്നെ അവതരിപ്പിക്കുന്നുണ്ട് (2 കൊറി 5,11-21). അതുകൊണ്ട് അവയെ പരിഹരിച്ച് ക്രിസ്തീയസൗഹൃദവും ഐക്യവും പുലർത്താൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം. ചില സാഹചര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ നന്മയ്ക്ക് ആവശ്യമായി വരുന്നതുകൊണ്ട് അത് വിവേചിച്ചറിയുവാനും, ആ രീതിയിൽ അവയെ സർഗാത്മകമായി കൈകാര്യം ചെയ്യുവാനും പുരോഹിതൻ ശ്രദ്ധിക്കുകയും വേണം.

## 2. അജപാലനശുശ്രൂഷയും തുടർവിശ്വാസപരിശീലനവും

*''ജറുസലേമിൽവച്ച് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും എടുത്ത തീരുമാനങ്ങൾ അനുസരിക്കണമെന്ന് അവർ നഗരങ്ങളിലൂടെ ചുറ്റി സഞ്ചരിക്കവേ അവിടെയുള്ളവരെ അറിയിച്ചു. തന്മൂലം സഭകൾ വിശ്വാസത്തിൽ ശക്തിപ്പെടുകയും അവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയും ചെയ്തു.'' (16,4-5).*

പൗലോസ് ലിസ്ത്രായിൽ വച്ച് തിമോത്തിയോസിനെ കണ്ടുമുട്ടുന്നു. പൗലോസിന്റെ ഒന്നാമത്തെ പ്രേഷിതയാത്രയിൽ സുവിശേഷം സ്വീകരിച്ച 'എവുനിക്കെ' എന്ന യഹൂദ സ്ത്രീയായിരുന്നു തിമോത്തിയുടെ മാതാവ്. തിമോത്തിയുടെ അമ്മയും വലിയമ്മയും നല്ല വിശ്വാസമുള്ളവരായിരുന്നുവെന്നും, അവർക്കുണ്ടായിരുന്ന വിശ്വാസം തിമോത്തിക്കുമുണ്ടെന്നും പൗലോസ്ശ്ലീഹാ വ്യക്തമായി പറയുന്നുണ്ട് (2 തിമോ 1.5). അയാളെപ്പറ്റി സഭാംഗങ്ങൾക്കെല്ലാം നല്ല മതിപ്പുമുണ്ടായിരുന്നു (16,2). അതുകൊണ്ട് അയാളെ തന്റെകൂടെ കൊണ്ടുപോകാൻ പൗലോസ് തീരുമാനിക്കുന്നു (16,3). എന്നാൽ തിമോത്തിയുടെ പിതാവ് ഗ്രീക്കുകാരനായിരുന്നതിനാൽ പൗലോസ് അയാൾക്കു പരിച്ഛേദനകർമ്മം നടത്തി (16,3). പൗലോസ് പരിച്ഛേദനവാദികൾക്കെതിരായി നിലപാടു സ്വീകരിച്ചയാളും, ആ നിലപാടിനെ ജറുസലേം സൂനഹദോസിനെക്കൊണ്ട് അംഗീകരിപ്പിച്ചയാളുമാണ്. എങ്കിലും ഇപ്രകാരം തിമോത്തിക്കു പരിച്ഛേദനകർമ്മം നടത്തിയത് സുവിശേഷപ്രഘോഷണത്തിന്റെ ഫലദായകത്വത്തിന് അത് ആവശ്യമായി വന്നതുകൊണ്ടാണ്. അജപാലനശുശ്രൂഷയിൽ ഇപ്രകാരമുള്ള വിട്ടുവീഴ്ചകൾ ചെയ്യണമെന്നും ഇതു സൂചിപ്പിക്കുന്നുണ്ട്.

ജറുസലേം കൗൺസിലിന്റെ തീരുമാനങ്ങൾ അനുസരിക്കണമെന്ന് സഭാംഗങ്ങളെ അറിയിക്കുകയായിരുന്നു ഇപ്രാവശ്യത്തെ പ്രേഷിതപ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷ്യമെന്ന് എടുത്തുപറയുന്നു (16,4). അതിന്റെ ഫലമായി സഭകൾ വിശ്വാസത്തിൽ ശക്തിപ്പെടുകയും അവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തുവെന്നും (16,5) പ്രത്യേകം പറയുന്നുണ്ട്. സഭാംഗങ്ങൾ വിശ്വാസത്തിൽ ശക്തിപ്പെടുമ്പോൾ സഭയുടെ സാക്ഷ്യം ഫലപ്രദമായിത്തീരുകയും പുറത്തുള്ളവർ സഭയിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. സഭകളെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയായിരുന്നു പൗലോസിന്റെ രണ്ടാം പ്രേഷിതയാത്രയുടെ പ്രധാനലക്ഷ്യമെന്ന് ആരംഭത്തിൽ പറയുന്നുണ്ട്: ''അവൻ സഭകളെ ശക്തിപ്പെടുത്തിക്കൊണ്ട് സിറിയായിലൂടെയും കിലിക്യായിലൂടെയും സഞ്ചരിച്ചു (15,41). അജപാലനശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം സഭയുടെ വിശ്വാസത്തിൽ അജഗണങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ്. വിശ്വാസപരിശീലനം പലപ്പോഴും കുട്ടികൾക്കു ചെറുപ്പത്തിൽ നല്കുന്ന മതബോധനക്ലാസ്സുകൾക്കൊണ്ട് അവസാനിക്കുന്നു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിതപ്രശ്നങ്ങളെ നേരിടേണ്ടി വരുമ്പോഴേയ്ക്കും വിശ്വാസപ്രബോധനവും പരിശീലനവും ഇല്ലാതാകുന്നു. തന്മൂലം സഭാംഗങ്ങൾ വിശ്വാസത്തിനനുസൃതമായി ജീവിക്കുന്നതിൽ പരാജയപ്പെടുന്നു. അതുകൊണ്ട് വിശ്വാസത്തിലുള്ള തുടർപരിശീലനം അജപാലനശുശ്രൂഷയുടെ ഗൗരവമായ കടമയായി കാണേണ്ടതാണ്.

## 3. അജപാലനശുശ്രൂഷയും അരൂപിയുടെ വിവേചനവും

*''ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്ന് പരിശുദ്ധാത്മാവ് അവരെ പിന്തിരിപ്പിച്ചതുകൊണ്ട് അവർ ഫ്രീജിയാ, ഗലാത്തിയാ എന്നിവിടങ്ങളിലൂടെ യാത്ര ചെയ്തു. മീസിയായ്ക്ക് അടുത്തുവന്നപ്പോൾ ബിഥീനിയായിലേക്കു പോകാൻ അവർ ആഗ്രഹിച്ചു. എങ്കിലും ഈശോയുടെ ആത്മാവ് അതിനനുവദിച്ചില്ല. തന്മൂലം, മീസിയാ പിന്നിട്ട് അവർ ത്രോവാസിലേക്കു പോയി'' (16,6-8).*

ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്ന് പരിശുദ്ധാത്മാവ് അവരെ പിന്തിരിപ്പിച്ചതുകൊണ്ട്, യൂറോപ്പിന്റെ ദിശയിലേക്ക് അവർ യാത്ര ചെയ്യുകയും അവസാനം റോമായുടെ അധികാരത്തിലുള്ള ഫിലിപ്പിയിൽ എത്തിച്ചേരുകയും ചെയ്യുന്നു (16,6-12). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണ് പൗലോസും സുഹൃത്തുക്കളും അവരുടെ സുവിശേഷപ്രഘോഷണയാത്ര ക്രമീകരിച്ചിരുന്നത്. പല വിധത്തിലാണ് ഈ നയിക്കൽ പ്രകടമായിരുന്നത്. ഒരിക്കൽ പരിശുദ്ധാത്മാവ് ആജ്ഞ നല്കിയതായും (16,6), മറ്റൊരിക്കൽ 'ഈശോയുടെ ആത്മാവ്' നിരോധിച്ചതായും (16,7) പറയുന്നു. രണ്ടും കൊണ്ട് ഉദ്ദേശിക്കുന്ന ആശയം ഒന്നുതന്നെയാണ്. രണ്ടവസരങ്ങളിലും അവരുദ്ദേശിച്ചതുപോലെ ചെയ്യരുതെന്നുള്ള നിർദ്ദേശം അവർക്ക് ആന്തരികമായി ലഭിച്ചുവെന്നുവേണം കരുതുവാൻ. ത്രോവാസിൽവച്ച്, സമുദ്രം കടന്ന് മക്കദോനിയായിലേക്കു പോകുവാൻ വ്യക്തമായ ദർശനംതന്നെയുണ്ടായി. ചരിത്രത്തിൽ ക്രിസ്തീയ യൂറോപ്പ് രൂപംകൊണ്ടതും, യൂറോപ്യൻസഭ ലോകമെങ്ങും പ്രേഷിതപ്രവർത്തനം നടത്തി സഭയ്ക്ക് സാർവത്രികമായ വളർച്ചയുണ്ടായതും, സഭയുടെ വളർച്ചയിലുള്ള ദൈവത്തിന്റെ പ്രത്യേകമായ പരിപാലനയെ വ്യക്തമാക്കുന്നതാണ്.

സഭ ദൈവത്തിന്റേതാണ്. ഈശോ പത്രോസിനോടു പറഞ്ഞ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: ''നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ

സ്ഥാപിക്കും'' (മത്താ 16,18). സഭ ദൈവത്തിന്റേതാകയാൽ സഭാസമൂഹം എവിടെ, എങ്ങനെയൊക്കെ കെട്ടിപ്പടുക്കണമെന്നു തീരുമാനിക്കുന്നതു ദൈവമാണ്. അതുകൊണ്ട് സഭാശുശ്രൂഷ നിർവഹിക്കുന്നവർ, ദൈവവുമായുള്ള ശരിയായ ബന്ധത്തിൽ ജീവിച്ച്, ദൈവഹിതം തിരിച്ചറിഞ്ഞ്, ശുശ്രൂഷ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. അപ്രകാരം ശുശ്രൂഷ ചെയ്യണമെങ്കിൽ അവർ പ്രാർത്ഥനയുടെ മനുഷ്യരായിരിക്കണം. ദൈവാരൂപിയോടുള്ള തുറവിയാണ് പ്രാർത്ഥന: ''നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു'' (റോമാ 8,26). അതുകൊണ്ട് അജപാലകർ പ്രാർത്ഥനാജീവിതത്തിലൂടെ നിരന്തരം ദൈവഹിതം വിവേചിച്ചറിഞ്ഞ്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ പരിശ്രമിക്കണം.

## 4. അജപാലനശുശ്രൂഷയും സ്ത്രീജനങ്ങളും

*''നഗരകവാടത്തിനുപുറത്ത് നദീതീരത്ത് ഒരു പ്രാർത്ഥനാകേന്ദ്രമുണ്ടെന്നു തോന്നിയതിനാൽ അവിടേക്കു ഞങ്ങൾ പോയി. ആ സ്ഥലത്തുവന്ന സ്ത്രീകളോടു ഞങ്ങൾ അവിടെയിരുന്നു സംസാരിച്ചു. ഞങ്ങളുടെ വാക്കുകൾ കേട്ടവരുടെ കൂട്ടത്തിൽ തിയത്തീറാ പട്ടണത്തിൽനിന്നു വന്ന പട്ടുവില്പനക്കാരിയും ദൈവഭക്തയുമായ ലീദിയാ എന്ന സ്ത്രീയുമുണ്ടായിരുന്നു. പൗലോസ് പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കാൻ കർത്താവ് അവളുടെ ഹൃദയം തുറന്നു'' (16,13-14).*

പൗലോസ് തന്റെ പ്രേഷിതയാത്രയിൽ കൂടുതൽ നാളുകൾ താമസിച്ച് സുവിശേഷപ്രഘോഷണം നിർവഹിച്ച പട്ടണമാണ് ഫിലിപ്പി. പുതിയ പട്ടണങ്ങൾ സന്ദർശിക്കുമ്പോൾ പൗലോസ് സാബത്തു ദിവസങ്ങളിൽ അവിടെയുള്ള യഹൂദസിനഗോഗുകളിൽ പോയി ആരാധനയിൽ സംബന്ധിച്ച് സുവിശേഷം പ്രസംഗിച്ചിരുന്നു. എന്നാൽ ഫിലിപ്പിയിൽ യഹൂദസമൂഹമോ സിനഗോഗുകളോ ഉണ്ടായിരുന്നില്ല. പട്ടണത്തിനു പുറത്ത് നദീതീരത്ത് സ്ത്രീകൾ പതിവായി പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടിയിരുന്ന ഒരു സ്ഥലമുണ്ടായിരുന്നു. അത് പൗലോസും സഹപ്രവർത്തകരും തേടി കണ്ടു പിടിക്കുകയായിരുന്നു. അവിടെ കൂടിയിരുന്ന വനിതകളിലൊരാളായിരുന്നു തിയത്തീറാ പട്ടണത്തിൽനിന്നു വന്ന പട്ടുവില്പനക്കാരിയും ദൈവഭക്തയുമായ ലീദിയാ (16,14). പൗലോസിന്റെ പ്രസംഗം കേട്ട ലീദിയാ സുവിശേഷത്തിൽ വിശ്വസിക്കുകയും കുടുംബസമേതം മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു (16,14-15). അവളും അവളോടു സഹകരിച്ചുവന്ന എല്ലാവരും ക്രിസ്തീയവിശ്വാസം അവലംബിക്കുകയും, അവളുടെ ഭവനം സുവിശേഷപ്രവർത്തകരുടെ പാർപ്പിടമായി വിട്ടുകൊടുക്കുകയും ചെയ്തു.

ഫിലിപ്പിയിലെ ആദ്യവിശ്വാസിയായിരുന്നു ലീദിയാ. യൂറോപ്പിലെ ആദ്യത്തെ ക്രിസ്തീയവിശ്വാസി എന്ന് അവളെ വിശേഷിപ്പിക്കാം. സഭയെ സംബന്ധിച്ചിടത്തോളം യൂറോപ്പിന്റെ ക്രൈസ്തവവൽക്കരണം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നത് എല്ലാവർക്കും വ്യക്തമാണ്. യൂറോപ്യൻ സഭയുടെ വളർച്ചയ്ക്കു തുടക്കം കുറിച്ചത് ഒരു സ്ത്രീയും അവളുടെ കുടുംബവുമായിരുന്നു എന്നത് സ്ത്രീകൾക്കു സഭാജീവിതത്തിലുള്ള സ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതാണ്. സ്ത്രീജനങ്ങൾ സഭയുടെ അമൂല്യസമ്പത്താണ്. പ്രത്യേകിച്ച് വിശ്വാസം ജീവി

ക്കുന്നതിനും കൈമാറുന്നതിനും സംരക്ഷിക്കുന്നതിനും പുരുഷന്മാരേക്കാൾ കഴിവും സാദ്ധ്യതകളും സ്ത്രീകൾക്കാണ്. ഈശോയ്ക്കു തന്റെ ജീവിതകാലത്ത് സ്ത്രീശിഷ്യരുണ്ടായിരുന്നു. അവരാണ് ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും മൃതസംസ്കാരത്തിലും, അകലെ നിന്നാണെങ്കിലും, സജീവമായി സംബന്ധിച്ചത് (ലൂക്കാ 23,49). അജപാലനശുശ്രൂഷയിൽ സ്ത്രീജനങ്ങളുടെ ഈ പ്രത്യേകത അംഗീകരിക്കുകയും സഭയുടെ വളർച്ചയ്ക്കുതകുംവിധം അവരുടെ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യണം.

## 5. അജപാലനശുശ്രൂഷയും കഷ്ടപ്പാടുകളും

*''അവർ അവരെ വളരെയധികം പ്രഹരിച്ചതിനുശേഷം കാരാഗൃഹത്തിലടച്ചു; അവർക്കു ശ്രദ്ധാപൂർവം കാവൽ നില്ക്കാൻ പാറാവുകാരനു നിർദ്ദേശവും കൊടുത്തു. അവൻ കല്പനപ്രകാരം അവരെ കാരാഗൃഹത്തിന്റെ ഉള്ളറയിലാക്കി കാലുകൾക്ക് ആമം വച്ചു. അർദ്ധരാത്രിയോടടുത്ത് പൗലോസും സീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു. തടവുകാർ അതു കേട്ടു കൊണ്ടിരുന്നു. പെട്ടെന്നു വലിയ ഒരു ഭൂകമ്പമുണ്ടായി. കാരാഗൃഹത്തിന്റെ അടിത്തറ കുലുങ്ങി; എല്ലാ വാതിലുകളും തുറക്കപ്പെട്ടു. എല്ലാവരുടെയും ചങ്ങലകൾ അഴിഞ്ഞുവീണു'' (16,23-26).*

പൗലോസും സീലാസും ഫിലിപ്പിയിൽ ഏതാനും കാലം കഴിച്ചുകൂട്ടി. ആ അവസരത്തിൽ അവർ പട്ടണത്തിനു പുറത്തുണ്ടായിരുന്ന പ്രാർത്ഥനാസ്ഥലത്തേക്കു പോകുമ്പോൾ, ഭാവി പ്രവചിക്കുന്ന ആത്മാവു ബാധിച്ച ഒരു അടിമപ്പെൺകുട്ടി അവരുടെ പുറകെവന്ന് 'ഈ മനുഷ്യർ ദൈവത്തിന്റെ ദാസരാണെന്നും അവർ രക്ഷയുടെ മാർഗം പ്രഘോഷിക്കുന്നുവെന്നും' വിളിച്ചു പറഞ്ഞ് അവരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു (16,16-18). അപ്പോൾ പൗലോസ് അവളുടെ പിശാചുബാധയൊഴിക്കുകയും അവളെ സുഖപ്പെടുത്തുകയും ചെയ്തു. അവളിൽക്കൂടി തങ്ങൾക്കു ലഭിച്ചുവന്ന ആദായം ഇല്ലാതെ പോയതിൽ അമർഷംകൊണ്ട ജനപ്രമാണിമാർ പൗലോസിനെയും സീലാസിനെയും വലിച്ചിഴച്ച് ന്യായാധിപന്മാരുടെ പക്കൽ കൊണ്ടുചെല്ലുകയും അവർ അവരെ പ്രഹരിച്ചതിനുശേഷം ജയിലിലടയ്ക്കുകയും ചെയ്തു (16,19-24). എന്നാൽ അവർ പാതിരാത്രിയിൽ എഴുന്നേറ്റ് പാട്ടുപാടി ദൈവത്തെ സ്തുതിച്ചു. ആ സമയത്ത് ഒരു ഭൂകമ്പം ഉണ്ടാവുകയും കാരാഗൃഹവാതിലുകൾ സ്വയമേവ തുറക്കപ്പെടുകയും ചെയ്തു. തടവുകാരെല്ലാം ഓടിയൊളിക്കുമെന്ന ഭീതിയിൽ ജയിലധികാരി, തന്റെ കൃത്യവിലോപത്തിനുള്ള കഠിനശിക്ഷ മുന്നിൽകണ്ട് ആത്മഹത്യ ചെയ്യുവാൻ തുടങ്ങിയപ്പോൾ, പൗലോസ് ആ സാഹസകൃത്യത്തിൽനിന്നും അയാളെ രക്ഷിച്ചു. അത് അയാളുടെയും കുടുംബത്തിന്റെയും മാനസാന്തരത്തിനും മാമ്മോദീസായ്ക്കും വഴി തെളിച്ചു.

അജപാലനശുശ്രൂഷ നിർവഹിക്കുമ്പോഴും സുവിശേഷപ്രഘോഷണത്തിലേർപ്പെടുമ്പോഴും പലപ്പോഴും എതിർപ്പുകളെയും പീഡനങ്ങളെയും നേരിടേണ്ടി വരും. അപ്രകാരം സംഭവിക്കുമ്പോഴും നാം ദൈവത്തെ സ്തുതിക്കുന്നവരും പ്രാർത്ഥനയിലൂടെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ശുശ്രൂഷ ചെയ്യുന്നവരുമാകണം. പ്രതികൂല സാഹചര്യങ്ങളുണ്ടാകുമ്പോൾ നമ്മുടെ അജപാലനസ്നേഹത്തിനോ തീക്ഷ്ണതയ്ക്കോ കുറവു വരാതിരിക്കാൻ ശ്രദ്ധിക്കണം. അപ്പോൾ അത്ഭുതങ്ങൾതന്നെ സംഭവിക്കും. എതിരാളികളുടെ മാനസാന്തരത്തിന് അത് പ്രേരകമാവുകയും ചെയ്യും.

പ്രഭാതമായപ്പോൾ പൗലോസിനെയും സീലാസിനെയും രഹസ്യമായി വിടാൻ തുടങ്ങിയപ്പോൾ പൗലോസ് തന്റെ റോമൻ പൗരത്വം വെളിപ്പെടുത്തുകയും, ന്യായാധിപന്മാർ ചെയ്ത തെറ്റിനെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. രാഷ്ട്രവും സഭയും തമ്മിൽ ഏറ്റുമുട്ടലുകൾ ഉണ്ടാകുമ്പോൾ സഭയുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുവാനും അവ സംരക്ഷിക്കുവാനും നാം ശ്രമിക്കണമെന്നും ഇതു സൂചിപ്പിക്കുന്നുണ്ട്.

## ജീവിതസൂചിക

1. സഭാസമൂഹത്തിൽ ഭിന്നതകളുണ്ടാകുമ്പോൾ അവരെ അനുരഞ്ജനത്തിലേക്കു നയിക്കുവാനും, അതോടൊപ്പം അവയെ സർഗാത്മകമായി കൈകാര്യം ചെയ്യുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ദൈവജനത്തിൽ വിശ്വാസസ്ഥിരീകരണമുളവാക്കുവാൻ തക്കവിധം സഭയുടെ വിശ്വാസത്തിൽ തുടർപരിശീലനം നല്കുന്നതിന് ഞാൻ എപ്രകാരമാണ് പരിശ്രമിക്കുന്നത്?
3. പ്രാർത്ഥനാജീവിതത്തിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണോ ഞാൻ അജപാലനശുശ്രൂഷ നിർവഹിക്കുന്നത്?
4. അജപാലനശുശ്രൂഷയിൽ സ്ത്രീജനങ്ങളുടെ പങ്കാളിത്തം ഞാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ?
5. കഷ്ടപ്പാടുകളുടെ മദ്ധ്യേ ദൈവത്തെ സ്തുതിക്കുവാനും സ്നേഹത്തോടെയും തീക്ഷ്ണതയോടെയും ശുശ്രൂഷ ചെയ്യുവാനും എനിക്കു കഴിയുന്നുണ്ടോ?

## Bible Study Forum for Priests

The next session of the Bible Study Forum for Priests of the Archdiocese of Changanacherry will be held at the Spirituality Centre, Manganam, on 14th May 2019. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr Mathew Vellanickal**



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച് 2019**

25 രാവിലെ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ചങ്ങനാശേരി അതിരൂപതയിലെ ഏഴ് ഹെവുപ്പദ്യാക്ക്നമാർക്ക് മ്ശംശാനപ്പട്ടം നൽകി. ഉച്ചയ്ക്ക് പാവങ്ങൾക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്ന ചങ്ങനാശേരി 'അഞ്ചപ്പത്തിൽ' പ്രവാസി അപ്പോസ്തോലേറ്റ് പ്രതിനിധികൾക്കൊപ്പം സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അസംപ്ഷൻ കോളേജിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു. തുടർന്ന് ജീവന്റെ മാഹാത്മ്യം പ്രകടമാക്കിക്കൊണ്ട് പ്രോലൈഫ് പ്രവർത്തകർ മെത്രാപ്പോലീത്തൻ പള്ളിയിലേക്ക് നയിച്ച ജാഥയുടെ അവസാനം സന്ദേശം നൽകി. എസ്.ബി. കോളേജിൽനിന്ന് ഈ വർഷം വിരമിക്കുന്ന അധ്യാപകർക്ക് സ്റ്റാഫ് അംഗങ്ങൾ നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് 'ചാരിറ്റി വേൾഡ്' ന്റെ ട്രസ്റ്റ് മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു.

26 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ 1969-79 ബാച്ചിലെ വൈദികർക്കായ് സംഘടിപ്പിച്ച Ongoing Formation-ൽ സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച ഇന്റർ എപ്പാർക്കിയൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

27 ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിന്റെ ആദ്യ പ്രിൻസിപ്പൽ ആയിരുന്ന ബഹു. പുരക്കൽ അച്ചന്റെ അനുസ്മരണാർത്ഥം നിർമ്മിച്ച പുരക്കൽ ഹാൾ ഉദ്ഘാടനം ചെയ്യുകയും തുടർന്നുള്ള അനുസ്മരണ സമ്മേളനത്തിൽ അധ്യക്ഷതവഹിക്കുകയും ചെയ്തു. വൈകുന്നേരം സെന്റ് തോമസ് ചെത്തിപ്പുഴ ആശുപത്രിയുടെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

28 രാവിലെ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ബഹു. വൈദികരോടൊപ്പം വി. കുർബാന അർപ്പിച്ചു. തുടർന്ന് കോട്ടയ്ക്കപ്പുറം അനുഗ്രഹാ ഭവനിൽ സ്പെഷ്യൽ ഒളിമ്പിക്സിൽ സമ്മാനാർഹരായ കുട്ടികളെ ആദരിക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിലെ സ്റ്റാഫ് മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു.

29 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മാമ്മൂട് ദൈവാലയത്തിൽനിന്നും കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും സംയുക്തമായി ആരംഭിച്ച് പാറേൽ ദൈവാലയത്തിൽ അവസാനിച്ച സ്ലീവാപ്പാതയിൽ വചനസന്ദേശം നൽകി.

30 രാവിലെ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും പ്രാരംഭകൂദാശകൾ നൽകുകയും ചെയ്തു. തുടർന്ന് സന്ദേശനിലയം സംഘടിപ്പിച്ച പെൺകുട്ടികളുടെ ദൈവവിളി സെമിനാറിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് സെന്റ് മേരീസ് എൽ.പി. സ്കൂളിന്റെ കുടമാളൂർ സപ്തതി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.

31 മുട്ടാർ അമലോത്ഭവമാതാ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം കുറിച്ചി സെമിനാരിയിൽ സംഘടിപ്പിച്ച ആൺ കുട്ടികളുടെ ദൈവവിളി സെമിനാറിൽ സന്ദേശം നൽകി.

ഏപ്രിൽ

01 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഏപ്രിൽ 6 വരെയുള്ള ജയ്പൂർ മിഷൻ സന്ദർശനത്തിനായി യാത്ര പുറപ്പെട്ടു.

06 വൈകുന്നേരം ജയ്പൂർ മിഷൻ സന്ദർശനം പൂർത്തിയാക്കി ചങ്ങനാശേ രിയിൽ തിരിച്ചെത്തി.

07 സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് ഏപ്രിൽ 12 വരെ കാഞ്ഞിരപ്പള്ളിയിൽ പീഡാനുഭവവാര ഒരുക്കപ്രാർത്ഥനയ്ക്കായും വിശ്രമത്തിനുമായി സമയം ചിലവഴിച്ചു.

13 പാസ്റ്ററൽ കൗൺസിൽ സമാപനയോഗത്തിൽ അധ്യക്ഷതവഹിച്ചു. തുടർ ന്ന് അതിരൂപതയിലെ കാരുണ്യഭവനങ്ങളുടെ കോർഡിനേറ്റർ ആയിരുന്ന ബഹു. മുണ്ടുനടക്കൽ സോണിയച്ചന് യാത്രാമംഗളങ്ങൾ ആശംസിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ മതാധ്യാപകരുടെ സംഗമത്തിൽ അധ്യ ക്ഷതവഹിച്ചു സംസാരിച്ചു.

14 തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ ഓശാന തിരുക്കർമ്മ ങ്ങൾ പരികർമ്മം ചെയ്തു.

15 രാവിലെ പഴവങ്ങാടി മാർ സ്ലീവാ ദൈവാലയത്തിൽ ആലപ്പുഴ ഫൊറോ നയിലെ കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ സംഗമത്തിൽ അധ്യക്ഷത വഹിച്ചു സന്ദേശം നൽകി. വൈകുന്നേരം നോബർട്ടൈൻ സന്ന്യാസസ ഭാംഗമായ ബഹു. ഒളശ്ശയിൽ മാത്യു അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 ഈ വർഷം തത്വശാസ്ത്രപഠനത്തിനായി മേജർ സെമിനാരിയിലേക്ക് പോകുന്ന വൈദിക വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു. ഉച്ചകഴിഞ്ഞ് പന്തളം മാർസ്ലീവാ പള്ളിയുടെ പുതിയ സിമിത്തേരി വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. തുടർന്ന് തിരുവനന്തപുരം ലൂർദ്പള്ളിയുടെ നവീകരിച്ച മദ്ബഹയുടെ കൂദാശകർമ്മം നിർവഹിച്ചു.

17 മരണമടഞ്ഞ തിരുഹൃദയ സന്യാസസമൂഹാംഗമായ ബഹു. സിസ്റ്റർ എവുപ്രാസ്യയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി.

18 രാവിലെ തൃക്കൊടിത്താനം ഇടവകാംഗമായ വടക്കേൽ മണിമുറി തെക്കേക്കര സൂസമ്മയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി. വൈകുന്നേരം സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പെസഹാവ്യാഴ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

19 വൈകുന്നേരം എടത്വാ സെന്റ് ജോർജ് ദൈവാലയത്തിൽ പീഡാനുഭവ വെള്ളി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

20 രാവിലെ മെത്രാപ്പോലീത്തൻ ഇടവകാംഗമായ പെരുമ്പായിൽ തങ്കമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് CMI സന്യാസസഭാംഗമായ ബഹു. കട്ടപ്പുറം ബർക്കുമാൻസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ചെത്തിപ്പുഴ തിരുഹൃദയ ആശ്രമ ദൈവാലയത്തിൽ നേതൃത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് FCC സന്യാസാംഗമായ ബഹു. സി. ട്രീസായുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ നേതൃത്വം വഹിച്ചു. തുടർന്ന് കൂത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ വലിയ ശനി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം വഹിക്കുകയും 3 ശിശുക്കൾക്ക് പ്രാരംഭകൂദാശകൾ നൽകുകയും ചെയ്തു.

21 ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വെളുപ്പിനെ ഉയിർപ്പുകാല ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

22 രാവിലെ ഇടപ്പള്ളി വിൻസെൻഷ്യൻ ജനറലേറ്റിൽ ദിവംഗതനായ മാർ അബ്രഹാം മറ്റം പിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് മുടിയൂർക്കര ഹോളിഫാമിലി ദൈവാലയത്തിന്റെ നവീകരിച്ച അജപാലന മന്ദിരം ആശീർവദിച്ചു. തുടർന്ന് അതിരമ്പുഴയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ ഉദ്ഘാടനം ചെയ്യുകയും ഇടവകദിനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

23 രാവിലെ അസംപ്ഷൻ കോളേജിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തി തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

24 അതിരൂപതാ വൈദികസമ്മേളനത്തിൽ അധ്യക്ഷതവഹിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികവിദ്യാർത്ഥികളുടെ വർക്ക് ക്യാമ്പ് കാഞ്ഞിരപ്പള്ളിയിലെ മേപ്പാറ ഇടവകയിൽ ഉദ്ഘാടനം ചെയ്തു.

25 രാവിലെ പച്ച, ചെക്കിടിക്കാട് ദൈവാലയത്തിൽ വി. കുർബാനയുടെ ആരാധനാസമൂഹത്തിൽ അംഗങ്ങളായ 7 സന്യാസിനികൾക്ക് സഭാവസ്ത്രം നൽകി. വൈകുന്നേരം പറാൽ സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിയർപ്പിക്കുകയും പുതിയ അജപാലന മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് മാർത്തോമ്മാ വിദ്യാനികേതനിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടക്കുന്ന കുടുംബസംഗമത്തിൽ പങ്കെടുത്തു (ECA).

## മാർ തോമസ് തറയിൽ

**2019 ഏപ്രിൽ**

01-05 കാഞ്ഞിരപ്പള്ളി രൂപതയിലെ അണക്കരയിൽ ധ്യാനത്തിൽ പങ്കെടുത്തു. വേഴപ്രയിൽ ബഹു. മോർളി കൈതപ്പറമ്പിലച്ചന്റെ പരേതയായ മാതാവിന്റെ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

06 പുഴവാത് സെയിന്റ് തോമസ് ദൈവാലയത്തിൽ പ്രാരംഭകൂദാശക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കുറിച്ചിയിൽ SABS ജീവജ്യോതിയിലെ നവീകരിച്ച ദൈവാലയം കൂദാശ ചെയ്യുകയും പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു. വൈകുന്നേരം വിശുദ്ധവാരത്തോടനുബന്ധിച്ച് മെത്രാപ്പോലീത്തൻ പള്ളിയിൽ AKCC സംഘടിപ്പിച്ച പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ച് സന്ദേശം നല്കി.

07 ഇടവക സന്ദർശനത്തോടനുബന്ധിച്ച് കൊട്ടാരക്കര സെയിന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. വേഴപ്ര സെയിന്റ് പോൾസ് ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥിനി വില്ലുവിരുത്തിൽ ടീനാമോളുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം ആയൂരിൽ നടന്ന ലൈറ്റ് ആൻഡ് സൗണ്ട് ഷോയിൽ സംബന്ധിച്ചു.

08 രാവിലെ പാറേൽ സെയിന്റ് മേരീസ് ദൈവാലയത്തിൽ വിശ്വാസോത്സവത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് മല്ലപ്പള്ളി MCBS മരിയഭവൻ ധ്യാനകേന്ദ്രത്തിൽ വായ്പൂർ പഴയപള്ളി സൺഡേസ്കൂൾ ക്യാമ്പിൽ സന്ദേശം നല്കി. അതിരൂപതാകേന്ദ്രത്തിൽ നടന്ന PPF ന്റെ എക്സിക്യൂട്ടീവ് യോഗത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ശേഷം കുറുമ്പനാടം അസംപ്ഷൻ ഇടവക മാന്നല എം.ജെ. മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 കോട്ടയം അതിരൂപതാ കേന്ദ്രത്തിൽ നടന്ന റീജണൽ ബിഷപ്പുമാരുടെ ധ്യാനത്തിൽ സംബന്ധിച്ചു. വൈകുന്നേരം തങ്കിപള്ളിയിൽ വചനസന്ദേശം നല്കി. തുടർന്ന് പഴവങ്ങാടി മാർസ്ലീവാ ഫൊറോനാപള്ളിയിൽ ബൈബിൾ കൺവൻഷൻ മധ്യേ അനുഗ്രഹപ്രഭാഷണം നടത്തി.

10 പോത്തുപാറ PDS-ൽ അഭി. പെരുന്തോട്ടം പിതാവിനെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കിളിരൂർ സെയിന്റ് ഫ്രാൻസിസ് ഡി സാലസ് ദൈവാലയത്തിൽ നവീകരിച്ച മദ്ബഹ ആശീർവദിക്കുകയും പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് ചങ്ങനാശേരി ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സി.എം.സി. സന്യാസസമൂഹത്തിലെ സുപ്പീരിയേഴ്സിന്റെ സംഗമത്തിൽ സന്ദേശം നല്കി.

11 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പരി.കുർബാനയർപ്പിച്ചു. ആലപ്പുഴ IMS ധ്യാനകേന്ദ്രത്തിൽ വോളന്റിയേഴ്സിനായി നടത്തിയ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് പാസ്റ്ററൽ സെന്ററിൽ നടന്ന മിഷൻലീഗ് ഇലക്ഷൻക്യാമ്പിൽ സംബന്ധിച്ച് സംസാ

രിച്ചു. അനധ്യാപകർക്കായി സെയിന്റ് ആൻസ് സ്കൂൾ സമ്മേളനഹാളിൽ നടത്തിയ സംഗമത്തിൽ അധ്യക്ഷതവഹിച്ചു സംസാരിച്ചു. അന്തരിച്ച ശ്രീ. കെ.എം. മാണിയുടെ ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

12 രാവിലെ കുട്ടമംഗലം സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് വേഴപ്രയിൽ മരണമടഞ്ഞ സൺഡേസ്കൂൾ വിദ്യാർത്ഥിനി ടീനാമോളുടെ മാതാപിതാക്കളെ ഭവനത്തിൽ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് നാല്പതാംവെള്ളി ദിനാചരണത്തിന്റെ ഭാഗമായി ചുങ്കപ്പാറയിൽ നടന്ന കരുവള്ളിക്കാട് കുരിശുമലകയറ്റത്തിൽ സംബന്ധിച്ചു.

13 രാവിലെ ചെത്തിപ്പുഴ തിരുഹൃദയദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് പാറേൽപള്ളിയിൽ നടന്ന ദമ്പതിമാരുടെ സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ശേഷം എസ്.ബി. കോളജിലെ MBA ഹാളിൽ സംഘടിപ്പിച്ച അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. തുടർന്ന് Care Homesന്റെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് എസ്.ബി. സ്കൂളിൽ സംഘടിപ്പിച്ച അധ്യാപകപരിശീലനപരിപാടിയിൽ ആശംസയർപ്പിച്ചു.

14 അമ്പൂരി സെയിന്റ് ജോർജ് ഫൊറോനാപള്ളിയിൽ ഓശാനഞായർ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് പള്ളിമേടയിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പൊങ്ങുമ്മൂട് സീറോമലബാർ - മലങ്കര വിശ്വാസികൾ സംയുക്തമായി സംഘടിപ്പിച്ച കുരിശിന്റെ വഴിയിൽ സമാപനസന്ദേശം നല്കി സംസാരിച്ചു.

15-17 തൃശൂരിലെ ചേലക്കര എസ്റ്റേറ്റിൽ വ്യക്തിപരമായ പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിച്ചു.

18 പെസഹാവ്യാഴാഴ്ച രാവിലെ ആറ്റിങ്ങൽ സബ്ജയിൽ സന്ദർശിക്കുകയും ജയിൽനിവാസികൾക്കുവേണ്ടി കാൽകഴുകൽ ശുശ്രൂഷ നടത്തുകയും ചെയ്തു. കൊല്ലം-ആയൂർ ഫൊറോനാ ദൈവാലയത്തിൽ ഉച്ചകഴിഞ്ഞ് പെസഹാ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

19 രാവിലെ പാളയം കത്തീഡ്രൽ ദൈവാലയത്തിൽ നിന്നാരംഭിച്ച ലത്തീൻ-സീറോമലബാർ-മലങ്കര റീത്തുകളുടെ സംയുക്ത കുരിശിന്റെ വഴിയിൽ ആദ്യന്തം സംബന്ധിക്കുകയും പ്രാരംഭപ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് നടന്ന ദുഃഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് തിരുവനന്തപുരം ലൂർദ് ഫൊറോനാപള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

20 ലൂർദ് പള്ളിയിൽ കുറ്റിച്ചൽ ലൂർദ്മാതാ എഞ്ചിനീയറിംഗ് കോളജിലെ ഡിപ്പാർട്ടുമെന്റ് മേധാവികളുമായി സംവദിച്ചു. തുടർന്ന് ഡെവലപ്മെന്റ് ട്രസ്റ്റിന്റെ ആലോചനായോഗത്തിൽ സംബന്ധിക്കുകയും അമ്പൂരി, തിരുവനന്തപുരം, ആയൂർ ഫൊറോനായിലെ വൈദികരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

21 ഉയിർപ്പുതിരുനാളിന്റെ കർമ്മങ്ങൾക്ക് ലൂർദ് ഫൊറോനാപള്ളിയിൽ കാർമ്മികത്വം വഹിക്കുകയും പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു. സായാഹ്നത്തിൽ അതിരൂപതാകേന്ദ്രത്തിൽ നടന്ന ഈസ്റ്റർ ദിനാഘോഷത്തിൽ സംബന്ധിച്ചു.

22 രാവിലെ വടവാതൂർ ജനറലേറ്റിൽ S.H സന്ന്യാസസമൂഹാംഗങ്ങളുടെ ജൂബിലിയാഘോഷത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന് വിശ്രമജീവിതം നയിക്കുന്ന ബഹു. തുരുത്തിമാലിൽ ജോസഫച്ചനെയും ബഹു. അബ്രഹാം മുപ്പറത്തറയച്ചനെയും ഭവനങ്ങളിൽ സന്ദർശിക്കുകയും ഈസ്റ്റർ മംഗളങ്ങൾ നേരുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

23 മെത്രാപ്പോലീത്തൻപള്ളിയിൽ പരേതനായ മണമേൽ ശ്രീ. കുഞ്ഞച്ചന്റെ ഓർമ്മ കുർബാനയിൽ പങ്കെടുത്തു. തുടർന്ന് അസംപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന അതിരൂപതാദിന ആലോചനായോഗത്തിൽ അധ്യക്ഷതവഹിച്ചു.

24 രാവിലെ വടവാതൂർ സെയിന്റ് തോമസ് ദൈവാലയത്തിൽ നടന്ന ആഘോഷമായ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. S.H. സന്ന്യാസസമൂഹാംഗമായ സി. മേഴ്സെല S.H. ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ശേഷം ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഇടവക കാക്കാംതോട് ശ്രീമതി ത്രേസ്യാമ്മ എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന അതിരൂപതാ വൈദിക സമ്മേളനത്തിൽ പങ്കെടുക്കുകയും ആമുഖസന്ദേശം നല്കി സംസാരിച്ചു. ഉച്ചകഴിഞ്ഞ് കൂത്രപ്പള്ളി ആരാധനമഠത്തിൽ SABS സന്ന്യാസസമൂഹാംഗങ്ങളുടെ ജൂബിലിയാഘോഷത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

25 അതിരൂപതയിലെ മേജർ സെമിനാരി വിദ്യാർത്ഥികൾകാഞ്ഞിരപ്പള്ളി രൂപതയിൽ മേപ്പാറയിൽ നടത്തുന്ന വർക്ക് ക്യാമ്പിൽ ബ്രദേഴ്സിനോടൊപ്പം പള്ളി നിർമ്മാണത്തിൽ സഹായിക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. വൈകുന്നേരം അരുവിത്തുറ സെയിന്റ് ജോർജ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.





# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 MAY

| | | |
|---|---|---|
| 1 | **06:30 a.m.** | Solemn Holy Communion @ Punnathura St Thomas |
| | **10:30 a.m.** | Vestition & Final Profession @ LSDP Kunnamthanam |
| | **02:30 p.m.** | May Day Rally |
| | **06:00 p.m.** | Parish Day @ Champakara St. Joseph |
| 2 | **04:00 p.m.** | *Kodiyettu & Qurbana* @ Puthukary St Xavier's |
| 3 | **10:00 a.m.** | Visitors' Time |
| | **05:00 p.m.** | *Kodiyettu & Qurbana* @ MithrakkarySt Xavier's |
| 4 | **07:00 a.m.** | Solemn Holy Communion @ Chennamkary St Joseph's |
| | **02:30 p.m.** | Vestition @ Carmel Mount Retreat Centre Chethipuzha |
| 5 | | Engaged |
| 6 | **10:30 a.m.** | SB College Board Meeting |
| | **02:45 p.m.** | Visitors' Time |
| | **05:00 p.m.** | *Qurbana* @ Manackachira St Joseph |
| 7– 10 | | CBCI Standing Committee |
| 11 | **05:00 p.m.** | *Kodimaram* Blessing @ Aruvikuzhy Lourdes Matha |
| | **07:00 p.m.** | Athirampuzha Bible Convention Inauguration |
| 12 | | Pastoral Visit @ Puzhavathu St Thomas |
| | **06:00 p.m.** | Major Seminarians' Gathering @ Kurichy |
| 13 | **10:00 a.m.** | Academic Year Inauguration @ AmalaTheological College |
| | **02:45 p.m.** | Visitors' Time |
| | **04:00 p.m.** | Assumption College Self-Financing College Block Blessing |
| | **06:00 p.m.** | Interdepartmental Meeting @ Abp House |
| 14 | **07:30 a.m.** | *Qurbana* @ St Geroge Church Edathua |
| | **10:00 a.m.** | Meeting with the Parents of Ettawah brothers |
| | **03:00 p.m.** | First Profession of Sisters of Mercy @ Vilakudy, Punalur |
| 15 | **03:00 p.m.** | Thanksgiving *Qurbana* @ Champackulam St Mary's Basilica |

| | | |
|---|---|---|
| 16 | **11:00 a.m.** | Golden Jubilee of SMS Congregation @ St Thomas Cathedral, Pala |
| | **03:00 p.m.** | Zonal Teachers' Training @ SB H.S.S. Changanacherry |
| | **06:00 p.m.** | Interactive Session @ Major Seminarians' Gathering |
| 17 | **06:30 a.m.** | Vestition and Minor Orders @ KurichySeminary |
| | **11:30 a.m.** | Zonal Teachers' Training @ St Mary's H.S.S. Champackulam |
| 18 | **11:30 a.m.** | Support A Child Programme @ Athmathakendram. |
| | **05:00 p.m.** | *Qurbana* & Parish Day @ Ettumanoor Christ The King |
| 19 | | Pastoral Visit @ Podippara Holy Family |
| 20 | | Archeparchial Day @ Lourdes Matha Engineering College Kuttichal |
| 21-22 | | Meeting @ Mount St Thomas Kakkanad |
| 23 | | Engaged |
| 24 | | Engaged |
| | **06:00 p.m.** | Monthly Recollection for Regents |
| 25 | **10:00 a.m.** | Golden Jubilee of Rev. Fr Zacharais @ Muhamma St George |
| | **11:45 a.m.** | Messagae @ Athmathakendram |
| | **12:00** | Sunday School Teachers' Meet @ Sandesanilayam |
| | **03:00 p.m.** | DCMS Executive Meeting |
| | **05:00 p.m.** | *Qurbana* @ Twelve Apostles' Church Mannanam |
| 26 | | Pastoral Visit @ Vaipur New St Joseph's |
| 27 | | Engaged |
| 28 | **09:00 a.m.** | Meeting with Benjamins @ Kurichy Minor Seminay |
| | **03:00 p.m.** | SJCC Managing Board Meeting |
| 29 | | Engaged |
| 30 | **06:00 a.m.** | Solemn Holy Communion @ Pallikkoottumma Fathima Matha |
| | **03:00 p.m.** | Visitors' Time |
| 31 | | Engaged |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 MAY

| | | |
|---|---|---|
| 01 | 6:30 a.m. | Holy Communion @ Pazhavangady |
| | 8:30 a.m. | Curia |
| | 11:30 a.m. | Marriage @ Cathedral |
| | 12:15 p.m. | Priest Home |
| | 03:00 p.m. | KLM May Day Rally Inaguration |
| | 06:30 p.m. | Parish Day @ Puthanagady, Alappuzha |
| 02 | 10:30 a.m. | S.B. College Management Board Meeting |
| | 02:30 p.m. | Visitors Time |
| | 05:30 p.m. | *Qurbana* @ Thottuvathala |
| 03 | 07:00 a.m. | *Qurbana* @ *Anathapuri* Youth Meet |
| | 10:30 a.m. | Jesus Youth @ Adoor |
| | 11:00 a.m. | Chapel Blessing @ Aryankavu |
| | 04:00 p.m. | *Qurbana* @ Malankara Church, Aryankavu |
| 04 | 07:30 a.m. | Solemn Holy Communion @ Kudamaloor |
| | 10:00 a.m. | Class @ SD Provincial House |
| | 11:30 a.m. | Adoration Monastery @ Chelakombu |
| | 02:00 p.m. | Students Meet @ Devalokam |
| | 04:00 p.m. | Solemn Holy Communion @ Ramapuram |
| 05 | 09:00 a.m. | *Qurbana* @ Cheruvandoor |
| | 02:30 p.m. | Class @ Mudiyoorkara |
| 06 | 06:30 a.m. | Baptism @ Arivikuzhy |
| | 11:00 a.m. | Marriage @ Thellakom |
| | 02:30 p.m. | Visitors' Time |
| | 06:00 p.m. | Care Home Prayer Meeting @ Mercy Home |
| 07 | 06:00 a.m. | *Qurbana* @ Edathua |
| | 10:00 a.m. | Final Profession JM Sister's @ Cathedral |
| | 02:30 a.m. | Class @ Denahalaya |
| 08 | 08:30 a.m. | Class @ Denahalaya |
| 09 | 10:00 a.m. | Class @ Denahalaya |
| | 04:00 p.m. | *Qurbana* @ Puthukary |
| 10 | 08:30 a.m. | Curia |
| | 02:30 a.m. | Class @ Denahalaya |
| | 04:30 p.m. | *Kappela* Foundation Stone Blessing @ Manimala |

| | | |
|---|---|---|
| | 07:00 p.m. | Marthoma Youth Movement @ Adoor |
| | 08:30 p.m. | Catechism H.Ms' Retreat @ Kunnamthanam |
| 11 | 09:00 a.m. | Diocesan Day @ Kanjirappally |
| | 05:00 p.m. | *Qurbana* & Parish Day @ Pazhayeroor |
| 12 | 07:00 a.m. | *Qurbana* @ *Nirmala Bhavan*, TVM |
| | 10:00 a.m. | Couple's Meet @ TVM |
| | 02:30 p.m. | Visitors' Time @ TVM |
| 13 | | Trivandrum |
| | 06:30 p.m. | Inter Departmental Meeting |
| 14 | 09:30 a.m. | New Priests' Gathering @ Archbishops House |
| | 06:00 p.m. | Pulincunnoo Priest Conference |
| 15 | 08:30 a.m. | Curia |
| | 12:00 p.m. | Teachers Zonal Conventin @ Nedumkunnam |
| | 02:00 p.m. | Class @ MST, Pala |
| | 04:30 p.m. | Thanks Giving @ Champakulam |
| 16 | 09:00 a.m. | Class @ Denahalaya |
| | 06:30 p.m. | Interaction with Youth @ Podipara |
| 17 | 06:30 a.m. | Minor Orders @ Minor Seminary |
| | 08:30 a.m. | Curia |
| | 02:30 p.m. | Visitors Time |
| 18 | 10:00 a.m. | Solemn Holy Communion @ Cathedral |
| | 05:00 p.m. | *Ramsa* @ Amboori |
| 19 | 07:00 a.m. | Parish Visit @ Pandalam |
| | 04:30 p.m. | Bethrothal @ Cathedral |
| | 06:30 p.m. | Installation of Bp. Anaparambil @ Alappuzha |
| 20 | | Archdiocesian Day @ LMCST, Kuttichal |
| 21-22 | | On-Going Formation for Priests @ Kunnamthanam |
| 23 | | Engaged |
| 24 | 09:00 a.m. | LMCST @ Kuttichal |
| | 05:00 p.m. | *Karunya Bhavan* Blessing @ Veroor |
| 25 | 10:00 a.m. | Leaders Meet @ *Sandesa Nilayam* |
| | 11:00 a.m. | *Atmatha* - Support a Child @ Pastroal Centre |
| | 11:45 a.m. | Sacraments of Inition @ Cathedral |
| | 02:30 p.m. | *Kudumbakoottayma* Leaders Meet @ Kottayam Forane |
| 26 | 06:30 a.m. | Parish Visit @ Vizhijam |
| 27 | | Engaged |
| 28 | | Batch Gathering (2011-12) @ Archbishops House |
| | 03:00 p.m. | SJCC Board Meeting @ Archbishops House |
| 29 | 08:30 a.m. | Curia |
| | 02:30 p.m. | Visitors' Time |
| 30 | | Engaged |
| 31 | | Engaged |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468